

# ചില്ല്

## ഇ-മാഗസിൻ 2018-19

**G.H.S ANCHACHAVADI, WANDOOR, MALAPPURAM**

# സമർപ്പണം



ഞങ്ങളോടൊപ്പം അറിവുതേടാൻ കഴിയാതെ പോയ കുഞ്ഞു ബാല്യങ്ങൾക്കു മുമ്പിൽ *'ചില്ല്'* ഞങ്ങൾ സമർപ്പിക്കുന്നു.



# പി.ജെ.ഏലിയാമ്മ

(ഹെഡ്മിസ്ട്രസ്)



# ആശംസകൾ........

ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയതിൽ വളരെയധികം സന്തോഷമുണ്ട്. കൂടാതെ ഈ മാഗസിന് വേണ്ടി പ്രയത്നിച്ച അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അഭിനന്ദനവും അറിയിക്കുന്നു. ഡിജിറ്റൽ മേഖലയിൽ മുന്നോട്ടുള്ള പ്രയാണത്തിൽ ഈ മാഗസിൻ ഒരു ചവിട്ടു പടിയാവട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം എല്ലാവിധ ആശംസകളും നേരുന്നു......

പി ജെ ഏലിയാമ്മ
ഹെഡ് മിസ്ട്രസ്
ജി.എച്ച്.എസ് അഞ്ചച്ചവടി

19-01-2019
അഞ്ചച്ചവടി

# സന്ദേശം



കെ.ടി റഷീദ്
പി.ടി.എ പ്രസിഡന്റ്

'ചില്ല്' എന്ന ഇ-മാഗസിന്റെ അരങ്ങിലും
അണിയറയിലും പ്രവർത്തിച്ച എല്ലാവർക്കും
ഞങ്ങളുടെ ഹൃദയം നിറഞ്ഞ
അഭിനന്ദനങ്ങൾ



വി.ഇബ്രാഹീം
പി.ടി.എ വൈസ് പ്രസിഡന്റ്

# സന്ദേശം



കെ.കുഞ്ഞാപ്പ ഹാജി

എസ്. എം. സി .ചെയർമാൻ



പി.കെ ഷുക്കൂർ

എസ്. എം .സി .വൈസ് ചെയർമാൻ

അഞ്ചരവടി ഗവ:ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ആദ്യമായി ഒരു ഇ-മാഗസിൻ നമ്മുടെ സ്കൂളിൽ പുറത്തിറക്കുന്നതിൽ ഞങ്ങൾ വളരെയധികം അഭിമാനിക്കുന്നു. അതോടൊപ്പം ഞങ്ങളുടെ എല്ലാവിധ അഭിനന്ദങ്ങളും നേരുന്നു.........

## സന്ദേശം



ഒ കെ ശിവപ്രസാദ്
എസ്.ആർ.ജി കൺവീനർ

അഞ്ചച്ചവടി ഗവ: ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ 'ചില്ലി'ന് എന്റെ എല്ലാ ഭാവുകങ്ങളും നേരുന്നു. പഠനത്തോടൊപ്പം തന്നെ വിവര സാങ്കേതിക വിദ്യയെ പുതിയ മേഖലകളിൽ ഉപയോഗപ്പെടുത്താൻ കുട്ടികൾക്ക് ഇതു മൂലം സാധിച്ചതിൽ ഞാൻ അഭിമാനിക്കുന്നു.



*ഷൈജി. ടി മാത്യു*

അഞ്ചച്ചവടി സ്കൂളിലെ 'ലിറ്റിൽ' കൈറ്റ്സ് 'ന്റെ നേതൃത്വത്തിൽ ഇ-മാഗസിൻ പുറത്തിറക്കുന്നതിൽ വളരെ അധികം സന്തോഷം. വായനയുടെ പുതു ലോകം ഇനി വിരൽ തുമ്പിൽ ലോകമെങ്ങും ഒരേനിമിഷം തുറക്കാൻ കഴിയും.ഇതിൽ ഞാനും അഭിമാനിക്കുന്നു.

ബി.പി.ഒ വണ്ടൂർ
*ബി.ആർ.സി*

# ആശംസകൾ



അബ്ദുൽ അസീസ്
ഡെപ്യൂട്ടി എച്ച് എം

അഞ്ചച്ചവടി ഗവ : ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പുറത്തിറക്കുന്ന ഇ-മാഗസിൻ സ്കൂളിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. വിവര സാങ്കേതിക വിദ്യ ക്രിയാത്മകമായി വിനിയോഗിക്കാൻ സന്നദ്ധരായ വിദ്യാർത്ഥികളെയും അവരെ പരിശീലിപ്പിച്ച അധ്യാപക സുഹൃത്തുക്കളെയും അഭിനന്ദിക്കുന്നതോടൊപ്പം തുടർ പ്രവർത്തനങ്ങളിൽ എന്റെ എല്ലാ വിജയാശംസകളും നേരുന്നു.



അബ്ദുൽ കരീം.വി
സ്റ്റാഫ് സെക്രട്ടറി

അഞ്ചച്ചവടി ഗവ: ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ്അംഗങ്ങൾ ഒരു ഡിജിറ്റൽ മാഗസിൻ ഇറക്കുന്നതിൽ സന്തോഷമുണ്ട്. കുട്ടികളുടെ ഐ.ടി മേഖലയിൽ ഉണ്ടാവുന്ന വളർച്ചയിൽ അതീവ സംതൃപ്തി രേഖപ്പെടുത്തുകയും ആ രംഗത്ത് ഒരു മാഗസിൻ തയ്യാറാക്കുന്നതിൽ കുട്ടികളെ അഭിനന്ദിക്കുകയും ചെയ്യുന്നു. മാഗസിനും അണിയറ പ്രവർത്തനങ്ങളിൽ നേതൃത്വം നൽകുന്നവർക്കും നിറഞ്ഞ മനസ്സോടെ

ആശംസകൾ.........

# സ്മരണ........



സ്ക്രൂൾ വിക്കി എന്ന ആശയം ലോകത്തിന് പരിചയപ്പെടുത്തി, മലപ്പുറത്തിന്റെ യശസ്സുയർത്തി, അകാലത്തിൽ വേർപിരിഞ്ഞ പ്രിയപ്പെട്ട ***ശബരീഷ്*** മാഷിന് പ്രണാമം.........

# ഇത് ചരിത്ര മുഹൂർത്തം

സ്കൂളുകളിലും കലാലയങ്ങളിലും മാഗസിൻ പ്രസിദ്ധീകരിക്കുന്നത് പതിവു കാര്യമാണല്ലോ. എന്നാൽ സ്കൂളിലെ ഏതാനും കുട്ടികൾ ചേർന്ന് സാഹിത്യ സൃഷ്ടികൾ സ്വയം രചിച്ചതും മറ്റു കുട്ടികളുടെ സൃഷ്ടികൾ സ്വീകരിച്ചതും കമ്പ്യൂട്ടറിൽ ക്രമമായി ടൈപ്പ് ചെയ്ത് മാഗസിന് വേണ്ട മുഴുവൻ ചേരുവകളും ഉറപ്പുവരുത്തി ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയ ചരിത്ര മുഹൂർത്തമാണിത്.

അഞ്ചച്ചവടി ഗവ:ഹൈസ്കൂളിലെ ആദ്യ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ 20 അംഗങ്ങളുടെ ആത്മാർത്ഥമായ പരിശ്രമത്തിന്റെ ഉൽപ്പന്നമാണ് **'ചില്ല്"...** . ഇത് ചരിത്രമാണ്. അഞ്ചച്ചവടി സ്കൂളിലെ ആദ്യ ഇ-മാഗസിൻ !!

സൃഷ്ടികളെല്ലാം ഡി.ടി.പി .സെന്ററിൽ ഏൽപ്പിച്ച് ടൈപ്പ് ചെയ്തവ പ്രിന്റെടുത്ത് പുസ്തക രൂപത്തിലാക്കുന്ന പതിവ് രീതിയിൽ, മാഗസിൻ തയ്യാറാക്കുന്നവർക്ക് താരതമ്യേന പങ്കാളിത്തം കുറവാണ്. എന്നാൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിലൂടെ കുട്ടികളുടെ സാഹിത്യ സർഗശേഷികളുടെ പരിപോഷണം നടക്കുന്നതിനു പുറമെ മാഗസിന്റെ കൃതികൾക്കുള്ള ശീർഷകങ്ങൾ, ഉപശീർഷകങ്ങൾ, അക്ഷരശൈലി,അക്ഷര വലിപ്പം, കൃതികൾക്കനുയോജ്യമായ ചിത്രം, പശ്ചാത്തല ചിത്രം തുടങ്ങി മാഗസിന്റെ കെട്ടും മട്ടും തയ്യാറാക്കുന്നതിനു വേണ്ട വിവര സാങ്കേതിക വിദ്യയെ എങ്ങനെ പ്രയോജനപ്പെടുത്താമെന്നു കൂടി ഈ പ്രവർത്തനത്തിലൂടെ അവർ മനസ്സിലാക്കുന്നു.

വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും ലിറ്റിൽ കൈറ്റ്സിന്റെയും സംയുക്തയോഗത്തിലാണ് ഈ ഉദ്യമത്തിന്റെ തുടക്കം. ലിറ്റിൽ കൈറ്റ്സി ലെ 20 അംഗങ്ങളും ചുരുങ്ങിയത് ഓരോ സൃഷ്ടിയും മറ്റുകുട്ടികളിൽ നിന്നും,അദ്ധ്യാപകരിൽനിന്നും ശേഖരിച്ച സൃഷ്ടികളും ലഭ്യമായ മുറയ്ക്ക് ഐ.ടി ലാ ബിൽ ഒഴിവു സമയത്ത് ടൈപ്പിങ് നടത്തി ഘട്ടം ഘട്ടമായാണ് മാഗസിൻ ജോലികൾ പൂർത്തിയാക്കിയത്. ഈ പ്രവൃത്തിയിലൂടെ മലയാളം ടൈപ്പിങ് എന്ന ശ്രമകരമായ ജോലി അനായാസമായി ചെയ്യാൻ കുട്ടികൾക്കായി. മലയാളം, ഇംഗ്ലീഷ്,

ഹിന്ദി,അറബി എന്നീ ഭാഷകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കഥ, കവിത, ലേഖനം, ചർച്ച, അഭിമുഖം, വ്യക്തി പരിചയം, സ്ഥാപന പരിചയം, യാത്രാ വിവരണം, അനുഭവം എന്നിങ്ങനെ വ്യത്യസ്തത പുലർത്തുന്ന കൃതികൾ ചേർന്നതാണ് ഈ മാഗസിൻ. സൃഷ്ടികളുടെ എണ്ണവും ഗുണമേന്മയും ഉള്ളടക്ക നിലവാരവും പരമാവധി മികവുറ്റതാക്കാൻ ശ്രമം നടത്തിയിട്ടുണ്ടെങ്കിലും സമയപരിമിതി അതിനു തടസ്സമായിട്ടുണ്ട്.

പരമ്പരാഗത രീതിയിൽ നിന്നും മാറി ഒരു സ്കൂളിന്റെ മാഗസിൻ തയ്യാറാക്കി ഡിജിറ്റൽ രൂപത്തിൽ പുറത്തിറക്കുന്ന ചരിത്ര മുഹൂർത്തത്തിൽ പങ്കാളികളായ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ കൂടെ പ്രവർത്തിക്കാൻ കഴിഞ്ഞതിൽ ഏറെ അഭിമാനിക്കുന്നു.

| | |
|---|---|
| സഫിയ ബീവി | മുജീബ്.തെക്കൻ |
| കൈറ്റ് മിസ്ട്രസ് | കൈറ്റ് മാസ്റ്റർ |
| ജി.എച്ച്.എസ് | ജി.എച്ച്.എസ് |
| അഞ്ചച്ചവടി | അഞ്ചച്ചവടി |

# മുഖക്കുറിപ്പ്



ഇർഫാന.എം

അതിശയോക്തിയില്ലാതെ, അവകാശവാദങ്ങളി ല്ലാതെ മനസ്സുതുറന്നു പറയുന്നു.ഹൃദയത്തിനും തൂലികക്കുമപ്പുറം വാക്കുകളുണ്ട്,സർഗ്ഗാത്മകതയുമുണ്ട്....

സ്വപ്നങ്ങളും നഷ്ടങ്ങളും അറിഞ്ഞ് വാക്കുകളിലൂടെ മാനവികതയുടെ സ്വപ്നങ്ങൾ തീർത്ത് മുന്നോട്ട് പോവാനാണ് ശ്രമിക്കുന്നത്.അക്ഷരങ്ങളുടെ മാടിവിളിക്കലും അക്ഷരലോകത്തേക്കുള്ള പുതുവെളിച്ചവുമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

കാലത്തിന്റെ മാറ്റമറിഞ്ഞ് ഞങ്ങളും മാറുന്നു.ഞങ്ങളുടെ ഡിജിറ്റൽ മാഗസിൻ, **"ചില്ല്"** നിറഞ്ഞമനസ്സോടെ സമർപ്പിക്കുന്നു . ചില്ലിനേക്കാൾ മൂർച്ചയുള്ള വാക്കുകളായി, ചിന്തകളായി നമ്മുടെ സ്വപ്നങ്ങൾ മാറട്ടെ . പിഴവുകളുണ്ടാവാം അവിടം മുതൽ തുടങ്ങാൻ ശ്രമിക്കുക.

സ്നേഹപൂർവ്വം ....

ഇർഫാന. എം
സ്റ്റുഡന്റ് എഡിറ്റർ

# സ്കൂൾ ചരിത്രം എന്റെ അറിവിൽ



കെ കുഞ്ഞാപ്പ ഹാജി
എസ്.എം.സി.ചെയർമാൻ

അഞ്ചച്ചവടി ഗവ:ഹൈസ്കൂൾ മുൻപ് പരിയങ്ങാട് ജി.എൽ.പി സ്കൂൾ എന്നാണ് അറിയപ്പെട്ടിരുന്നത്. ഈ സ്കൂളിന്റെ പ്രവർത്തനം നൂറുവർഷത്തോടടുക്കുന്നു. പരിയങ്ങാട് ജി.എൽ.പി. സ്കൂൾ, യു.പി സ്കൂൾ എന്ന നിലയിലേക്ക് ഉയരാൻ നാട്ടുകാരുടേയും പ്രവാസികളുടെയും സഹായം വലിയ തോതിൽ ഉണ്ടായിട്ടുണ്ട്. രണ്ട് ഏക്കർ സ്ഥലവും മൂന്ന ക്ലാസ് മുറികളും ഉണ്ടാക്കിയതിനു ശേഷം വിദ്യാഭ്യാസ മന്ത്രിയുടെ സഹായത്തോടെയാണ് ഈ സ്കൂൾ യു.പി സ്കൂളായി മാറ്റിയത്. പിന്നീട് ഹൈസ്കൂളായി മാറി. ഇപ്പോൾ അഞ്ചച്ചവടി ഗവ:ഹൈസ്കൂൾ വിജയകരമായ നൂറാം വർഷത്തിലേക്ക്.

# സ്റ്റുഡന്റ്സ് എഡിറ്റോറിയൽ ബോർഡ്



# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : ഏലിയാമ്മ പി.ജെ.

സ്റ്റാഫ് എഡ്റ്റർ : സഫീയാ ബീവി. എം.

സ്റ്റുഡന്റ് എഡിറ്റർ : ഇർഫാന. എം

ബോർഡ് അംഗങ്ങൾ

1. രാജേഷ്. ഇ.കെ.
2. ഷീല. എം.
3. ദിപു . പി.
4. അബ്ദുൽ ഗഫൂർ. എൻ. വി.
5. മനോജ്. എം.
6. സുചിത്ര. ഇ.വി.
7. അന്ന രഞ്ജിത്. എ. ജെ.
8. ജിഷാൻ സി.ടി
9. മുഹമ്മദ് അർഷൻ (9B)
10. ഇർഫാന (9A)
11. ഹിസാന (9A)
12. വിശാഖ് (9A)
13. ഷഹ്മ (9C)
14. ഇഹ്സാൻ (9B)
15. മുബഷിർ (9C)

**ഉപദേശക സമിതി :**

1. അബ്ദുൽ അസീസ്. എം.
2. ശിവപ്രസാദ് ഒ. കെ.
3. രവികുമാർ ടി.എസ്.
4. അബ്ദുൽ കരീം. വി.
5. മുജീബ്. ടി.

## ഉൾത്താളുകളിൽ....


മധുമല കുടിവെള്ള പദ്ധതി.........19
നവകേരളം.........22
ദുരിത കേരളം.........23
ഒന്നിച്ച വന്നവർ.........24
അംഗീകാരം.........25
സന്തോഷത്തിന്റെ ആഴങ്ങളിലേക്ക്.........26
എന്താണ് പാലിയേറ്റീവ്.........28
ഉണ്ണിക്കുട്ടന്റെ ലോകം.........30
मछुआरे.........32
അംഗീകാരം.........34
ഒരുമയുടെ മരണം.........35
ത്യാഗം.........36
സങ്കടം.........41
അന്ധഭാവം.........43
വിദ്യാർത്ഥി: വിദ്യാഭ്യാസം,.........44
ന്യൂറുമേനിയുടെ വിളനിലം.........45
മകളേ.........46
നൊസ്റ്റാൾജിയ.........47
പുരാവൃത്തം-മണ്ണുണ്ടായത്.........49
കൊണ്ടറിഞ്ഞമഴ.........50
തെളിയേണം തീരങ്ങൾ.........51
തലമുറയായി പ്രകൃതിയെ സംരക്ഷിക്കാം.........52
ഇന്റർനെറ്റ്.........54
മൂക്കില്ലാ രാജ്യത്തെ മുറിമൂക്കൻ രാജാവ്.........59
അങ്ങാടിക്കുരുവികൾ.........61
വിശപ്പ്.........62
Nature.........63
हिंदी भाषा का महत्व.........64
വിട്ട് പിരിയുമ്പോൾ.........65
പ്രാദേശിക ഭാഷാ നിഘണ്ടു.........66
എൻ സ്വാതന്ത്ര്യം അമ്മ മാത്രം.........69
ചൂണ്ട.........71

പ്രളയം; വെറുമൊരു ഓളം!....72
प्रकृति देवी....73
Waiting For Her Son, With Tears....74
'ശ്രദ്ധ' മികവിലേക്കൊരു ചുവട്....75
പുതുമകളോടെ ജി.എച്ച്.എസ്....76
Interesting facts about English....77
മികവോടെ.......മലയാളത്തിളക്കം....78
നവംബർ 14 ശിശുദിനം....79
പൂമൊട്ട്....81
മോഹങ്ങൾ....82
പെൺ മനം....83
ബി.ആർ.സി വണ്ടൂർ....84
ശ്രീ മലയാളം തമ്പുരാൻ ക്ഷേത്രം....85
മാലാഖമാർ....92
തീരം തിരയായി....93
പ്രകൃതി ദുരന്തവും യുവതലമുറയും....95
വിദ്യാഭ്യാസ കാര്യങ്ങളിൽ മദ്രസയും സ്കൂളും....96
हमारी प्रकृति....98
റിപ്പോർട്ട്....105

# മധുമല കുടിവെള്ള പദ്ധതി



റിൻഷ.കെ.ടി (9B)

ഭൂമിയുടെ 70% ജലമാണ്. പക്ഷെ അതിൽ 3% മാത്രമാണ് ശുദ്ധജലം ഉള്ളത്. പക്ഷെ നമ്മുടെ നാട്ടിലെ ജലസ്രോതസ്സുകളായ കുളം ,തോട്,പുഴ മുതലായവ ഇന്ന് ഒരു വലിയ പ്രതിസന്ധി നേരിടുകയാണ്. അതിലൊന്നാണ് ജലക്ഷാമം .ഓരോ വേനൽകാലത്തും നമ്മൾ അത് അനുഭവിക്കുന്നു.

1990-ലാണ് 'മധുമല കുടിവെള്ള പദ്ധതി' പ്രവർത്തനം ആരംഭിച്ചത്. എയറേഷൻ, കൊയാഗുലേഷൻ, ക്ലാരിഫ്ളോക്കുലേഷൻ, ഫിൽട്ടറേഷൻ, ക്ലോറിനേഷൻ, സംഭരണം എന്നീ ഘട്ടങ്ങളിലൂടെ കടന്നു പോവുമ്പോഴാണ് ജലം ശുദ്ധീകരിക്കപ്പെടുന്നത്. മധുമലയിലെ പ്രവർത്തനരീതി എന്നു പറയുന്നത് പരിയങ്ങാട് പുഴയിൽ നിന്ന് പമ്പ് ചെയ്തുവരുന്ന ജലം എയറേറ്ററിൽ എത്തുന്നു. ശേഷം എയറേറ്ററിൽ എത്തുന്ന ജലത്തെ ഓക്സിജനുമായി കലർത്തുന്നു . ഇതുമൂലം ജലത്തിൽ ഓക്സിജന്റെ അളവ് വർധിക്കുന്നു ഇതിനെ എയറേഷൻ എന്നുവിളിക്കുന്നു. ശേഷം കൊയാഗുലേറ്ററിൽ വെച്ച് കൊയാഗുലേഷൻ നടക്കുന്നു. കൊയാഗുലേഷൻ എന്നുവെച്ചാൽ ജലത്തിലെ ഖര മാലിന്യങ്ങളെ അടിയിക്കുക എന്നതാണ്. ഇതിന് ആലം ഉപയോഗിക്കുന്നു. ആസിഡ് സ്വഭാവമുള്ള പദാർത്ഥമാണ് ആലം. അതുകൊണ്ട് ph ക്രമീകരിക്കുന്നതിനായി കുമ്മായം ചേർക്കുന്നു.

ജല ശുദ്ധീകരണത്തിന്റെ മൂന്നാം ഘട്ടമാണ് ക്ലാരിഫ്ളോക്കുലേഷൻ. ഈ ഘട്ടത്തിൽ മാലിന്യങ്ങൾ അടിഞ്ഞശേഷം തെളിഞ്ഞ ജലത്തെ ഫിൽട്ടറിലേക്ക് വിടുന്നു. ജല ശുദ്ധീകരണത്തിന്റെ നാലാം ഘട്ടമാണ് ഫിൽട്ടറേഷൻ. ഈ ഘട്ടത്തിൽ അടിയാതെ കിടക്കുന്ന മാലിന്യങ്ങളെ ഫിൽട്ടറിൽ വച്ച് നീക്കം ചെയ്യുന്നു. മുകളിൽ മണലും അടിയിൽ വലുപ്പംകൂടിയ കല്ലുകളുമാണ് ഫിൽട്ടർ യൂണിറ്റിൽ ഉപയോഗിക്കുന്നത്. ജല ശുദ്ധീകരണത്തിന്റെ അഞ്ചാം ഘട്ടമാണ് ക്ലോറിനേഷൻ. ഈ ഘട്ടത്തിൽ ഫിൽട്ടർ ചെയ്തുവരുന്ന ജലത്തെ അണു വിമുക്തമാക്കാൻ ക്ലോറിൻ വാതകമോ ബ്ലീച്ചിങ് പൗഡറോ ചേർക്കുന്നു. ആറാം ഘട്ടമാണ് സംഭരണം. ഈ ഘട്ടത്തിൽ ശുദ്ധീകരിച്ച ശേഷം ജലം ശുദ്ധജല സംഭരണിയിൽ ശേഖരിക്കുന്നു.ഇതിൽ നിന്നും നമുക്ക് മനസ്സിലാക്കാം എത്രമാത്രം ശുദ്ധീകരണ പ്രക്രിയകൾക്ക് ശേഷമാണ് കുടിവെള്ളം പൊതു ടാപ്പുകളിൽ എത്തുന്നതെന്ന്.

ഇതിലൂടെ ജല ശുദ്ധീകരണശാലകളുടെ പ്രാധാന്യവും നമുക്ക മനസ്സിലാക്കാം.ദൈവം നമുക്ക കനിഞ്ഞു തന്ന ഒരു വിഭവമാണ് ജലം.അതുകൊണ്ട് അതിന്റെ പ്രാധാന്യം മനസ്സിലാക്കി നമുക്ക് കരുതലോടെ ഉപയോഗിക്കാം.







# നവകേരളം

അഷ്ജില 10 A

1956 നവബർ 1 ന് കേരളം ഭാഷാടിസ്ഥാനത്തിൽ രൂപംകൊണ്ടു .അന്ന് മുതൽ ഇന്നു വരേയുള്ളതിൽ കേരളം കണ്ട ഏറ്റവും വലിയ വെല്ലുവിളിയാണ് പ്രളയം. കേരളം ഇന്ന് മരണം മന്ത്രിക്കുകയാണ്. ചരിത്രത്തോളം പഴക്കമുള്ള നമ്മുടെ കേരളം ചാരമടയുകയാണ്. ഒന്നിനു പിന്നാലെ ഒന്നായി കേരളം വെല്ലുവിളികൾ നേരിട്ട്കൊണ്ടിരുന്നു . ഇതിലൊന്നും പതറാതെ അതിനെയെല്ലാം സധൈര്യം നേരിട്ടു . പ്രളയം കേരളത്തിൽ ധാരാളം ആളുകൾക്ക് ജീവഹാനി സംഭവിക്കുകയും ചെയ്തു . യുവതലമുറകളുടെ സ്വാർത്ഥതാൽപര്യങ്ങൾ കേരളത്തെ വൻദുരന്തങ്ങളിലേക്ക് നയിച്ചു . തിരുവിതാംകൂർ, കൊച്ചി , മലബാർ എന്നിങ്ങനെയായിരുന്ന കേരളത്തെ 14 ജില്ലകളായി വിഭജിച്ചു യുവ തലമുറകളുടെ ക്രൂരനടപടികളുടേയും ചിന്താഗതിയുടേയും കാര്യത്തിൽ ഒരു മാറ്റം വരുത്തുന്നതിന് വിദ്യാഭ്യാസരംഗത്ത് വലിയ പങ്കുണ്ടെന്ന് നിസ്സംശയം പറയാം .

സ്വന്തം നാടിനോട് കൂറും നന്ദിയും വെച്ചുപുലർത്താത്തവരിൽ നിന്ന് കൂടുതൽ നന്മ പ്രതീക്ഷിക്കുന്നവരിൽ യാതൊരു വിധ അർത്ഥവുമില്ല. പ്രകൃതിക്ഷോഭങ്ങളുടെയും രോഗങ്ങളുടേയും എണ്ണം നിരന്തരം വർധിക്കുന്നു . രോഗങ്ങളാൽ വലഞ്ഞ എത്രയെത്ര പാവങ്ങളാണ് ഹോസ്പിറ്റലിന്റെ വരാന്തയിലും മറ്റും . ഈ സാമൂഹിക വിപത്തിനെതിരെ സമൂഹ മനസ്സാക്ഷിയുടെ ശബ്ദം ഉയർന്നു കേൾക്കേണ്ടതിന്റെ സമയം അതിക്രമിച്ചിരിക്കുന്നു . ഇനിയുള്ള വിദ്യാഭ്യാസരംഗത്ത് കാതലായ മാറ്റമുണ്ടായാൽ മതിയാകും. എങ്കിൽ മാത്രമേ നമുക്ക് ഒരു നവ കേരളം സൃഷ്ടിക്കാൻ സാധിക്കുകയുള്ളു .

# ദുരിത കേരളം



വിശാഖ്. സി 9A

ആർക്കുമറിയില്ല താർക്കുമറിയില്ല
ഇനിയെത്ര ജിവൻ പൊഴിയുമെന്ന്.
കാലവർഷം കലി തുള്ളുന്ന വേളയിൽ
ജിവനും സ്വത്തിനും ഭീഷണിയായി

ഇനിയൊരു കേരളം മുണ്ടാവണമെങ്കിൽ
പിന്നെയും ഭ്രമിയിൽ മഴവീഴണൊ
കേരത്തിൻ പ്രൗഢിയെന്നുവരും മെന്നറിയാത്ത-
വേളയിൽ എന്താണ് കേരളം ചെയ്യേണ്ടത്.

ആകുന്നിടിയുന്നീക്കു ന്നിടിയുന്നു
ജീവിതത്തിൻതാളവും കുടുകുടാ വീഴുന്നു
ജീവിതം എന്ന പളുങ്കുപാത്രത്തി-
നെങ്ങനെയാണീ വിള്ളൽ വീഴുന്നത്.

ജീവനെക്കാളും വിലയുള്ള ഭ്രമികൾ
ഒറ്റ നിമിഷത്താൽ താറുമാറാകുന്നു.
ചെറു വീടുകൾ മുതൽ ഇരുനില കെട്ടിടങ്ങൾ
വരെയുള്ളതെല്ലാം ജലത്തിന്റെ ഉഗ്രകോപത്തിലാൺ

എന്നാണിതിനൊരു ശമനം,
എന്നാണിതിൽ നിന്ന് മുക്തി
ആർക്കുമറിയാത്തൊരീ ക്കാര്യം
എനിക്കൊന്നു പറഞ്ഞു തരു സോദരരേ........

# ഒന്നിച്ച വന്നവർ..................



## ഒ.കെ ശിവപ്രസാദ്

18/10/2000 ത്തിലാണ് ഇദ്ദേഹം ജി.എച്ച്.എസ് അഞ്ചച്ചവടി സ്കൂളിൽ അധ്യാപകനായി ജോലിയിൽ പ്രവേശിച്ചത്. ഇദ്ദേഹം വന്നതിനുശേഷം വലിയ മാറ്റങ്ങൾ സ്കൂളിൽ കണ്ടു തുടങ്ങി. സ്കൂളിന്റെ വളർച്ചയിൽ ധാരാളം പങ്കു വഹിച്ചിട്ടുണ്ട്.18 വർഷത്തോളമായി പി.ടി.എ എക്സിക്യൂട്ടിവ് മെമ്പറാണ്. 2013 ൽ യുപി തലത്തിൽ നിന്നും ഹൈസ്കൂൾ തലത്തിലേക്കുള്ള സ്കൂളിന്റെ ഉയർച്ചയിൽ ഇദ്ദേഹത്തിന്റെ വ്യക്തിമുദ്ര പതിപ്പിച്ചു. സ്കൂൾഗ്രൗണ്ട് നിർമാണത്തിൽ പ്രോഗ്രാം കൺവീനർ, എസ്.ആർ.ജി കൺവീനർ കൂടാതെ വിനോദയാത്ര കൺവീനർ എന്നീ മേഖലകളിൽ അദ്ദേഹം ഇപ്പോഴും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. അധ്യാപകനെന്നതിലുപരി ഇദ്ദേഹം നിരവധി ജിവകാരുണ്യ മേഖലകളിൽ പ്രവർത്തിക്കുന്നുണ്ട്.



## മെഹബൂബ്. എൻ

18/10/2000 ത്തിലാണ് ഇദ്ദേഹം ജി.എച്ച്.എസ്. അഞ്ചച്ചവടി സ്കൂളിൽ അധ്യാപകനായി ജോലിയിൽ പ്രവേശിച്ചത്. 18 വർഷമായി അഞ്ചച്ചവടി സ്കൂളിൽ അധ്യാപകനായി ജോലിചെയ്തു വരുന്നു. അന്നു മുതൽ ഇന്നു വരെ ഇദ്ദേഹം ഈ സ്കൂളിൽ സജീവമാണ്. അധ്യാപകനെന്നതിലുപരി ഇദ്ദേഹം ഒരു സാമൂഹിക പ്രവർത്തകനുമാണ്. കേരളത്തിൽ പ്രളയം നടന്നിരുന്ന സമയത്ത് പ്രളയത്തിൽ അകപ്പെട്ട നിരവധി കുടുംബങ്ങളെ ഇദ്ദേഹം സഹായിച്ചിരുന്നു.

തയ്യാറാക്കിയത് : സിനാൻ, മുഹമ്മദ് അർഷൻ

# അംഗീകാരം



അബ്ദുൽ ഗഫൂർ എൻ.വി

മലപ്പുറം ജില്ലയിലെ പതിനേഴ് സബ്ജില്ലകളിലെ അറബിക് അധ്യാപകർ പങ്കെടുത്ത ജില്ലാ അറബിക് സാഹിത്യ മത്സരത്തിൽ അറബിക് പ്രസംഗത്തിൽ ഒന്നാം സ്ഥാനവും **സംസ്ഥാന** അറബിക് സാഹിത്യ മത്സരത്തിൽ എ ഗ്രേഡോടെ മൂന്നാം സ്ഥാനവും നേടിയ അഞ്ചച്ചവടി ഹൈസ്കൂൾ അധ്യാപകൻ എൻ.വി അബ്ദുൽ ഗഫൂർ സർ.



അബ്ദുൽ റഹീം

# സന്തോഷത്തിന്റെ ആഴങ്ങളിലേക്ക് ഒരു വിനോദയാത്ര

8.11.2018 വ്യാഴം, എല്ലാവരും കൃത്യം 3 മണിക്ക് മുമ്പായി സ്കൂളിൽ എത്തി ചേർന്നു. അതിനു ശേഷം വിദ്യാർത്ഥികളുടെ എണ്ണം എടുത്തു. കൂടാതെ ബസ്സ് 1 ൽ കുറച്ചു പേരും ബസ്സ് 2 ൽ കുറച്ചും ആയി യാത്ര ആരംഭിച്ചു. അങ്ങനെ ബസ്സ് മുന്നോട്ടു നീങ്ങാൻ തുടങ്ങി. പിന്നെ ബസ്സിൽ ഡി.ജെ ഗാനങ്ങൾ വെച്ചു. എല്ലാവരും ചാടിക്കളിക്കാൻ തുടങ്ങി. കുറച്ചു നേരം കഴിഞ്ഞപ്പോഴേക്കും എല്ലാവരും തളർന്നു. അങ്ങനെ അന്ന് നേരം ഇരുട്ടി ന്റെ വക്കിലേക്ക് നീങ്ങി. വിദ്യാർത്ഥികളും അദ്ധ്യാപകരും ഉറക്കത്തിലേക്ക് വഴുതിപ്പോയി. അങ്ങനെ പാട്ടും ബഹളവും കഴിഞ്ഞ് പുലർച്ചെ 4 മണിക്ക് തിരുവനന്തപുരം അദ്ധ്യാപക ഭവനിൽ എത്തിച്ചേർന്നു. പിന്നെ ആരും ഉറങ്ങാനൊന്നും നിന്നില്ല. അങ്ങനെ 7.00 മണിയോടെ ഭക്ഷണം കഴിക്കാൻ നീങ്ങി. നല്ല കടലക്കറിയും വെള്ളപ്പവുമായിരുന്നു പ്രഭാത ഭക്ഷണം.ഭക്ഷണം കഴിച്ച് 8.00 മണിയോടെ തിരുവനന്തപുരം ചുറ്റാൻ പുറപ്പെട്ടു.ആദ്യമായി ശ്രീപത്മനാഭക്ഷേത്രത്തിലേക്കാണ് ബസ്സ് നീങ്ങിയത്. അവിടെ എത്തിയപ്പോഴേക്കും നട തുറന്നിരുന്നു. ആദ്യമായാണ് ഞങ്ങൾ നൂറ്റാണ്ടുകൾ പഴക്കമുള്ള ക്ഷേത്രത്തിലേക്കു പോയത്. പെട്ടന്നുതന്നെ ഞങ്ങൾ ക്ഷേത്രത്തിലേക്കു പ്രവേശിച്ചു. അന്നുവരെ കാണാത്ത വിഗ്രഹങ്ങൾ ഞങ്ങൾ അവിടെ നിന്നു കണ്ടു. ആ ക്ഷേത്രം തന്നെ ഒരു അത്ഭുതമാണ്. കാരണം പാറയിൽ കൊത്തിവച്ച ശിൽപ്പങ്ങളും നൂറ്റാണ്ടുകൾ പഴക്കമുള്ള വിഗ്രഹങ്ങളും അവിടെ ഉണ്ട്. നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ വാസ്തുശിൽപ്പ വിദ്യ ഉണ്ടായിരുന്നതിനു തെളിവാണത്. പിന്നീട് അവിടെ ഉള്ള പൂജാരിയോട് ഞങ്ങളുടെ സംശയങ്ങൾ ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ്:

"ഈ ക്ഷേത്രത്തിന് 500 വർഷം പഴക്കമുണ്ട്. നിങ്ങൾ സന്ദർശിക്കാൻ പോവുന്ന വിഗ്രഹത്തിന് 5000 വർഷം പഴക്കമുണ്ട്.അത് തലമുറകളായി കൈമാറി വരുന്നതുമാണ് ".

അങ്ങനെ ക്ഷേത്ര ദർശനം കഴിഞ്ഞ് ഐ.എസ്.ആർ.ഒ റോക്കറ്റ് നിക്ഷേപണ കേന്ദ്രത്തി ലേക്കായി ഞങ്ങളുടെ നീക്കം. അവിടെ മുഴുവൻ ചെക്കിങ്ങായിരുന്നു. ഇലക്ട്രോണിക് ഉപകരണങ്ങൾ കയ്യിൽ വെക്കാൻ പാടില്ലായിരുന്നു. അങ്ങനെ ഞങ്ങൾ അകത്തേക്കു പ്രവേശിച്ചു. അവിടെ ഉള്ള ഒരു ഉദ്യോഗസ്ഥൻ അദ്ധ്യാപകരുടെയും വിദ്യാർത്തികളുടെയും സംശയത്തിന് ഉത്തരം നൽകുകയും പുതിയ അറിവുകൾ ഞങ്ങൾക്ക് പകർന്നു തരുകയും ചെയ്തു. അവിടെ കേറി ഇറങ്ങിയപ്പോഴാണ് അത് ഒരു ക്രസ്ത്യൻ പള്ളിയാണെന്ന് മനസ്സിലായത്. ആ സ്ഥാപനത്തിൽ എല്ലാ മാസവും മൂന്നാമത്തെ ബുധനാഴ്ച്ച ചെറു റോക്കറ്റുകൾ വിക്ഷേപിക്കാറുണ്ട്. ഞങ്ങൾക്ക് ഏതായാലും അത്

കാണാനുള്ള ഭാഗ്യം ലഭിച്ചില്ല. നേരം 12.00 മണി ആവാറായി. അന്ന് വെള്ളിയാഴ്ച്ചയായി രുന്നതിനാൽ ജുമുഅക്ക് സമയമായി. അവിടെ നിന്ന് പാളയം ജുമുഅ മസ്ജിദിലേക്കായി നീക്കം. അവിടെ നിന്ന് മറക്കാനാവാത്ത അനുഭവം ഉണ്ടായി. ജുമുഅ കഴിഞ്ഞ് ഇറങ്ങി ഭക്ഷണം കഴിക്കാൻ നീങ്ങിയപ്പോൾ ഞങ്ങളിൽ നിന്ന് ഒരു വിദ്യാർത്ഥിയെ കാണാതായി. പിന്നെ ഞങ്ങൾ അവനെ കാണുന്നത് പോലീസ് സ്റ്റേഷനിൽ വെച്ചാണ്. ഞങ്ങളുടെ അദ്ധ്യാപകർ അവനെ പോലിസ് സ്റ്റേഷനിൽ നിന്നും കൂട്ടിക്കൊണ്ടു വന്നു.പിന്നെ ഞങ്ങൾ അവനോട് കാര്യങ്ങൾ അന്വേഷിച്ചു. അവൻ പറഞ്ഞത് ഇങ്ങനെയാണ്.

“ഞാൻ പള്ളിയിൽ നിന്നും ഇറങ്ങി ഷൂ ലൈസ് കെട്ടി കഴിഞ്ഞപ്പോഴേക്കും ആരേയും കാണുന്നില്ല. ഞാൻ പള്ളിയുടെ ഇരു വശ ത്തേക്കും പോയി. പക്ഷെ ആരേയും കാണാൻ സാധിച്ചില്ല. പിന്നീട് പോലീസ് സ്റ്റേഷനിലേക്ക് പോയി എന്നാണ് പറഞ്ഞത്” ഏതായാലും കഴിഞ്ഞുപോയ സംഭവം ഒരു സ്വപ്നം പോലെ ഞങ്ങൾക്ക് അനുഭവപ്പെട്ടു. ശേഷം മൃഗശാല സന്ദർശിച്ചു. ശേഷം കോവളം ബീച്ചിലേക്കാണ് ഞങ്ങളുടെ യാത്ര . അവിടെ എല്ലാവരും കടലിലേക്കിറങ്ങി. ചിലർ ചാടിമറിയലും നീന്തലും ചിലർ നോക്കിനിൽക്കു ന്നവരുമായിരുന്നു. കുട്ടികളുടെ കൂടെ അദ്ധ്യാപകരും കടലിലേക്കിറങ്ങി. അവർ കുറച്ചു സമയം കുട്ടികളെ പോലെ കടലിൽ ആഹ്ലാദിച്ചു. പിന്നെ ശരീരത്തിൽ ഉപ്പുവെള്ളമായിട്ട് എല്ലാവരും ബാത്ത്റൂമിൽ പോയി കുളിച്ചു. അങ്ങനെ നേരം ഇരുട്ടി. മറക്കാനാകാത്ത അനുഭവങ്ങളുമായി ഞങ്ങൾ അദ്ധ്യാപക ഭവനിലെത്തി . രാത്രി ഭക്ഷണത്തിനു ശേഷം എല്ലാവരും രണ്ടു ദിവസത്തെ ക്ഷീണം ഒരു ഒറ്റ ഉറക്കത്തിൽ ഒഴുക്കിക്കളഞ്ഞു. നേരം പുലർന്നു. ബാത്ത്റൂമിൽ പോവാനും പല്ല് തേക്കാനും ഉന്തും തള്ളും തുടർന്നു. ശേഷം ഭക്ഷണം കഴിച്ചു. തുടർന്ന് വിനോദയാത്രയുടെ അവസാനനാളിലേക്ക് നീങ്ങി. ഞങ്ങൾ കന്യാകുമാരിയിലേക്ക് യാത്ര തിരിച്ചു. കന്യാകുമാരി ഒരു കേരളത്തനിമയുള്ള നാടുപോലെ അനുഭവപ്പെട്ടു. തെങ്ങും വയലും കേരളത്തിൽ കാണുന്ന ഏകദേശം വിളകളെല്ലാം അവിടെ നിന്ന് ഞങ്ങൾ ആസ്വദിച്ചു. അവിടെ നിന്ന് വിവേകാനന്ദപ്പാറയിലേക്കായി ഞങ്ങളുടെ യാത്ര. അവിടെ വിവേകാനന്ദൻ കടൽ നീന്തിക്കടന്ന് തപസ്സിരുന്നു എന്നാണ് ചരിത്രം പറയുന്നത്.കൂടാതെ ആ പ്രദേശം ലോകത്തിന്റെ മുനമ്പായാണ് കണക്കാക്കുന്നത്. മൂന്ന് കടലുകൾ ചേരുന്ന പ്രദേശമാണത്. ബംഗാൾ ഉൾക്കടലിന്റെ മനോഹാരിതയും ഇന്ത്യൻ മഹാസമുദ്രത്തിന്റെ ശാന്തതയും അറബിക്കടലിന്റെ നീലിമയും ആസ്വദിക്കാൻ പറ്റുന്ന സ്ഥലമാണ് വിവേകാനന്ദപ്പാറ. അവിടെ നിന്ന് പുതിയ അറിവുകൾ ഞങ്ങൾ പകർന്നെടുത്തു. ശേഷം പർച്ചേയ്സിനു ഞങ്ങൾ നീങ്ങി. വളരെ മനോഹരമായ ഉൽപന്നങ്ങൾ. ശംഖുകൾ കൊണ്ടും മുത്തുകൾ കൊണ്ടും വളരെ മനോഹരമായ ഉൽപന്നങ്ങൾ നിർമിക്കുന്ന നാടാണ് കന്യാകുമാരി.പിന്നീട് മാർത്താണ്ഡവർമയുടെ കൊട്ടാരത്തിലേക്ക് തിരിച്ചു. അവിടെ നിന്നാണ് മണിച്ചിത്രത്താഴ് എന്ന സിനിമയുടെ ഷൂട്ടിങ് നടന്നത്. ആ ഓർമയിൽ കൊട്ടാരം ഞങ്ങൾ സന്ദർശിച്ചു. ശേഷം മ്യൂസിയത്തിലേക്ക് പോയി. അവിടെ നിന്ന് നൂറ്റാണ്ടുകൾക്കു മുമ്പുള്ള ആയുധങ്ങളും എഴുത്തോലകളും കണ്ടു. ഞങ്ങളുടെ അദ്ധ്യാപികയുടെ വീട്ടിൽ നിന്ന് രാത്രിഭക്ഷണം കഴിച്ചു. യാത്രതിരിച്ചു. അന്ന് രാത്രി വിനോദയാത്രയുടെ അവസാനരാത്രി കുറച്ചുനേരം ഞങ്ങൾ നൃത്തം വെച്ചു. പിന്നെ എല്ലാവരും അഗാധ നിദ്രയിലായി.പുലർച്ച 7.00 മണിയോടെ തിരിച്ചെത്തി.എല്ലാവരും ഓർമകൾ പങ്കുവെച്ച് വീട്ടിലേക്ക് മടങ്ങി

## എന്താണ് പാലിയേറ്റീവ് ?

പാലിയറ്റീവ് കെയർ കാരുണ്യം വറ്റാത്ത ഉറവയും മനുഷ്യസ്നേഹത്തിന്റെയും അനുകമ്പയുടേയും ഉദാത്തമാതൃകയാണ് പാലിയേറ്റീവ് കെയർ . ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ യൂറോപ്പിൽ ഭേദമാവാത്ത കാൻസർ രോഗികൾക്ക് വേണ്ടിയാണ് ഈ സാന്ത്വന പരിചരണം ആരംഭിച്ചത്.1994 ൽ ഇന്ത്യൻ അസോസിയേഷൻ ഫോർപാലിയേറ്റീവ് കെയർ (IAPC) രൂപീകരിക്കപ്പെട്ടതോടെയാണ് ഇന്ത്യയിലും വ്യാപകമായത്. സാക്ഷരതയിലും ആരോഗ്യസം രക്ഷണപ്രവർത്തനങ്ങളിലും ലോകത്തിനു തന്നെ മാതൃകയായ കേരളത്തിൽ പാലിയേറ്റീവിന്റെ പ്രവർത്തനങ്ങൾ പെട്ടെന്നായിരുന്നു.മനുഷ്വത്ത്വം നശിക്കാത്ത നല്ല മനസ്സുകളുടെ കൂട്ടായ്മക്ക് വേദിയൊരുക്കി കൊണ്ട് സ്വാർത്ഥതകളില്ലാത്ത ഈ സംരംഭത്തിന്റെ സേവനം ഇനിയും ഒട്ടേറെ പേർക്ക് ആശ്വാസമാകട്ടെ ..................

**?. എന്താണ് പാലിയേറ്റീവ് കെയർ ?**

**A.** ദീർഘകാലം നീണ്ടു നിൽക്കുന്ന,ജീവിത നിലവാരത്തെ സാരമായി ബാധിക്കുന്ന ഏതൊരു രോഗിക്കും നൽകുന്ന സമ്പൂർണ്ണവും ക്രിയാത്മകവും ആയ പരിചരണമാണ് പാലിയേറ്റീവ് കെയർ.ലളിതമായി പറഞ്ഞാൽ ഇത്തരക്കാർക്ക് ,വേദനനിവാരണം ഉൾപ്പെടെ രോഗപീഡ കളിൽ നിന്ന് മോചനം നൽകി ജീവിതം പരമാവധി ക്ലേശരഹിതമാക്കുവാനും യാതനരഹിത മാക്കുവാനും യത്നിക്കലാണ് പാലിയേറ്റീവ് പരിചരണം. ശാസ്ത്രം എന്നതിനും മുകളിൽ സ്നേഹവും ആർദ്രതയും സഹാനുഭൂതിയും നിറഞ്ഞ ഒരു പ്രസ്ഥാനം ആണ് പാലിയേറ്റീവ് കെയർ എന്ന് പറയാം.

**?. എന്താണ് സ്റ്റുഡന്റ്സ് ഇൻ പാലിയേറ്റീവ് (SIP)?**

**A.**മരുന്നുകൾക്കപ്പുറത്തുള്ള സാന്ത്വന ചികിത്സകളും സൗഹൃദ കൂട്ടായ്മകളും ഒരുപാട് രോഗികൾക്ക് കൈത്താങ്ങായിക്കൊണ്ടും പാലിയറ്റീവ് ചെയ്യുന്നപ്രവർത്തനങ്ങൾ പ്രശംസനീയമാണ്.....ഈഅടുത്താണ് കോളേജ് വിദ്യാർത്ഥികളെഉൾപ്പെടുത്തിപാലിയേറ്റീവ് പുതിയ ഒരു സാന്ത്വന കൂട്ടായിമക്ക് രൂപം നൽകിയത്......സ്റ്റുഡന്റ്സ് ഇൻ പാലിയേറ്റീവ് (Students In Palliative-SIP). ജനകീയമായി നടക്കുനന്ന ഈ കൂട്ടായ്മയിൽ വിദ്യാർത്ഥികളുടെ പങ്ക് വളരെ വലുതാണ്.

**?.സാന്ത്വനം ഏതെല്ലാം രോഗികൾക്ക്?**

**A.**പാലിയേറ്റീവ് കെയർ സാന്ത്വനം നൽകുന്നത് രോഗികൾക്ക് മാത്രമല്ല,രോഗികളുടെ കുടുമ്പത്തിനു കൂടിയാണ്. അതിനാൽതന്നെ ഇതിന്റെ ഫലം രോഗിയുടെ മരണശേഷവും നിലനിൽക്കും. കാൻസർനും ,എയ്ഡ്സിനും മാത്രമാണു പാലിയേറ്റീവ്കെയർ വേണ്ടിവരുന്നതെന്ന ചിന്തയുണ്ട്. ഇതു ശരിയല്ല. ദീർഘകാലം നീണ്ടുനിൽക്കുകയും ജീവിതത്തെ തകിടംമറിക്കുകയും ചെയ്യുന്ന എല്ലാരോഗങ്ങൾക്കും പാലിയേറ്റീവ് കെയർ നൽകണം. ഹൃദ്രോഗങ്ങൾ, വൃക്ക രോഗങ്ങൾ,നീണ്ട കാലം നിലനിൽക്കുന്ന ശരീര വേദനകൾ മാനസികാരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയവക്കും പാലിയേറ്റീവ് കെയർ വേണം.


**?.എന്താണ് പാലിയേറ്റീവ് എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്**

**A.** പാലിയം എന്ന പദത്തിന്റെ അർത്ഥം തന്നെ പുതപ്പ് എന്നാണ്. നിർധനരായ രോഗികൾക്ക് ആശ്വാസം നൽകുക എന്നതാണ് പാലിയേറ്റീവിന്റെ പ്രധാന ലക്ഷ്യം . രോഗതീക്ഷ്ണത അനുഭവിക്കുന്ന രോഗികളെ ഒരു പുതപ്പ് പുതപ്പിക്കുക എന്ന പോലെ പാലിയേറ്റീവ് വൊളണ്ടിയർമാർ സന്നദ്ധസേവനങ്ങളിൽ ഏർപ്പെടുന്നു. പാലിയേറ്റീവിന്റെ ഹോം കെയർ പോലുള്ള സേവനങ്ങൾ ഇതിനുദാഹരണമാണ്.

റിൻഷ (9 B),റഹീസ (9 C ),അജ്മില (9 C)

************

പുസ്തക പരിചയം:




# ഉണ്ണിക്കുട്ടന്റെ ലോകം

-നന്തനാർ


കിരൺ. കെ

*"Some days I wish I could go back in life.*
*Not to change anything ,but to feel a few things twice"*

ബാല്യം ഏവർക്കും സുഖകരമായ ഒരു നോവാണ്.......

ഒരിക്കലെങ്കിലും കൗതുകങ്ങളുടെ ,ചാപല്യങ്ങളുടെ ,കുസൃതിത്തരങ്ങളുടെ ആ മനോഹര ലോകത്തേക്ക് തിരിച്ചു നടക്കാൻ ആഗ്രഹിക്കാത്ത ആരുമുണ്ടാവില്ല. മനസ്സിൽ ബാല്യം സൂക്ഷിക്കുന്ന ആരേയും കഴിഞ്ഞ കാലത്തിന്റെ അവിസ്മരണീയ ലോകത്തേക്ക് കൂട്ടിക്കൊണ്ടു പോകുന്ന ബാലസാഹിത്യ നോവലാണ്

"ഉണ്ണിക്കുട്ടന്റെ ലോകം."

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണക്കടുത്ത് അങ്ങാടിപ്പുറം സ്വദേശിയായ നന്തനാർ(യഥാർത്ഥ പേര് പി.സി ഗോപാലൻ) പട്ടാള ജീവിതം പശ്ചാത്തലമായുള്ള കഥകളിലൂടെയാണ് മലയാള മനസ്സിൽ സ്ഥാനം നേടുന്നത്. ദാരിദ്ര്യവും കഷ്ടപ്പാടും നിറഞ്ഞ ബാല്യത്തിൽ തനിക്ക് അനുഭവിക്കാൻ കഴിയാതെ പോയ ഹൃദ്യമായ ശൈശവത്തെ കുറിച്ചുള്ള സങ്കൽപ്പങ്ങളാണ് ഉണ്ണിക്കുട്ടന്റെ ലോകത്തിലൂടെ നന്തനാർ അവതരിപ്പിച്ചിരിക്കുന്നത്.

ഒരു വള്ളുവനാടൻ ഗ്രാമത്തിൽ വളരുന്ന ഉണ്ണിക്കുട്ടനെന്ന നാലു വയസ്സുകാരൻ തനിക്ക് ചുറ്റുമുള്ള ലോകത്തെ കാണുന്നതും മനസ്സിലാക്കുന്നതും അത്ഭുതപ്പെടുന്നതുമാണ് ഈ പുസ്തകത്തിന്റെ പ്രതിപാദ്യം ." ഉണ്ണിക്കുട്ടന്റെ ഒരു ദിവസം" " ഉണ്ണിക്കുട്ടൻ സ്കൂളിൽ " "ഉണ്ണിക്കുട്ടൻ വളരുന്നു "എന്നിങ്ങനെ മൂന്നു ഭാഗങ്ങളായ് തിരിച്ചാണ് ഈ നോവൽ അവതരിപ്പിക്കുന്നത്.

ചെടികളും,പൂക്കളും, മൃഗങ്ങളും, പക്ഷികളും ഉണ്ണിക്കുട്ടനോട് കിന്നാരം പറഞ്ഞു. അച്ഛനും, അമ്മയും, കുട്ട്യേട്ടനും, അമ്മിണിയും , മുത്തച്ഛനും, മുത്തശ്ശിയും കുട്ടൻ നായരും, സഹപാഠികളും അവന്റെ കുരുന്നു മനസ്സിൽ വിസ്മയങ്ങളുടെ

ചെപ്പ് തുറന്നു. വേനലും മഞ്ഞും മഴയും ഉണ്ണിക്കുട്ടന്റെ ലോകത്ത് ആയിരമായിരം വർണ്ണങ്ങൾ നെയ്തു.. വിഷുവും ഓണവും തിരുവാതിരയും അവന്റെ ഹൃദയത്തെ തൊട്ടുണർത്തി.

അങ്ങനെ പോയകാലത്തിന്റെ അത്ഭുത ലോകത്തിലേക്ക് ഉണ്ണിക്കുട്ടൻ നമ്മെ കൂട്ടികൊണ്ടു പോകുന്നു. ഉണ്ണിക്കുട്ടന്റെ ലോകം നമ്മുടെ ലോകമായ് മാറുന്നു......

വളരെ ലളിതമായ ഹൃദ്യമായ ഭാഷയിലാണ് നന്തനാർ ഈ നോവലിന്റെ രചന നിർവഹിച്ചിട്ടുള്ളത്. അതുകൊണ്ടു തന്നെയാണ് ഏതു പ്രായക്കാർക്കും ഏതു കാലത്തും' ഉണ്ണിക്കുട്ടൻ'പ്രിയപ്പെട്ടവനാകുന്നത്. പുതുമണ്ണിന്റെ ഗന്ധം പോലെ ,തേൻ മിഠായിയുടെ മാധുര്യം പോലെ മനോഹരമാണ് ഈ നോവൽ. ഓരോ മലയാളിയും വായിച്ചിരിക്കേണ്ട മലയാളത്തിന്റെ സ്വന്തം "ടോട്ടോ-ചാൻ".

****



मनोज .एम

# मछुआरे

*बडे सबेरे नौका लेकर*
*लहरों से लडकर जाते वे*
*अपनी जान खतरे में डालकर*
*लाये थे वे सागर की मछलियाँ*
*कठिन मेहनत करके  लाकर*
*जब बाज़ार में बिकते हैं तो*
*बडी भीड़ चारों ओर से*
*यही सवाल उठाते हैं–*
*दाम इतना ज़्यादा क्यों?*
*मछली भरे बतन उठाकर*
*गाडी में प्रवेश करते ही*
*परिचालक कहते हैं उनसे*
*धृणा भरे– क्रोध भरे स्वर में*
*'ले जाओ..... इधर न रख सकते'।*
*कालगति आगे बढती रही*
*महाप्रलय आया देश में*
*अपने नाव लेकर आये मछुआरे*
*सबने स्वागत किया उनको*
*'आओ बचाओ..... हमको भी'*

न्यायाधीशों ने भी स्वागत करके
पुकारा उनको 'देश की सेना'
पानी के उतर जाते ही
लौट आया वह पुराना सवाल
'दाम इतना ज्यादा क्यों?'

*******

# അംഗീകാരം



രവികുമാർ സർ

18-2-2011 ൽ ജി.എച്ച്.എസ് അഞ്ചച്ചവടി സ്കൂളിൽ ജോലിയിൽ പ്രവേശിച്ചു.അദ്ദേഹം ഒരു എഴുത്തുകാരനായ അദ്ധ്യാപകനാണ്. 'സംഖ്യാ ജാലകം', 'ഗണിതകേളി', 'ശാസ്ത്രം എത്ര ലളിതം' എന്നിങ്ങനെ 3 പുസ്തകങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. ഇപ്പോൾ 'എങ്ങനെ ലളിതമായി ഗണിതം പഠിക്കാം' എന്ന പുസ്തകം എഴുതിക്കൊണ്ടിരിക്കുന്നു. അതുപോലെ ഗണിത പഠനം എങ്ങനെയായിരിക്കണം എന്ന വിഷയത്തൽ 2016 ൽ ഡൽഹിയിൽ വെച്ച നടന്ന സെമിനാറിൽ കേരളത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 2 അംഗങ്ങളിൽ ഒരാളായിരുന്നു രവികുമാർ സർ. അതുപോലെ തുടർച്ചയായി 5 തവണ പ്രൈമറി ക്ലാസുകളിലെ പാഠപുസ്തക രചനയിലും പങ്കെടുത്തു. മാത്രതല്ല രവികുമാർ സർ ഒരു അധ്യാപക പരിശീലകനും കൂടിയാണ്. സ്കൂളിലെ ഗണിത ക്ലാസ് മുറികൾ എന്ന ആശയം സാക്ഷാത്ക്കരിക്കുന്നതിനുള്ള ശ്രമത്തിലാണ് അദ്ദേഹം.

തയ്യാറാക്കിയത്: ഷഹ്മ 9C

# ഒരുമയുടെ മരണം



തെസ്നി മോൾ 9B

നീരില്ല  പുഴതേങ്ങി
കണ്ണീരുവറ്റി
പിന്നെ നീരുപാഞ്ഞു
പുഴതേങ്ങി കണ്ണീരുവീഴ്ത്തി

കറയറ്റ സ്നേഹം
അനശ്വരമാകുമ്പോൾ
കറവീണ സൗഹൃദം
കലങ്ങിത്തുടങ്ങി

എല്ലാം മറക്കുമ്പോൾ
എന്തെളുപ്പമോർക്കു
ഒരുമിച്ചു ചേർക്കാൻ
എന്നും പ്രളയമില്ല

☆☆☆☆☆



# ത്യാഗം

ദുജാന ജഹാൻ 10B

അന്ന് ഒരു വസന്തകാലമായിരുന്നു.ടിയാഗോ ആ സൂര്യകാന്തി പുഷ്പങ്ങൾക്കിടയിലൂടെ നടന്നുനീങ്ങുകയാണ്. അപ്പോൾ ആ പൂക്കൾക്കിടയിലൂടെ അവൻ ആ കണ്ണുകൾ കണ്ടു.പിന്നീട് ആ മുഖം ദൃശ്യമായി. അത് ഒരു പെൺകുട്ടിയായിരുന്നു.ഇന്ദ്രനീലങ്ങളെക്കാൾ തിളങ്ങുന്ന കണ്ണുകൾ, റോസാപുഷ്പം പോലെ ചുവന്ന കവിളുകൾ,ചുണ്ടുകൾ സ്റ്റോബറി പോലെ ചുവപ്പു നിറം. അവളുടെ സുവർണ നിറത്തിലുള്ള മുടി ആ കവിളുകളിൽ തട്ടിതടവുന്നു. പ്രഭാതത്തിൽ സൂര്യനെ നോക്കുന്ന സൂര്യകാന്തി പൂക്കളെക്കാൾ തിളക്കമുണ്ട് അവളുടെ മുഖത്തിന്. "ആരാണീ സുന്ദരി"?ടിയാഗോ മനസ്സിൽ ചിന്തിച്ചു. ടിയാഗോ കണ്ണെടുക്കാതെ അവളെ തന്നെ നോക്കി.അവൻ അവളുടെ അരികിലേക്ക് നടന്നു.എന്നിട്ട് അവളോടായി പറഞ്ഞു:“നിന്റെ ആ കണ്ണുകൾ... നീ എന്റെ ഹൃദയം കവർന്നെടുത്തു. ആരാണു നീ....നിന്നെ സ്വന്തമാക്കാൻ ഞാൻ എന്താണു ചെയ്യേണ്ടത് ?”

അവൾ നിശബ്ദമായി നിന്നു.

“എന്താ നീ ഒന്നും പറയാത്തത്. എന്റെ ചോദ്യത്തിന് മറു പടി തരു”

“എന്നെ സ്നേഹിക്കുന്നതിനു മുമ്പ് നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം.ആ സത്യം നിങ്ങൾ അറിയണം.”

“എന്തു സത്യം,നിന്നെ സ്വന്തമാക്കാൻ എന്തു ചെയ്യും.”

“എങ്കിൽ കേട്ടോളൂ.....

100 വർഷം മുമ്പ് ഈ സുവർണ്ണ താഴ്‌വരയിൽ ഒരുപാട് ഫെയറികൾ ഉണ്ടായിരുന്നു. അതിൽ ഒരു ഫെയറിയായിരുന്നു ജാനറ്റ്. അവൾ കാണാൻ വളരെ സുന്ദരിയായിരുന്നു. ജാനറ്റ് വസന്തകാലത്തിന്റെ ഫെയറിയായിരുന്നു,പൂക്കളുടെ ഫെയറി. ആ സുവർണ്ണ താഴ്‌വരയിൽ ഒരുപാട് പൂക്കൾ ഉണ്ടായിരുന്നു. സൂര്യകാന്തി പൂക്കൾ,റോസാ പുഷ്പങ്ങൾ അങ്ങനെ പല നിറത്തിലും തരത്തിലും. അതിൽ പല പൂക്കളുടെയും പേരുപോലും നമുക്കറിയില്ല. പൂക്കൾ ജാനറ്റിന്റെ ജീവനായിരുന്നു. പൂക്കളെ അവൾ എന്നും നോക്കിനിൽക്കും. അങ്ങനെയിരിക്കെ ആ സുവർണ്ണ താഴ്‌വരയിലേക്ക് കുറച്ച് മനുഷ്യർ കടന്ന് ചെന്നു. അതിൽ ഒരു സുന്ദരനായ

യുവാവുണ്ടായിരുന്നു. ആതീവ സുന്ദരനും സുമുഖനുമായിരുന്നു അവൻ. പ്രകൃതി നീരീക്ഷണത്തിനാണ് അവർ ആ താഴ്‌വരയിലേക്ക് വന്നത്.ജാനറ്റിനെ പോലെ തന്നെ പൂക്കൾ അവന്റെയും ജീവനായിരുന്നു.എല്ലാവരും ജോലിചെയ്യുമ്പോൾ അവൻ മാത്രം പൂക്കളെ നോക്കി നിൽക്കും. ഇത് ജാനറ്റിന് അവനെ അവളുടെ മനസ്സിലേക്ക് അടു പ്പിക്കാനുള്ളകാരണമായി. ഓരോ ദിവസം കഴിയുന്തോറും അവനോടുള്ള ജാനറ്റിന്റെ പ്രണയം കൂടിവന്നു. ജാനറ്റ് പൂക്കളെ നോക്കുന്നത് പോലെ തന്നെ അവനെയും നോക്കി. പൂക്കളെക്കാളും എന്തുകൊണ്ടും സുന്ദരനാണിവൻ എന്ന് അവൾ എപ്പോഴും പറയും.ഒടുവിൽ ജാനറ്റ് അവന്റെ മുമ്പിലേക്ക് പോകാൻ തീരുമാനിച്ചു. പക്ഷെ ഈ രൂപത്തിലല്ല. അവൾ അവളുടെ ചിറകുകളെ ഒരു ഷാൾ കൊണ്ട് ഒളിപ്പിച്ചു. എന്നിട്ടവന്റെ മുമ്പിൽ ചെന്നു.ജാനറ്റിനെ കണ്ടപ്പോൾ തന്നെ അവൻ മറ്റെല്ലാ ത്തിനേയും മറന്നു. അവർ രണ്ടുപേരും പരസ്പരം നോക്കിനിന്നിരുന്നു. ജാനറ്റിന് അവനെ കണ്ടപ്പോൾ എന്ത് തോന്നിയോ അതെല്ലാം അവനും ജാനറ്റിനെ കണ്ടപ്പോൾ തോന്നി. അധികം വൈകാതെ തന്നെ അവർ രണ്ടുപേരും അവരുടെ ഹൃദയങ്ങളെ കൈമാറി. പക്ഷെ ജാനറ്റിന് തെറ്റു പറ്റി. അവൾ ചെയ്യാൻ പാടില്ലാത്തത് ചെയ്തു. ഒരു മനുഷ്യനും ഫെയറിയും ഒരിക്കലും ഒന്നാകരുത്. അങ്ങനെ നടന്നാൽ അവളുടെ ചിറകുകൾ ഒടിയും. ശക്തി നഷ്ടപ്പെടും. പിന്നീടവൾ അധിക കാലം ജീവിച്ചിരിക്കില്ല. ജാനറ്റിന് ഇതെല്ലാം അറിയാമായിരുന്നു. അതെല്ലാം അന്ധവിശ്വാസമാണെന്ന് കരുതി ജാനറ്റ് തള്ളിക്കളഞ്ഞു. അവൾക്ക് അവളുടെ ജീവനെക്കാൾ വലുത് അവൻ തന്നെയാ
യിരുന്നു. അവരുടെ രണ്ടുപേരുടേയും പ്രണയം കണ്ട് പ്രകൃതിപോലും സന്തോഷിച്ചു. പക്ഷെ അപ്പോഴും അവന് ജാനറ്റ് ഒരു ഫെയറിയാണെന്ന സത്യം അറിയില്ലായിരുന്നു. അവരുടെ പ്രണയം പ്രകൃതിദേവത കാണാനിടയായി.

"എങ്ങനെയെങ്കിലും ജാനറ്റിനെ തടയണം അല്ലെങ്കിൽ അപകടമാണ്"
പ്രകൃതി ദേവത ജാനറ്റിന്റെ അടുക്കൽ ചെന്നു.

"ജാനറ്റ് നീ ചെയ്യുന്നത് തെറ്റാണ്. നിനക്ക് അറിയില്ലെ
ന്നുണ്ടോ... ?"

"എനിക്കറിയാം ദേവതേ..എനിക്ക് എല്ലാം അറിയാം. പ
ക്ഷെ അതെല്ലാം അന്ധവിശ്വാസമല്ലേ."

"ജാനറ്റ് അത് സത്യമാണ്. ഇങ്ങനെ ഒരു ഫെയറിയുടെ ചിറകുകൾ ഒടിഞ്ഞു പോയിട്ടുണ്ട്. അങ്ങനെ ചെയ്യരുത് ജാനെറ്റ് . നിന്റെ ചിറകുകളെങ്ങാനും ഒടിഞ്ഞാൽ"...വേണ്ട ജാനറ്റ് നിനക്കിത് അവസാനിപ്പിക്കുന്നതാ നല്ലത്."

"ജാനറ്റിന്റെ കണ്ണുകളിൽ നിന്നും വെള്ളം തുള്ളിയായി വീണു"

"എന്തു പറ്റി ജാനറ്റ്. നീ എന്തിനാ കരയുന്നത്."ജാനറ്റ് അ
ളുടെ ചിറകുകൾ ഒളിപ്പിച്ച ഷാൾ മാറ്റി. ചിറകുകൾ അപ്പോഴേക്കും ഒടിഞ്ഞു കഴിഞ്ഞിരുന്നു.

"ജാനറ്റ് ഞാൻ വൈകിപോയി. കുറച്ച് നേരത്തെ ഞാൻ അറിഞ്ഞിരുന്നെങ്കിൽ..."

"ഇനി ഇത് ദേവത എപ്പോഴറിഞ്ഞാലും ഞാനൊരിക്കലും അവനെ ഉപേക്ഷിക്കില്ല. ഞാൻ ഒരിക്കലും അവനെ വഞ്ചിക്കി ല്ല. എനിക്ക് എന്ത് സമ്പവിച്ചാലും സാരമില്ല. പക്ഷെ അവന് ഒന്നും സമ്പവിക്കാൻ പാടില്ല. "

ഇതും പറഞ്ഞ് ജാനറ്റ് അവിടെ നിന്ന് കരഞ്ഞ് കൊണ്ട് ഒടിപ്പോയി.ഈ സംഭവമെല്ലാം

അവൻ കാണുന്നുണ്ടായിരുന്നു.

"എന്ത് ജാനറ്റ് ഒരു ഫെയറിയാണെന്നോ?എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല. അവളുടെ ജീവൻ അപകടത്തിലാണ്.
അവളെ എങ്ങനെയെങ്കിലും രക്ഷിക്കണം."
അവൻ ദേവതയുടെ അടുത്തേക്ക് ചെന്നു.

"ദേവതേ..ജാനറ്റ് ഒരു ഫെയറിയാണെന്നോ?അങ്ങനെയെങ്കിൽ അവളുടെ ജീവൻ അപകടത്തിലാണല്ലേ.. ഇല്ല അവൾക്ക് ഒന്നും സംഭവിക്കാൻ പാടില്ല. അവളുടെ ജീവൻ രക്ഷിക്കാൻ എന്തെങ്കിലുമൊരു പരിഹാരം ഉണ്ടാവില്ലേ.ഏതൊരു പ്രശ്നത്തിനും ഒരു പരിഹാരം ഇല്ലേ.."

"ശരിയാണ് നീ പറഞ്ഞത്. പരിഹാരം ഉണ്ട്. പക്ഷെ നിനക്കതിന് സാധിക്കുമോ...?"

"അവളുടെ ജീവൻ രക്ഷിക്കാൻ ഞാൻ എന്തും ചെയ്യും.ഞാൻ എന്താണ് ചെയ്യേണ്ടതെന്ന് പറഞ്ഞാൽ മാത്രം മതി. "

"നീ നിന്റെ രക്തം കൊണ്ട് അവളുടെ ഒടിഞ്ഞുപോയ ചിറകിനെ ഒട്ടിക്കണം. അവൾ പ്രണയിക്കുന്ന ആളെ ബലി കൊടുത്ത് അവന്റെ രക്തം കൊണ്ട് അവളുടെ ചിറകുകൾ ഒട്ടിക്കണം. എങ്കിൽ അവളുടെ ചിറകുകൾക്ക് പുനർ ജീവൻ കിട്ടും. അവൾ കൂടുതൽ ശക്തിയാർജിക്കും.എന്താ നിനക്കത് സാധിക്കുമോ?"

"ഞാനത് ചെയ്യാം. ഞാൻ മരിച്ചോട്ടെ.എന്നാലും അവൾ ജീവിക്കണം.അതാണ് എന്റെ ആഗ്രഹം. ഞാൻ ജീവനോടെ ഉണ്ടാകുമ്പോൾ ജാനറ്റിന് എന്ത് സംഭവിക്കാനും ഞാൻ അനുവദിക്കില്ല. "

"എങ്കിൽ ശരി. നീ തയ്യാറെടുത്തോളൂ."

"ശരി പക്ഷെ ജാനറ്റ് ഇത് ഒരിക്കലും അറിയരുത്."

"സമ്മതിച്ചു. ജാനറ്റ് ഇത് അറിയില്ല. നീയും ജാനറ്റും നാളെ ഈ വെള്ളച്ചാട്ടത്തിന്റെ അരികിൽ എത്തണം. അവൾ പ്രാർത്ഥിക്കാൻ വേണ്ടി കണ്ണടയ്ക്കുന്ന സമയത്ത് നിന്നെ ബലിയറുക്കാം.സമ്മതിച്ചോ? "

"ശരി എനിക്ക് സമ്മതമാണ്. "

അങ്ങനെ നേരം പുലർന്നു. ജാനറ്റിനോട് അവൻ വെള്ളച്ചാട്ടത്തിന്റെ അടുത്തുപോയി പ്രാർത്ഥിക്കാം എന്ന് കള്ളം പറഞ്ഞ് വിളിച്ച് കൊണ്ടുപോയി. ജാനറ്റിനു വേണ്ടി അവൻ സ്വന്തം ജീവൻ ബലികൊടുക്കാനാണ് ചെന്നതെന്ന് പാവം ജാനറ്റ് അറിഞ്ഞിരുന്നില്ല. അവർ ആ വെള്ളച്ചാട്ടത്തിന്റെ അടുത്തെത്തി. ജാനറ്റ് പ്രാർത്ഥിക്കാൻ വേണ്ടി കൈ കൂമ്പിച്ച് കണ്ണുകൾ അടച്ചു. ആ നിമിഷം പ്രകൃതി ദേവത വന്ന് ഒരു മൂർച്ചമുള്ള വാളെടുത്ത് അവന്റെ തലയുടെ നേരെ ഉയർത്തി ആഞ്ഞുവീശി. അവന്റെ ആ ചുടുരക്തം ജാനറ്റിന്റെ മുഖത്തേക്ക് ചിതറി വീണു. പെട്ടന്നവൾ കണ്ണുതുറന്നു നോക്കി. അപ്പോൾ അവന്റെ തല ജാനറ്റിന്റെ കൈകളിലേക്ക് തെറിച്ചു വീണു. പെട്ടന്ന് ജാനറ്റ് ആകെ പരിഭ്രാന്തയായി. എന്നിട്ട് അവന്റെ അടുത്തേക്ക് നിലവിളിച്ച് ഓടിച്ചെന്നു.

"എന്തിനാ ഇങ്ങനെ ചെയ്തത്.തനിക്ക് ഒന്നും സംഭവിച്ചിട്ടില്ല. എഴുന്നേൽക്ക്. ഞാനാ വിളിക്കുന്നത്. നിന്റെ ജാനറ്റ്,ഒന്ന് എഴുന്നേൽക്ക്."

എന്ന് പറഞ്ഞ് അവൾ ഉറക്കെ നിലവിളിച്ചു. അവൾക്ക് എന്ത് പറയണമെന്നും എന്ത്

ചെയ്യണമെന്നും ഒന്നും അറിയില്ലായിരുന്നു.

"ജാനറ്റ് നീ അവന്റെ രക്തം കൊണ്ട് നിന്റെ ചിറകുകൾ ഒട്ടിച്ച് നീ ജീവിച്ചിരിക്കാൻ വേണ്ടിയാണ് അവൻ ഇത് ചെയ്ത്."

"ഇല്ല. ഈ രക്തം കൊണ്ട് എന്റെ ചിറക് ഞാൻ ഒട്ടിക്കി ല്ല.എനിക്കതിനാവില്ല. എനിക്ക് വേണ്ടി എന്തിനാ അവൻ ഇങ്ങനെ ചെയ്തത്."

"ജാനറ്റ് നീ ജീവിക്കണം എന്ന് കരുതിയാണ് അവൻ ഈ ത്യാഗം ചെയ്തത്. നീ അവന്റെ രക്തം കൊണ്ട് നിന്റെ ചിറകുകൾ ഒട്ടിക്ക്. അവന്റെ ആത്മാവ് ഇപ്പോൾ ആഗ്രഹിക്കുന്നതും അതുതന്നെ ആയിരിക്കും. "

ദേവത പറഞ്ഞത് ശരിയാണെന്ന് ജാനറ്റിനും തോന്നി. മനസ്സില്ലാ മനസ്സോടെ ആണെങ്കിലും ജാനറ്റ് അവളുടെ കൈകൾ കൊണ്ട് അവന്റെ രക്തത്തിൽ തൊട്ടു. എന്നിട്ട് അവളുടെ ചിറകുകൾ ഒട്ടിച്ചു. അത്ഭുതം ജാനറ്റിന്റെ ചിറകുകൾ പ്രകാശിച്ചു. ചിറകുകൾ വിടർന്നു. അവൾ കൂടുതൽ ശക്തിയാർജിച്ചു.അവൾ സങ്കടം കൊണ്ട് അവന്റെ രക്തം ദേഹത്താകെ തേച്ചു. ഇവരു ടെ രണ്ട് പേരുടേയും അടങ്ങാത്ത പ്രണയം കണ്ട് പ്രകൃതി ദേവത പറഞ്ഞു.

"ജാനറ്റ് നീ വിഷമിക്കരുത്. നിങ്ങളുടെ പ്രണയം കണ്ടില്ലാന്ന് നടിക്കാൻ ദൈവത്തിനായില്ല.നിങ്ങളുടെ പ്രണയം പൂർത്തിയാകാൻ വേണ്ടി നിന്റെ മരണശേഷം നിങ്ങൾ പുനർജനിക്കും. നീ ഒരു മനുഷ്യനായിട്ടാണ് അപ്പോൾ പുനർജനിക്കുക. പക്ഷെ അവന് നിന്നെ അന്ന് ഓർമയുണ്ടാവില്ല. നിനക്ക് മാത്രമേ ഓർമയുണ്ടാവൂ. പക്ഷെ നിനക്കവന്റെ മുഖം ഓർമയുണ്ടാവില്ല. ഓർമയുണ്ടാകണമെങ്കിൽ നീ ഈ വെള്ളച്ചാട്ടത്തിന്റെ അരികിൽ എത്തണം. അവന്റെ രക്തം തെറിച്ച സ്ഥലത്ത് നീ തൊടണം. അപ്പോൾ നിനക്കവനെ ഓർമവരും. നിനക്ക് മാത്രമല്ല നീ മണ്ണിൽ സ്പർശിക്കുന്ന സമയത്ത് നിന്നെക്കുറിച്ചുള്ള കാര്യങ്ങൾ അവനും ഓർമവരും. അപ്പോൾ നിങ്ങളുടെ പ്രണയം പൂർത്തിയാകും. പക്ഷെ ഇങ്ങനെ സംഭവിക്കണമെങ്കിൽ ഒരാളുടെ ജീവൻ കൂടി ഈശ്വരന് സമർപ്പിക്കേണ്ടിവരും. അത് നിങ്ങളുടെ തീവ്ര പ്രണയത്തിന്റെ ഏതെങ്കിലും ഒരു സാക്ഷിയാകണം. ആ സാക്ഷി ഞാൻ തന്നെയായിക്കോട്ടെ."

എന്നു പറഞ്ഞ് ദേവത സ്വന്തം ജീവൻ ബലി കൊടുത്തു. ജാനറ്റ് ഓടി വന്നപ്പോഴേക്കും ദേവത അവരുടെ തല അറുത്തു മാറ്റിയിരുന്നു. ഒരേ ദിവസം രണ്ടു പേരുടെ രക്തം തെറിച്ചു. രണ്ടും ജാനറ്റിന് പ്രിയപ്പെട്ടവർ. ഒന്ന് അവളുടെ ദേവതയുടെ യും മറ്റൊന്ന് അവളുടെ പ്രണയത്തിന്റെയും. ഈ സംഭവത്തിനു ശേഷം അവൾ നീറി നീറി ജീവിച്ചു. അധികം വൈകാതെ ത ന്നെ ജാനറ്റും ഇഹലോകം പ്രാപിച്ചു."

"ഇതാണ് ഞാൻ പറഞ്ഞ സത്യം.ഈ സത്യം താൻ അ റിയണം. "

"ഇതിൽ എന്തു സത്യമാണ് ഞാൻ മനസ്സിലാക്കേണ്ടത്.?"

"അതു തന്നെ ആ ജാനറ്റ് ഞാനാണ്. എനിക്ക് അവന്റെ മുഖം ഓർമയില്ല. ആ മുഖം ഓർമ വരാൻ സുവർണ താഴ്‌വര
യിലെ വെള്ളച്ചാട്ടത്തിന്റെ അരികിലേക്ക് പോവുകയാണ്.എ
നിക്ക് എന്റെ പ്രണയം പൂർത്തിയാക്കണം."

ടിയാഗൊ ഇത് കേട്ട് ഞെട്ടിപ്പോയി.

"എന്ത് നീ ജാനറ്റ് ആണെന്നോ? വിശ്വസിക്കാൻ കഴിയുന്നില്ല. സഫലമാകാതെ പോയ തീവ്ര പ്രണയം പൂർത്തിയാക്കാൻ വേണ്ടി വീണ്ടും പുനർജന്മം എടുത്തിരിക്കുന്നു. "

"എനിക്ക് പോണം. തന്നെ സ്നേഹിക്കാൻ എനിക്കാവില്ല. "

"ജാനറ്റ് ഒരു നിമിഷം. നിങ്ങളുടെ പ്രണയം പൂർത്തിയാകുന്നത് കാണാൻ എനിക്കും ആഗ്രഹമുണ്ട്. അത് കൊണ്ട് ഞാനും നിന്റെ കൂടെ വന്നോട്ടെ."

അങ്ങനെ ടിയാഗൊയും ജാനറ്റിന്റെ പ്രണയത്തെ തേടിപ്പോയി. ഓരോ മലകളും താണ്ടിയവർ നടന്നു. ടിയാഗൊക്ക് ജാനറ്റിനെ അപ്പോഴും ഇഷ്ടം തന്നെയായിരുന്നു. ജാനറ്റിന്റെ മുടി ഇളം കാറ്റിൽ പാറിപ്പറക്കുന്നത് അവൻ എപ്പോഴും നോക്കിനിൽക്കും. അത് അവന് വലിയ ഇഷ്ടമായിരുന്നു. അവളുടെ കഥയുടെ ആളെപ്പോലെ ആവാൻ അവനും കഴിയും എന്നവൻ ചിന്തിക്കും. പക്ഷെ ചിന്തിച്ചിട്ട് കാര്യമില്ലല്ലോ?

ഒടുവിൽ അവർ ആ വെള്ളച്ചാട്ടത്തിന്റെ അരികിൽ എത്തി.ജാനറ്റിന് സന്തോഷമായി. അവളുടെ പ്രണയത്തെ കാണാൻ പോവുകയല്ലേ.അവൾ ഓടി ചെന്ന് ആ മണ്ണിൽ സ്പർശിച്ചു.ആ മുഖം അവൾ കണ്ടു. അവളുടെ കണ്ണിൽ നിന്നും വെള്ളം വന്നു. അവൾ ടിയാഗൊയുടെ മുഖത്തേക്ക് നോക്കി. ടിയാഗൊ അവളുടെ കണ്ണുകളിൽ കണ്ടു. അവളുടെ പ്രണയ കഥ. അതെ അത് ടിയാഗൊയായിരുന്നു. ജാനറ്റിന് എന്ത് ചെയ്യണമെന്ന് മനസ്സിലായില്ല. അവൾക്ക് സങ്കടവും സന്തോഷവും തോന്നി.അവൾ ഓടിപ്പോയി ടിയാഗൊയെ കെട്ടിപ്പിടിച്ചു. ടിയാഗൊ അപ്പോഴും അത് വിശ്വസിക്കാൻ കഴിയാതെ അത്ഭുതപ്പെട്ട് നിന്നു. എന്നിട്ട് അവൻ അവളെ കെട്ടിപ്പിടിച്ചു.

"ജാനറ്റ് എനിക്ക് എല്ലാം ഓർമവന്നു."എന്ന് പറഞ്ഞ് അവൻ കരഞ്ഞു. നിന്നെ എനിക്ക് കിട്ടില്ലെന്നാണ് ഞാൻ വിചാരിച്ചത്. ഇനി നമ്മൾ പിരിയില്ല. ജാനറ്റ്;

അങ്ങനെ ടിയാഗൊയെയും ജാനറ്റിനെയും ദൈവം വീണ്ടും ഒന്നിപ്പിച്ചു.അവരുടെ തീവ്ര പ്രണയം അതോടെ പൂർത്തിയായി.പിന്നീടവർ സന്തോഷത്തോടെ ജീവിച്ചു.

*************************

# സങ്കടം

വിശാഖ്.സി 9A

ജീവിതത്തിന്റെ മുഖമാണ് വേദന.
വേദന ഇല്ലെങ്കിൽ ജീവിതമുണ്ടോ.....
ജീവിതത്തിൽ എന്തു ഞാൻ നേടി
അതിലൊന്നായി കാണുന്നു എന്റെ വേദനകളെ.

ജീവിതമൊന്നൊള്ളൂ,സന്തോഷമാകണം
അതിലുള്ള ലക്ഷ്യം.
സന്തോഷമില്ലെങ്കിൽ ജീവിതമില്ലെന്ന്
എന്താണ് നമ്മൾ മനസ്സിലാക്കാത്തത്.!
ദുഃഖവും ഐക്യവും സന്തോഷവും
ജീവിതത്തിന്റെ ആധാരമാവണം.

ലോകത്തിനായിരം വേദനയുണ്ടെന്ന്
എന്താണ് നമ്മൾ മനസ്സിലാക്കാത്തത്.!
ലോകത്തിൻ  മക്കൾ നമ്മളെന്നറിയാതെ-
നമ്മളെന്തൊക്കയോ അമ്മയെ ചെയ്തു.

ലോകത്തിൻ മക്കൾ ഐക്യപൂർവം നിന്നാൽ
ലോകവും ഐക്യപരമായി മാറും.
വൻകരയും പിന്നെ രാജ്യങ്ങളും പിന്നെ-
സംസ്ഥാനമായി നാം കഴിയുന്നതോ....
ആ ഒരു ഐക്യം നമ്മൾ കളയാതെ-
ജീവിക്കുമെന്നു നാം പറയണമേ.

ഹിന്ദുവും ക്രിസ്ത്യനും മുസൽമാനു-
മൊന്നിച്ചാൽ ലോകമേ എത്ര സുന്ദരമാകും.
ഭാഷയും വ്യത്യസ്തം വേഷവും വ്യത്യസ്തം.
ഇങ്ങനെയുള്ളൊരു ലോകമേ വ്യത്യസ്തം.
ലോകത്തിൽ ജീവിക്കും ജീവനോ വ്യത്യസ്തം.
സങ്കടമില്ലെങ്കിൽ ലോകവും വ്യത്യസ്തം.

***************



# MY LIFE

Luthufa ali 8A

the darkness of my life
it will never dry ;
the cool dreams in my life
it will ever cry;
my challenges , it turns;

to my life,but it is not
my friendship or my love turns;
to my life,but it is not
my friendship or my love turns;

but, it is batter then my passion.
it is like a hard sun seal;
but, i never change my theme
it is my hearts big bet
my charges are my pain ;
but i wet it with my eye rain.

************



# അന്ധഭാവം

മുബഷിർ 9C

സൗഹൃദചെപ്പു തുറക്കുമ്പോൾ നീയെനിക്ക്-
സമ്മാനിച്ച ചെമ്പനീർ പൂവിൻ ഗന്ധമെന്നെ
സ്നേഹാർദ്രമായി തഴുകുന്നു
അനശ്വരമാമീ മലരുണങ്ങാം

പൂമണവും മാറാം നിമിഷങ്ങളിൽ...
ഇതൾ കൊഴിയുന്ന ജീവിതത്തിൽ
പവിത്രമാം ഹൃദയ ബന്ധത്താൽ നമ്മൾ
തളിർത്ത വസന്തരാമത്തിൽ വാസനപ്പൂക്കൾ

അനശ്വരമെന്നറിയുക നീ...
ഒരു വിരൽ ദൂരമെനിക്കും മുന്നിൽ നിന്നിട്ടും
ഒരു വാക്കുമെന്തേ മൊഴിഞ്ഞതില്ല
ഇനിയെന്തിനാണ് നിൻ മൗനം? പൂവേ...

അറിയുന്നു ഞാൻ നിന്റെ അനന്തരംഗം
മറവികളിലും ആ ഓർമകൾ നിന്നെ
വേട്ടയാടിക്കൊണ്ടിരിക്കും
സൗഹൃദത്തിൻ സന്തോഷമറിഞ്ഞ ഞാൻ
ഇപ്പോൾ അതിന്റെ അന്ധതയറിയുന്നു..

*****

# വിദ്യാർത്ഥി: വിദ്യാഭ്യാസം, എന്ത് എങ്ങനെ.....?



രാജേഷ് ഇ കെ

മലയാളം അദ്ധ്യാപകൻ

വിദ്യാഭ്യാസത്തിന്റെ രണ്ടു തലങ്ങൾ

1.മനുഷ്യന്റെ നൈസർഗിക വാസനകൾ പോഷിപ്പിക്കൽ

2.സാഹചര്യം സൃഷ്ടിക്കുന്ന വാസനകൾ പോഷിപ്പിക്കൽ

'വിദ്യ'ഗുരുവിൽ നിന്ന് കാൽ ഭാഗവും സ്വന്തമായി കാൽ ഭാഗവും സഹപാഠികളിൽ നിന്ന് കാൽഭാഗവും പിന്നീട് കാൽ ഭാഗം കാലഭ്രമത്തിലുമാണ് നേടുന്നത് .

"മാതൃദേവോ ഭവ
പിതൃദേവോ ഭവ
ആചാര്യദേവോ ഭവ
അതിഥി ദേവോ ഭവ "

മാതാവിനെയും പിതാവിനേയും ആചാര്യനെയും അതിഥിയേയും ദേവനു തുല്യം കാണണം. ഒരുഭാവമുണ്ട് ഗ്രഹണ ശക്തി കൊണ്ടും ധാരണാ ശക്തി കൊണ്ടും മനന ശക്തി കൊണ്ടും ദൈവിക- ഭാവത്തെ കണ്ടെത്തണം .

"സുഖാർത്ഥി വിടണം വിദ്യ
വിദ്യാർത്ഥി വിടണം സുഖം"

സുഖം ആഗ്രഹിക്കുന്നവൻ വിദ്യ ഉപേക്ഷിക്കണം .വിദ്യ ആഗ്രഹിക്കുന്നവൻ സുഖം ഉപേക്ഷിക്കണംഅതിനാൽവിദ്യാർത്ഥിസുഖതൃഷ്ണയെ ജ്ഞാനതൃഷ്ണയാക്കിമാറ്റണം.അറിവിനേക്കാൾ പ്രധാന്യം തിരിച്ചറിവിനാണ് . അതുകൊണ്ട് വിദ്യാർത്ഥി ആദ്യം തിരിച്ചറിവിനെക്കുറിച്ച് മനസ്സിലാക്കണം. ഏതു വിദ്യയും നിരന്തരമായ അഭ്യാസത്താൽ മാത്രമേ സ്വായത്തമാക്കാൻ കഴിയൂ...

*********

ചിറ്റ്-2019

# നൂറുമേനിയുടെ വിളനിലം






1920-ൽ പരിയങ്ങാട് എൽ. പി സ്കൂളായും തുടർന്ന് ജി. യു. പി സ്കൂൾ അഞ്ചച്ചവടി യായും വളർന്ന് 2013-ൽ നാട്ടുകാരുടെ അടങ്ങാത്ത ആഗ്രഹത്തിനു മുമ്പിൽ ഹൈസ്ക്കൂളായി ഉയർത്തപ്പെട്ട ഒരു ഉന്നത സ്ഥാപനമായി ഇന്ന് അഞ്ചച്ചവടി ഗവ.ഹൈസ്ക്കൂൾ മാറിയിരിക്കുകയാണ്.

2016 മാർച്ചിൽ ഹൈസ്ക്കൂളിന്റെ ആദ്യ ബാച്ചിലെ 98 കുട്ടികളും വിജയതീരമണിഞ്ഞ് സർക്കാർ സ്കൂളുകളുടെ ചരിത്രത്തിൽ വേറിട്ട അനുഭവമായി. എല്ലാ പരിമിതികളെയും മറികടന്ന് നൂറുമേനി കൊയ്തെടുത്ത് നാടിന്റെ അഭിമാനമായി നമ്മുടെ സ്കൂൾ മാറി. തുടർന്ന് 2017 ൽ 123 കുട്ടികളും 2018 ൽ 120 കുട്ടികളും പരീക്ഷയെഴുതുകയും എല്ലാവരും വിജയിക്കുകയും ചെയ്തു. 2016 ൽ 2 ഫുൾ എ പ്ലസും 2017 ൽ 6 ഫുൾ എ പ്ലസും ലഭിച്ചു. സഹ അധ്യാപകരുടെയും പി. ടി. എ എസ്. എം. സി അംഗങ്ങളുടെയും രക്ഷിതാക്കളുടെയും കുട്ടികളുടെയും കഠിന പ്രയത്നത്തിന്റെ ഭാഗമായാണ് ഈ തിളക്കമാർന്ന വിജയങ്ങൾ നേടാനായത്.

2019 മാർച്ചിൽ 132 കുട്ടികളു മായാണ് പരീക്ഷയെ നേരിടുന്നത്. മുൻ വർഷങ്ങളിലെ ഫലങ്ങളെക്കാൾ മികച്ച ഫലം പ്രതീക്ഷിച്ച കൊണ്ടുള്ള പ്രവർത്തനങ്ങൾ ജൂൺ മാസം മുതൽക്കുതന്നെ ആരംഭിച്ചു. മോണിംഗ്, ഈവനിംഗ്ക്ലാസുകൾ, രാത്രി കാലക്ലാസുകൾ, കുട്ടികളുടെ ഗൃഹസന്ദർശനം എന്നിങ്ങനെ വിവിധ പരിപാടികളുമായി എല്ലാ അധ്യാപകരും ഒറ്റക്കെട്ടായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. പ്രധാനാധ്യാപിക ശ്രീമതി ഏലിയാമ്മ ടീച്ചറുടെ നേതൃത്വത്തിൽ മുഴുവൻ അദ്ധ്യാപകരുടേും ആത്മാർത്ഥമായ പ്രവർത്തനം നടത്തി കൊണ്ടിരിക്കുകയാണ് നമ്മൾ

മികവാർന്ന വിജയം ഈ വർഷവും പ്രതീക്ഷിച്ച് കൊണ്ട് ......................

അഞ്ചച്ചവടി
*19/1/2019*

മുജീബ് തെക്കൻ
*വിജയഭേരി കോർഡിനേറ്റർ*

ജിഷ. വി
എൽ പി എസ് ടി

# മകളേ.....

മകളേ.....
ഇതാണ് അമ്മ നീന്തിക്കടന്ന-
പ്രണയ പ്രളയത്തിന്റെ പാഠങ്ങൾ
പാഠത്തിനപ്പുറത്ത്.....
ചിറകെട്ടി നിർത്തിയ സ്വപ്നങ്ങൾ
നാക്കു നീട്ടി പാഞ്ഞെത്തും വരെ
മറ്റൊരു പ്രളയം വരെ;
ഞാൻ തന്നെയാണ് ശരി
മകളേ ഇതമ്മയുടെ പാഠം
തകർന്ന ഹൃദയ നിലങ്ങളിൽ-
ഇനി പ്രളയാതി ജീവന-
ക്കതിരുകൾ മാത്രം ബാക്കി.
ഹൃദയ പാടങ്ങളിലുയർത്തിയ-
കരിങ്കൽക്കെട്ടി നുള്ളിൽ'
ക്രമീകരിച്ച തണുപ്പിൽ'
മിന്നിമറയുന്ന സ്ക്രീനിൽ കണ്ണും നട്ട്
ഞാറിന്റെ പച്ചപ്പിലും'
പുഴയുടെ കുളിർമയിലും
ഒഴുകിയിറങ്ങുമ്പോഴും
മുഖങ്ങളില്ലാത്തൊരു ചാറ്റിംഗ്
ആകാശത്തിലെ മിന്നാമിന്നായി-
പറക്കേണം നീ.
പൂക്കും നന്മകളേ തിരയേണം '
നാട്യങ്ങളെ തിരയേണം'
മകളേ.... ഇതമ്മയുടെ പാഠം
*********



## നൊസ്റ്റാൾജിയ

ഷിഫ മാജി 9A

കൽക്കത്ത നഗരത്തിന്റെ തിരക്കിൽ നിന്നും പിറന്ന നാട്ടിലേക്കുള്ള യാത്രക്ക് മകൻ അറിയിച്ചപ്പോൾ തന്നെ ഭാനുമതിയമ്മക്ക് വല്ലാത്ത ഒരു ആനന്ദമായിരുന്നു. നീണ്ട നാൽപത് വർഷത്തെ പ്രവാസം ആ മനസ്സിന് വല്ലാതെ തളർത്തിയിരുന്നു. ജീവിതത്തിന്റെ കൗമാരം ഭർത്താവിനൊപ്പമാവാൻ അതല്ലാതെ മാർഗമുണ്ടായിരുന്നില്ല. സ്വർഗം വിട്ട് പാലായനമാവുമ്പോൾ വയസ്സ് ഇരുപത്. നാട്ടുവഴികളും നാടും കൂട്ടുമൊക്കെ ഉപേക്ഷിച്ച് പോരുമ്പോൾ വല്ലാതെ വേദനിച്ചിരുന്നു. ആ മനസ്സ് എന്നിട്ടും പിടിച്ചുനിന്നു. ഇനി വയ്യ, മടങ്ങണം. കൂടെ നിന്ന ഭർത്താവിന്റെ ചിതാഭസ്മം നിമജ്ജനം ചെയ്യുമ്പോൾ തന്നെ മനസ്സ് പറഞ്ഞതാണ്. ഒടുവിൽ മകൻ സമ്മതിക്കുമ്പോൾ മനസ്സിനു വല്ലാതെ ആശ്വാസം തോന്നി. തന്റെ തറവാട്ടുവീടും തന്റെ നാടും തന്റെ പഴയകാല കൂട്ടുമൊക്കെ മനസ്സിനെ വല്ലാത്ത ഒരു നൊസ്റ്റാൾജിയ സമ്മാനിച്ചു.

"നമ്മൾ കൽക്കത്ത നഗരത്തോട് വിട പറയുന്നു."

മകന്റെ തോളിൽ തട്ടിയുള്ള ശബ്ദം കേട്ടാണ് പരിസരം വീണ്ടെടുത്തത്. ട്രെയിൻ നീങ്ങുകയാണ്. നാൽപത് വർഷത്തെ തന്റെ ഓർമകൾ ഇവിടെ ഇട്ടേച്ചു പോവുകയാണ്. യാത്രയാക്കാൻ വന്നവരെ കൈവീശി കാണിക്കുമ്പോൾ അറിയാതെ കണ്ണുകൾ ഈറനണിഞ്ഞു. മൂന്ന് ദിവസത്തെ ട്രെയിൻ യാത്ര അവസാനിച്ചു. റെയിൽവെ സ്റ്റേഷനിൽ നിന്ന് കാറിൽ കയറുമ്പോൾ നാടിന്റെ മാറ്റം ഭാനുമതിയമ്മയെ അത്ഭുതപ്പെടുത്തി. ഒപ്പം മനസ്സിന്റെ കോണിലെവിടെയോ വല്ലാത്ത നൊമ്പരവും. റോഡിനിരു വശവും തണലായിരുന്ന മരങ്ങളൊക്കെ ഇന്ന് കോൺക്രീറ്റ് സൗധങ്ങളായിരിക്കുന്നു. വിജനമായി കിടന്നിരുന്ന നാടു പാതകൾ വരെ നീണ്ടനിരകൾ. കൊച്ചു പെട്ടിപീടികകളുടെ ഒരു ചിത്രം പോലും കാണുന്നില്ല. കൽക്കത്തയുടെ ഗ്രാമത്തിലെ കാഴ്ച ഇന്നും പഴയ ഓർമകൾ തരും. അതു കൊണ്ടാവണം തന്റെ നാടിന്റെ മാറ്റം തനിക്ക് പൊരുത്തപ്പെടാൻ ഇത്ര വൈമനസ്യം.

വീതി കൂടിയ കരിമ്പുഴക്ക് മുകളിലൂടെയുള്ള വീതി കൂടിയ പാലം കൗതുകമായിരുന്നു. എന്നാൽ കരിമ്പുഴയുടെ വീതി കുറഞ്ഞിരിക്കുന്നു. അവളെ സ്വസ്ഥമായി ഒഴുകാൻ മതിൽ കെട്ടുകളുടെ വേലി സമ്മതിക്കുന്നില്ല. അതുകൊണ്ട് കൂടിയാവണം അവളുടെ മുഖത്തിന്റെ പ്രകാശം നഷ്ടപ്പെട്ടത് പോലെ ഭാനുമതിയമ്മക്ക് തോന്നിയത്. മകൻ താഴെ പുഴക്കരികിൽ വണ്ടി നിർത്തുമ്പോൾ മനസ്സ് ഓർമകളിലേക്കാണ്ടു പോയി. താനും അയലത്തെ കദീസുവും കൂടി ഈ മണൽ പറമ്പിൽ എത്ര കളിച്ചിരുന്നു. അന്നവൾക്ക് ശാന്ത സ്വഭാവമായിരുന്നു. താഴെവീണ

മുത്തുമണികൾ കണക്കെ അവളുടെ ചിരിയുടെ ശബ്ദം നേർത്തതായിരുന്നു.

ഇടിഞ്ഞുപൊളിഞ്ഞ ഗേറ്റുകടന്ന് കാർ തറവാട്ടു മുറ്റത്തേക്കു കയറുമ്പോൾ പഴയ മുല്ല പൂവിന്റെ സുഗന്ധത്തിനു പകരം ജീർണിച്ച കരിയിലകളുടെ മണം. മട്ടുപ്പിക്കുന്ന ഗന്ധം. നിറഞ്ഞു നിന്നിരുന്ന മരങ്ങൾക്ക് പകരം ചിതൽ തിന്നുപോയ മരങ്ങൾ മാത്രം. പറമ്പിന്റെ തെക്കേ അറ്റത്തെ കദീസുവിന്റെ വീടായിയിരുന്നു. അതുകൊണ്ടു തന്നെ ആദ്യം പോയതും അവിടേക്ക് തന്നെ. കൽക്കത്തക്ക് പോയതിൽ പിന്നെ ഒന്നും അറിഞ്ഞില്ല.അവൾക്കു മുമ്പെ കല്യാണം കഴിഞ്ഞപ്പോൾ വല്ലാത്ത വിശമം തോന്നിയിരുന്നു.ചെറുപ്പം മുതൽ ഒന്നിച്ച് ഉണ്ടും ഉറങ്ങിയും ജീവിച്ചവരെ വിവാഹം എന്ന പ്രതിഭാസം രണ്ടാക്കി മാറ്റിയത് വല്ലാതെ വേദനിപ്പിച്ചു. രണ്ടാളും യാത്ര പറയുമ്പോഴും അച്ഛനും അമ്മയും അടക്കം കൽക്കത്തക്ക് തിരിക്കുമ്പോഴും ഒരു നീണ്ട പ്രവാസം ഒരിക്കലും വിചാരിച്ചിരുന്നില്ല. ഒടുവിൽ തിരിച്ചു വരുമ്പോൾ എല്ലാം നശ്ടപ്പെട്ടതും. കദീസുവിന്റെ വീടിന്റെ ഒരു അടയാളം പോലും ഇന്ന് കാണാതായിരുന്നു. ഞങ്ങളുടെ പറമ്പുകൾക്ക് ഇന്ന് അതിർ വരമ്പുണ്ടായിരിക്കുന്നു. വേലികെട്ടി തിരിച്ച സമൂഹമാണ് ഇതൊക്കെ ചെയ്തിരിക്കുന്നത്.

"ഉമ്മ ഇവിടെ ഇല്ല. മകന്റെ കൂടെ ഗൾഫിലേക്ക് പോയി. പിന്നെ വന്നിട്ടില്ല." പണിക്കാരൻ ഗോപാലൻ അത് പറയുമ്പോൾ ഭാനുമതിയമ്മയുടെ കണ്ണുകൾ നിറഞ്ഞു. ഒന്നും മിണ്ടാതെ അവർ തിരിച്ചു നടന്നു. തനിക്ക് കാണാനുണ്ടായിരുന്നവർ ഇന്ന് ഇവിടെയില്ല.

ഞങ്ങളുടെ മനസ്സായിരുന്ന ഈ മണ്ണ്, അതിനു പോലും വേലി കെട്ടിയിരുന്നു.

മുറ്റത്തെ വണ്ടിക്കടുത്തെത്തുമ്പോൾ അവർ കണ്ണുകൾ തുടച്ചു. കാറിന്റെ അകത്ത് കദീസുവിന് വേണ്ടി വാങ്ങിയ സാധനങ്ങൾ തന്നെ നോക്കി ചിരിക്കുന്നതുപോലെ അവൾക്കു തോന്നി.

ഇന്ന് ഞങ്ങളുടെ ഭൂമിയില്ല. ഞാനും കദീസുവും കളിച്ചു നടന്ന സഹോദര്യത്തിന്റെ വിളനിലം ഇന്ന് മനസ്സിനു പോലും വേലികെട്ടാൻ ശ്രമിക്കുന്നവരുടെ നാടായി മാറിയിരിക്കുന്നു തന്റെ നാട്. തനിക്കിത് കാണാൻ കഴിയില്ല. കണ്ണുകൾ ഇരുണ്ടു കയറുന്നതുപോലെ തോന്നിയപ്പോൾ ഭാനുമതിയമ്മ കാറിൽ കയറി ഡോറടച്ചു.

വീട്ടിലേക്ക് കയറിന്നില്ലേ. മകൻ ചോദിക്കുന്നതൊന്നും അവർ കേട്ടില്ല. ഇരുട്ടടച്ച കണ്ണുകൾ അവരെ ഏതോ ലോകത്തേക്കു കൂട്ടുന്നതു പോലെ തോന്നി. ഒന്നും പറയാതെ മകൻ വണ്ടി യിൽ കയറി തിരിച്ചു. കാർ റെയിൽവെ സ്റ്റേഷനിൽ നിർത്തുമ്പോൾ മകൻ ചോദിച്ചു. തിരുവനന്തപുരത്ത് പോയാലോ ? മാമനെ കാണാം, വേണ്ട ,കൽക്കത്തക്ക് പോവാം. ഭാനുമതിയ മ്മയുമ്മുടെ തീരിമാനം അതായിരുന്നു.

കൽക്കത്തക്കുള്ള ട്രെയിൻ നീങ്ങിതുടങ്ങിയതൊന്നും ഭാനുമതിയമ്മ അറിഞ്ഞില്ല. വണ്ടി മുന്നോട്ടു പോവുമ്പോൾ അവരുടെ മനസ്സ് പിന്നോട്ട് പായുകയായിരുന്നു. ഒരുപാട് പിന്നോട്ട്,റോഡും ഇടവഴിയും കടന്നു. ശാന്തമായി ഒഴുകുന്ന കരിമ്പുഴയുടെ തീരത്തേക്ക് അവിടെ അവരെ കാത്ത് കദീസു ഉണ്ടായിരുന്നു.

*************



രാജേഷ് മാസ്റ്റർ

## പുരാവൃത്തം-മണ്ണുണ്ടായത്...

കുറിച്യരുടെ ദൈവമാണ് മലക്കാരി . മലക്കാരിക്ക് ദേവലോകം മടുത്തു . ഭൂമിയിലേക്കിറങ്ങണം.
സ്വർഗ്ഗാധിപനായ ദൈവത്തോട് അനുവാദം വാങ്ങി.
തന്റെ പതിനാലു ചക്രങ്ങളുള്ള തേര് ഓടിച്ച് കീഴ്ലകത്തിലേക്ക് വന്നു . പക്ഷേ മലക്കാരിക്ക് ഭൂമിയിലിറങ്ങാൻപറ്റിയില്ല.
സർവ്വത്ര വെള്ളംഅൽപം മണ്ണുകണ്ടാലല്ലേ തേരിറങ്ങാൻ പറ്റൂ. മലക്കാരിതിരിച്ചു പോയി."അല്ല, മലക്കാരി ഭൂമിയിലേക്ക് പോയിട്ട് എന്തേ ഇത്ര വേഗം തിരിച്ചു വന്നു"
"അവിടെ വെള്ളമല്ലാതെ മറ്റൊന്നുമില്ല തമ്പുരാനേ..........
കുന്നുകളില്ല,പർവ്വതങ്ങളില്ല, താഴ്വരകളില്ല, ഒരു തരി മണ്ണു പോലുമില്ല."പിന്നെവിടെ ഞാൻ തേരിറക്കും"
ദൈവം മലക്കാരിയോട് രണ്ടു കൈകളും തുറന്നു പിടിച്ചു കൊണ്ട് ഒറ്റക്കാലിൽ നിൽക്കാൻ പറഞ്ഞു.സ്വർണ്ണ നിറമുള്ള പൊടി മലക്കാരിയുടെ കൈയിൽ ദൈവം വിതറികൊടുത്തു.
അതിൽ കുറച്ചെടുത്ത് ഭൂമിയിലെ ജലത്തിലിട്ട് ഇളക്കാൻ പറഞ്ഞു. ജലത്തിൽ പൊടി അലിഞ്ഞ് മണ്ണുണ്ടായി.കുന്നുകളും പർവ്വതകങ്ങളും ഉയർന്നു വന്നു. നദികളും താഴ്വരകളുമുണ്ടായി.

മണ്ണും ജലവും കുന്നും നദികളുമില്ലാത്ത വിരസമായ ഭൂമിയിൽ ജീവൻ സാധ്യമല്ലെന്നുള്ള ആശയംഈ പുരാവൃത്തം നൽകുന്നു.

" ചെന്നിരിക്കാൻ പൂനിയില്ലപറന്നു പറ്റാൻ മരങ്ങളില്ല
പൂമിയമ്മേ പൂമിയമ്മേനല്ല വാതിൽ തുറക്കവേണം"

************



# കൊണ്ടറിഞ്ഞമഴ

ഇർഫാന .എം 9 A

ഞാൻ ഇന്ന് അതിരാവിലെ എണീറ്റു. എന്തോ രാത്രിയിലെ ഉറക്കം വല്ലാതെ സുഖം വന്നില്ല. വീടിന്റെ പൂമുഖത്ത് തണുത്ത കാറ്റും കൊണ്ട് ഞാൻ കസേരയിൽ പുതച്ചിരുന്നു. അതിരാവിലെയുള്ള ആ ശുദ്ധവായുവും ശ്വസിച്ച കൊണ്ട് ഞാൻ അതിരില്ലാ ആലോചനയിലാണ്ടു പോയി. കസേരയിലിരുന്ന് ഞാൻ അറിയാതെ ഉറങ്ങുകയും ചെയ്തു. ഒരു മണിക്കൂറോളം നീണ്ട ആ ഉറക്കത്തിൽ എന്തോ ആരും എന്നെ ശല്ല്യപ്പെടുത്താൻ വന്നില്ല. സൂര്യന്റെ മനോഹമായ ചുവന്ന പ്രകാശം മുഖത്തടിച്ചാണ് ഞാൻ ഉണർന്നത്. ആ പ്രകാശത്തിന്നിടയിലൂടെ സൂചി വീഴുന്നതുപോലെ തിളങ്ങുന്ന മഴത്തുള്ളികൾ വീഴുന്നു. എനിക്ക് അവിടെ നിന്ന് എണീക്കാൻ ഒട്ടും തോന്നിയില്ല. പെട്ടന്ന് മഴതുള്ളികളുടെ എണ്ണവും വേഗവും കൂടിക്കൂടിവന്നു.ആവേശത്തോടെ ഞാൻ മഴകൊള്ളാൻ വീട്ടുമുറ്റത്തേക്കിറങ്ങി. "രാവിലെത്തന്നെ മഴ കൊള്ളുകയോ? വല്ല അസുഖവും വരും." അനു ചേച്ചി പറഞ്ഞു.

ഞാൻ അതത്ര കാര്യമാക്കാതെ കേട്ട ഭാവത്തിൽ ഒന്ന് മൂളി.ദേഹത്തിൽ മഴത്തുള്ളികൾ വീഴുമ്പോൾ അതിന്റെ തണുപ്പും ആസ്വദിച്ച് കോറിപ്പിടിച്ച് മുറ്റത്തു കൂടി ഞാൻ അങ്ങോട്ടുമിങ്ങോട്ടും നടന്നു. ഓരോ തുള്ളി ദേഹത്ത് വീഴുമ്പോഴും എന്റെ മനസ്സിനും ദേഹത്തിനും ശുദ്ധി വരുന്നത് പോലെ എനിക്ക് അനുഭവപ്പെട്ടു. കൂടാതെ എന്നെ സന്തോഷിപ്പിക്കുന്ന ഓരോ ഓർമയും മനസ്സിലേക്ക് തള്ളിവന്നു. അങ്ങനെ മഴ തോരുകയാണെന്ന് തോന്നിയപ്പോൾ വീടിന്റെ പൂമുഖപ്പടിയിൽ ഞാനങ്ങിരുന്നു.ഞാൻ മനസ്സിൽ ചിന്തിച്ചു. രാവിലെത്തന്നെ മഴ കൊണ്ടപ്പോൾ എന്തോ ഒരു സുഖം. ഈ മനോഹരമായ, ഇത്ര യും ശാന്തമായ ഈ മഴ കൊള്ളാൻ കഴിയാത്തവർക്ക് നഷ്ടം തന്നെ.

ഇന്നത്തെ ദിവസം എത്രയോ മനോഹരമായിരുന്നു. രാവിലെ അത്രയും നല്ല മഴ കൊണ്ടതു കൊണ്ടാവാം നല്ല ഉൻമേഷം ലഭിച്ചു. ഇന്ന് ഓരോ പ്രവൃത്തി ചെയ്യുമ്പോഴും ആ പ്രവൃത്തിയിൽ അതിയായ താൽപ്പര്യം തോന്നിയിരുന്നു. എന്നത്തെയും ദിവസങ്ങളിൽ നിന്നും വ്യത്യസ്തമായി എനിക്ക് ലഭിച്ചത് ഒരു മഴ. ആ മഴയാൽ ഇന്നത്തെ എന്റെ ദിവസം എന്നത്തേക്കാൾ വ്യത്യസ്തവും മനോഹരവും തന്നെ.

************



സൽമാനുൽ ഫാരിസ് 10 A

## തെളിയേണം തീരങ്ങൾ

ഇരുപുറം ഇന്നും വെള്ളമാണീശ്വരാ.....
എന്നെയങ്ങോട്ടൊന്നെടുത്തിടൂ ഈശ്വരാ.....
അമ്മയുടെ പാൽമൊഴി ഒന്നിന്നു കേൾക്കുവാൻ
കൊതിയാണ് മമതയാണിന്നെന്റെ ഈശ്വരാ....

പൂവും പൂമ്പൊടിയും കാറ്റും കുളിരും
എവിടെയാണിന്നത് ?എങ്ങോട്ടുപോയത്?
നാളേക്ക് വേണ്ടി കാത്തിരിപ്പാണിന്നു ഞാൻ
മിന്നുന്ന നിറമോ,ഒഴുകുന്ന സ്വരമോ
ഇന്നില്ല എങ്ങുപോയ് എന്തിന്നു പോയ്
കൈകൂപ്പുന്നു ഞാൻ കാക്കണേ നീ എന്നെ

വേണമെനിക്കെന്റെ ജീവിത ഭിത്തികൾ;
തകരുന്നു ഇന്നത് മായുന്നു ഞാനിന്ന്,
വെള്ളിത്തിരകളെ മായ്ച്ചിന്നു കളയുവാൻ
ആവില്ലെനിക്കിന്ന് ഒന്നിനു മിനിയാവില്ല;

വെപ്രാളമാവുന്നു വേഗത കൂടുന്നു
ചിരിയില്ല എന്നാലും കരയുവാൻ ഞാനില്ല;
എവിടെയാണെന്നെ തേടുന്ന ആ തീരം?
കടലാണിരുപുറം തേടുന്നു തീരം ഞാൻ

കണ്ണടച്ചിട്ടൊന്നു ഉമ്മവെച്ചീടുവാനാ-
രുമില്ലീശ്വരാ കാക്കുവിൻ എന്നെ നീ..
എന്റെ ഉള്ളിന്റെയുള്ളിലെ ആഗ്രഹ
തീരങ്ങൾ തെളിയേണം
തിരമാല മറയേണം.

**********



# തലമുറയായി പ്രകൃതിയെ സംരക്ഷിക്കാം

അജ്മില .എം.ടി 9 A

പ്രകൃതി ഇപ്പോൾ വളരെയധികം ഭീഷണി നേരിടുന്നു. നമുക്കു വേണ്ടി നമ്മൾ സംരക്ഷിക്കേണ്ട ഒന്നിനെ നമ്മൾ തന്നെ നശിപ്പിക്കുകയാണ്ചെയ്യുന്നത്. അതിലൂടെ നമ്മൾ നശിപ്പിക്കുന്നത് പ്രകൃതിയെ മാത്രമല്ല,നമ്മുടെ തലമുറയേയുമാണ്. പ്രകൃതി ദുരന്തം എന്നത് ഈ കാലത്ത് താനേ ഉണ്ടാകുന്ന ഒന്നല്ല , നമ്മൾ ഉണ്ടാക്കുന്ന ഒന്നാണ്. നമ്മൾ പ്രകൃതിക്ക് നൽകുന്നത് തന്നയാണ് പ്രകൃതി നമക്കും തിരിച്ചുതരുന്നത്. ഇതിന് ഉദാഹരണം പറയും മുൻമ്പ് തന്നെ ആദ്യം മനസ്സിലേക്ക് ഓടി വരുന്ന ദുരന്തം ഈ അടുത്ത് നടന്ന ഒരു മഴയാണ്. ആ മഴ പ്രകൃതിയുടെ വേദന നമുക്ക് കാണിച്ചു തന്നു. അതിലൂടെ പ്രകൃതി അതിനെ ചൂഷണം ചെയ്തവരെ തന്നെയാകാം നശിപ്പിച്ചതും. പ്രകൃതിയുടെ വേദന എന്നത് ഇപ്പേൾ മഴയായിട്ട് പെയ്യുകയാണെങ്കിൽ അതിന് അവസാനമില്ലാതായിരിക്കും. നമ്മൾ പറയുകയും ചെയ്യുകയുമാണെങ്കൽ ഏറ്റവും കൂടതൽസംരക്ഷിക്കേണ്ട ഒന്നാണ് പ്രകൃതി. അതിനെ നാം ഉപാധികളില്ലാതെ സംരക്ഷിക്കേണ്ടതാണ്. കാരണം അതിനെ നമ്മൾ സംരക്ഷിക്കുകയാണെങ്കിൽ അത് നമുക്കുതിരിച്ചു തരുന്നതും സംരക്ഷണമായിരിക്കും.

ആദ്യ കാലത്ത് പ്രകൃതി സംരക്ഷിക്കാൻ ഉപയോഗിച്ച എല്ലാത്തിനും ഈ കാലത്ത് ഉപയോഗിച്ചിരിക്കുന്നത് 'മിഷനുകൾ' ആണ്. നാം ഓരോ മനുഷ്യനും സംരക്ഷിക്കേണ്ട രീതിയിൽ സംരക്ഷിക്കുകയാണെങ്കിൽ അതിന് ഒരു പ്രശ്നവും വരുന്നില്ല. വരാൻ പോകുന്നുമില്ല. മാലിന്യങ്ങളും ചപ്പുചവറുകളും പ്ലാസ്റ്റിക്കുകളും ... എല്ലാം നാം പ്രകൃതിയോട് ചെയ്യുന്ന ക്രൂരതകളാണ്. അതെല്ലാം നാം ഒഴിവാക്കുകയാണെങ്കിൽ പ്രകൃതി എന്നത് ഒരു സ്വർഗം തന്നെയായിരിക്കും. പ്രകൃതിക്കും മറ്റുള്ളതിനും ജീവജാലങ്ങൾക്കും പ്രശ്നങ്ങളും ഉണ്ടാകുകയില്ല.ലോകത്ത് ഇപ്പോൾ വളരെയധികം ഭീഷണിയുള്ളത് പ്രകൃതിക്കും ജീവജാലങ്ങൾക്കുമാണ്. ആ ഭീഷണി നൽകുന്നതാവട്ടെ പ്രകൃതിയുടെ തന്നെ ഭാഗമായ മനുഷ്യനും. പ്രകൃതിയുടെ ഒരു ഭാഗം ഒരു സെക്കന്റ് കൊണ്ട് നശിക്കുകയാണെങ്കിൽ ആ ഒരു സെക്കന്റിന്റെ പകുതി പോലും വേണ്ടി വരില്ല ആ പ്രകൃതിയിൽ ജീവിക്കുന്ന മനുഷ്യരായ നമുക്ക്. അതുകൊണ്ട് നാം പ്രകൃതിയെ സംരക്ഷിക്കണം. അല്ലെങ്കിൽ അടുത്ത ഒരു തലമുറക്ക് ജീവിക്കാൻ ഈ പ്രകൃതി ബാക്കിയുണ്ടാവില്ല. മനുഷ്യൻ തന്നെയാണ് പ്രകൃതിയെ മാറ്റി മറിക്കുന്നത് ആ മനുഷ്യന് തന്നെ ഈ പ്രകൃതിയെ സംരക്ഷിക്കാനുമാകും അതുകൊണ്ട് സംരക്ഷിക്കാം പ്രകൃതിയേയും തലമുറയേയും.... ഇപ്പോൾ പ്രകൃതിയെ സംരക്ഷിക്കുന്ന ചില കർഷകർ മാത്രമേയുള്ളു. അതിൽ തന്നെ ബാക്കിയുള്ളവരെ നമ്മൾ തന്നെ ചൂഷണം ചെയ്യുന്നു. എന്നാൽ നമുക്കാവശ്യമുള്ളതെന്തും ഒരു പിടി മണ്ണിൽവിളയിക്കാം.

പ്രകൃതിക്ക് വേണ്ടത് നമ്മൾ നൽകുകയാണെങ്കിൽ അത് നമുക്ക് വേണ്ടത് തരും. അതിന് വേണ്ടത് സംരക്ഷണമാണ്. പക്ഷെ അതിപ്പോൾ ആരും നൽകുന്നില്ല.എല്ലാവർക്കും തിരക്കോട് തിരക്കാണ്. ഒരു നിമിഷമെങ്കിലും പ്രകൃതിക്ക് വേണ്ടി മാറ്റി വെച്ചാൽ ചിലപ്പോൾ ഒരു ദിവസം കൊണ്ട് തന്നെ പ്രകൃതിയെ സുന്ദരമാക്കാൻ കഴിയും. അതുകൊണ്ട് "സംരക്ഷിക്കാം തലമുറയായി പ്രകൃതിയെ".

***********

ചില്ല്-2019

# ഇന്റർനെറ്റ്
# ഗുണവും ദോഷവും
# (ചർച്ച)

ഫർഹാന
ഫഹീമബീഗം
ഇർഫാന

സാങ്കേതിക വിദ്യ മാനം മുട്ടെ വളർന്നു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നമ്മുടെ കുട്ടികൾ ഇന്നു ജീവിക്കുന്നത്. നമ്മുടെ സ്കൂൾ കുട്ടികളുടെയും കൗമാരക്കാരുടെയും ജീവിത രീതി യിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്ന ഘടകം ഏതാണെന്ന ചോദിച്ചാൽ അത് ഇന്റർനെറ്റ് തന്നെയാണ്.ഇതിന്റെ ഉപയോഗത്തിൽ മിതത്വം പാലിച്ചില്ലെങ്കിൽ ഗൗരവപൂർണമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായേക്കാം. സാമൂഹികമായ ആശയ വിനിമയം സാധ്യമാക്കുന്ന ഏത് സൈറ്റും നെറ്റ് വർക്കിൽ പെടും.You Tube, Face Book,club penquen ഇവയൊക്കെ ഈ ഗണത്തിൽ പെടും.

ആശയ വിനിമയ പാടവം വർധിപ്പിക്കുക,പുതിയ കാര്യങ്ങൾ പഠിക്കുക എന്നീ കാര്യങ്ങൾ ഇത്തരം സൈറ്റുകളുടെ ഉപയോഗം മൂലം കുട്ടികൾക്ക് കിട്ടുന്ന ഗുണങ്ങളാണ്.സൂക്ഷിച്ചുപയോഗിച്ചാൽ പഠനത്തിന്റെ ഭാഗമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും സർഗാത്മകമായ കാര്യങ്ങൾക്കും മാനസിക വികാസത്തിനും ഇവ കുട്ടികളെ സഹായിക്കുന്നു. ശാരീരിക വളർച്ചയിലെ വേഗതക്കൊപ്പമെത്തായ്മയും മാനസിക വളർച്ചയും തൻമൂലമുണ്ടാകുന്ന പക്വതയില്ലായ്മയും കുട്ടികളെ തിന്മയിലേക്ക് വലിച്ചിഴയ്ക്കുന്നു. കണ്ടുപിടിച്ച് വരുമ്പോഴേക്ക് അവർ ഇത്തരം ചെളിക്കുഴികളുടെയും ചതിക്കുഴികളുടെയും ആഴങ്ങളിലേക്ക് ആണ്ടുപോയിട്ടുണ്ടാകും.പല അധോലോക ഗാങ്ങുകളുടെയും സാമൂഹിക വിരുദ്ധ കൂട്ടായ്മയുടേയും തുടക്കം ഇത്തരം സൈറ്റുകളിൽ നിന്നാണ്. സമാന സ്വഭാവക്കാരെ കണ്ടെത്താനും കൂട്ട കൂടാനും അത്രയേറെ എളുപ്പമാണ്. ചാറ്റിങ്ങിലൂടെ പരിചയപ്പെട്ട് ഒടുവിൽ ഗുണ്ടകളുടെയും, പ്രത്യേകിച്ച് ജോലിയും കൂലിയും ഇല്ലാതെ അലസഗമനം ചെയ്യുന്നവരുടെയും കൂടെ ഒളിച്ചോടി ജീവിതം തച്ചുടക്കുന്ന കൗമാരക്കാരുടെ കഥകൾ എത്രത്തോളം നാം മാധ്യമങ്ങളിലൂടെ അറിയുന്നു.ചാറ്റിങ്ങും ഫോൺ സെക്സും പിന്നാലെ ലൈംഗിക പരീക്ഷണങ്ങളും ഒക്കെയായി നീളാവുന്നതാണ് ഈ കഥകൾ. കൗമാരക്കാർക്കിടയിലെ ഇത്തരം നിർബന്ധങ്ങളെ സൂചിപ്പിക്കാൻ സെക്സ്റ്റിങ് എന്നൊരു പുതിയ പദം തന്നെ ഇപ്പോൾ നിലവിലുണ്ട്. അശ്ലീലച്ചുവയുള്ള സന്ദേശങ്ങളും ചിത്രങ്ങളും വീഡിയോകളും നെറ്റ്

വഴിയും മൊബൈൽ ഫോൺ വഴിയും കൈമാറുന്നതിനെയാണ് ഇങ്ങനെ വിശേഷിപ്പിക്കുന്നത്.

പഠനത്തിലെ പിന്നാക്കാവസ്ഥയും ആരോഗ്യപ്രശ്ങ്ങളും മദ്യത്തിനേയോ മയക്കമരുന്നിനേയോ പോലെയോ ഒരുപക്ഷേ അതിനേക്കാൾ ഭയാനകമായ രീതിയിലോ അടിമത്തം സൃഷ്ടിക്കുന്ന ഒന്നാണ് ഇന്റർ നെറ്റ് ഉപയോഗം . മണിക്കൂറുകളോളം കമ്പ്യൂട്ടർ മോണിറ്ററിൽ നോക്കിയിരിക്കുന്ന കുട്ടിയിൽ കാഴ്ചയിലെ വൈകല്യങ്ങൾ മാത്രമല്ല, മാനസിക വൈകല്യങ്ങളും സൃഷ്ടിക്കാം.

യഥാർത്ഥ ലോകവും ഫാന്റസിയും തമ്മിൽ ഇഴപിരിച്ച കാണാൻ കഴിയാത്ത അവസ്ഥയിലേക്ക് കുട്ടി അതിവേഗം എത്തിപ്പെടുന്നു. ഇന്റർ നെറ്റിന്റെയും സോഷ്യൽ മീഡിയ നെറ്റ് വർക്കിങിന്റെയും അമിതമായ ഉപയോഗം കുട്ടികളിൽ വിഷാദരോഗം വരുത്തുന്നതായി പഠനങ്ങൾ പുറത്തുവന്നിട്ടുണ്ട്. നെറ്റിൽ കയറാൻ കഴിയാതെ വരുമ്പോൾ മദ്യപാനികളെ പോലെ 'വിത്ത് ഡ്രാവൽ സിൻഡ്രോം' വരുന്നവരും ധാരാളം. ഫേസ്ബുക്ക് ഡിപ്രഷൻ എന്നാണ് ഇത്തരം അവസ്ഥയെ വിശേഷിപ്പിക്കുന്നത്.

## ഇവരുടെ അഭിപ്രായത്തിൽ.............

**ഏലിയാമ്മ ടീച്ചർ (ഹെഡ് മിസ്ട്രസ്):**

ഇന്റർനെറ്റ് കൊണ്ട് ധാരാളം ഗുണങ്ങളും ദോഷങ്ങളുമുണ്ട്. അത് കൊണ്ടുള്ള ഉപയോഗങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുകയും ദോഷങ്ങളെ ഉപേക്ഷിക്കുകയും ചെയ്യുക. കുട്ടികൾക്ക് ഉപയോഗ പ്രദമായ ധാരാളം കാര്യങ്ങൾ ഇന്റർ നെറ്റിലുണ്ട്. പഠന സംബന്ധമായ കാര്യങ്ങൾ എഴുതാനും പഠിക്കാനും ഇന്റർ നെറ്റ് കുട്ടികളെ സഹായിക്കുന്നു.

**അസീസ് മാസ്റ്റർ (ഡെപ്യൂട്ടി എച്ച്.എം):**

ജീവിതത്തിന്റെ സർവ മേഖലകളിലും ഒഴിച്ച കൂടാനാവാത്ത മാധ്യമമാണ് ഇന്റർനെറ്റ്. സർക്കാർ സേവനങ്ങൾ, ബാങ്കിംഗ്, വിദ്യാഭ്യാസം തുടങ്ങി എല്ലാ മേഖലകളിലും സാധാരണക്കാരനു വരെ ഇന്റർനെറ്റിനെ ആശ്രയിക്കേണ്ടി വരുന്നു. ഇന്റർനെറ്റ് സംവിധാനങ്ങൾ വിവേക പൂർവ്വം ഉപയോഗിച്ചിട്ടില്ലെങ്കിൽ അത് മനുഷ്യസമൂഹത്തെ ദോഷകരമായി ബാധിക്കും.

**രാജേഷ് സർ (മലയാളം അധ്യാപകൻ):**

ഇന്ന് മനുഷ്യന്റെ അറിവുകൾ അനുനിമിഷം വളർന്നു കൊണ്ടിരിക്കുക യാണ്. ആധുനിക സാങ്കേതിക വിദ്യയുടെ ഗുണപരമായ അംശങ്ങളെ സ്വാംശീകരിക്കാൻ ഈ

അറിവുകൾ സ്വയത്തമാക്കാൻ നമുക്ക് കഴിയുകയില്ല. ഗുരുമുഖത്തു നിന്നും പുസ്തകങ്ങളിൽ നിന്നും മാത്രം അറിവു ശേഖരിക്കുന്ന കാലം കഴിഞ്ഞു പോയിരിക്കുന്നു . ലോകത്തിന്റെ മുഖച്ഛായ മാറ്റിമറിക്കാൻ ഇന്റർനെറ്റിന് കഴിഞ്ഞിരിക്കുന്നു.

ഇന്റർനെറ്റിന്റെ സാധ്യതകൾ പരമാവധി ഉപയോഗിച്ചു കൊണ്ട് വിവിധ ശാസ്ത്ര മാനവിക വിഷയങ്ങളുടെ പഠനം ഗുണപ്രദമാക്കാൻ നമുക്ക് കഴിയുന്നു. ഏത് വിവരവും വിരൽത്തുമ്പിൽ എന്ന മുദ്രാവാക്യമാണ് ഇന്റർനെറ്റിന്റെ അനന്ത സാധ്യതകൾ നമുക്ക് നൽകുന്നത്. ഏത് വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എത്ര വേണമെങ്കിലും അറിയാനുള്ള സാധ്യത ഇന്റർനെറ്റ് നൽകുന്നു. വരും കാലത്തിന്റെ ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കും അനുസൃതമായി നമ്മുടെ പുതുതലമുറയെ വാർത്തെടുക്കാനും , തൊഴിൽ സാധ്യതകൾ ഉള്ള കോഴ്സുകൾ പ്രദാനം ചെയ്യാനും ഇന്റർനെറ്റിനു കഴിയും.

സമൂഹത്തിന്റെ സമ്പത്ത് വിവേക പൂർണ്ണരായ വ്യക്തികളാണ്.ഇന്റർനെറ്റിന്റെ ഉപയോഗം ഗുണത്തോടൊപ്പം ദോഷത്തിനും കാരണമാകുന്നുണ്ട്. അശ്ലീല ചിത്രങ്ങളും തെറ്റായ വാർത്തകളും ആസക്തി ഉണർത്തുന്ന പരസ്യങ്ങളും മനുഷ്യന്റെ ചിന്താശക്തിയെ നശിപ്പിക്കുന്നു.വിനോദത്തിലും സ്വകാര്യതയിലും മനുഷ്യൻ അടിമപ്പെടുന്നു. സ്നേഹം, സഹകരണം, ചിന്താശേഷി തുടങ്ങിയ മാനുഷിക മൂല്യങ്ങൾ ഇന്റർനെറ്റിന്റെ ദുരുപയോഗത്തിലൂടെ മനുഷ്യന് നഷ്ടപ്പെടുന്നുണ്ട്. നിയന്ത്രിതമായ ഇന്റർനെറ്റ് ഉപയോഗം മനുഷ്യന്റെ നേട്ടത്തിനുള്ളതാവണം.

**ഒ.കെ ശിവപ്രസാദ് മാസ്റ്റർ (എസ്. ആർ. ജീ. കൺവീനർ) :**

ലോകത്തെമ്പാടുമുള്ള വിവരങ്ങൾ ഒരു വിരൽ തുമ്പിൽനമുക്ക് ലഭ്യമാവും. ഇന്റർനെറ്റ് ശാസ്ത്ര സാങ്കേതിക രംഗത്തെ വളർച്ചയ്ക്കും കൂടാതെ ചികിത്സാ രംഗത്തെ വളർച്ചയ്ക്കും മറ്റെല്ലാ മേഖലകളിലെ വളർച്ചയ്ക്കും കാരണമായി. ബഹിരാകാശ ഗവേഷണ, ദുരന്തമുന്നറിയിപ്പ്,കാലാവസ്ഥാ മുന്നറിയിപ്പ്, വാർത്താവിനിമയം എന്നിവയുടെ പുരോഗതിക്കെല്ലാം ഇന്റർനെറ്റ് സഹായകമായി. മാർക്കറ്റിങ്, ഓൺലൈൻ ബിസിനസ്സ്, ബാങ്കിങ്, അപേക്ഷകൾ, പരീക്ഷകൾ എന്നിവയെല്ലാം ഇന്റർനെറ്റ് വഴി ചെയ്യാനാവും. ഇന്റർനെറ്റ് ദീർഘനേരം ഉപയോഗിക്കുന്നത് നിരവധി ആരോഗ്യ പ്രശ്നങ്ങൾക്ക് ഇടയാക്കുന്നു. കൂടാതെ പണാപഹരണം,വിവരങ്ങൾ ചോർത്തൽ,ലഹളകൾ, അക്രമങ്ങൾ എന്നിവയെല്ലാം നടക്കുന്നത് ഇന്റർനെറ്റിന്റെ ദോഷ ഫലങ്ങളാണ്. ഇന്റർനെറ്റ് എന്നത് ഉപയോഗിക്കുന്ന ആളുകളുടെ മനോധർമ്മം അനുസരിച്ചാണ്. ശരിയായ രീതിയിലാണെങ്കിൽ വളരെ ഉപകാരപ്രദവും മറിച്ചാണെങ്കിൽ വിനാശകരവുമാണിത്.

**സമീറ ടീച്ചർ(ഇംഗ്ലീഷ് അധ്യാപിക):**

ഇന്റർനെറ്റ് കൊണ്ട് ധാരാളം ഗുണവും ദോഷവും ഉണ്ട്. വിദ്യാർത്ഥികൾക്ക് പഠനപ്രവർത്തനങ്ങൾക്കും ഹോംവർക്ക് ചെയ്യുന്നതിനും സഹായകമാവുന്ന yahoo ask.com,വിക്കിപീഡിയ തുടങ്ങിയ ഒരുപാട് സൈറ്റുകൾ ഇതിലുണ്ട്.ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും മറ്റു സംഭാവനകൾക്കും ഓൺലൈൻ ഇടപാടുകൾ ഉപയോഗിക്കാറുണ്ട് . കൂടാതെ നമുക്ക് നമ്മുടെ തന്നെ കൃതികളും ലേഖനങ്ങളും വാർത്തകളും മറ്റുവിവരങ്ങളും അപ്പ്ലോഡ് ചെയ്യാനും പ്രസിദ്ധീ-കരിക്കാനും ഇന്റർനെറ്റ് വഴി സാധിക്കുന്നു.

അനാവശ്യമായി മണിക്കൂറോളം ഇന്റർനെറ്റിൽ ചിലവഴിക്കുന്നത് നിരവധി ആരോഗ്യ പ്രശ്നങ്ങൾക്ക് വഴിയൊരുക്കുന്നു. ഇന്റർനെറ്റിൽ പ്രചരിക്കുന്ന വിവരങ്ങൾ 100 ശതമാനവും സത്യമാകണമെന്നില്ല. മാത്രമല്ല പണം തട്ടിപ്പിന് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് ഇന്റർനെറ്റാണ്.

**മെഹ്ബൂബ് മാസ്റ്റർ (സാമൂഹ്യ ശാസ്ത്ര,അധ്യാപകൻ):**

ആദ്യകാലത്ത് ആംഗ്യം കാണിക്കലിലൂടെയായിരുന്നു ആശയവിനിമയം നടത്തിയിരുന്നത്.തുടർന്ന് ആത് ഭാഷയിലേക്കും പിന്നീട് എഴുത്തിലേക്കുംപുരോഗമിച്ചു. ഈ ആധുനിക കാലത്ത് ഈ ലോകത്തെ ഏതൊരു മൂലയിലും നിൽക്കുന്ന ആളുകളോട് ആശയ വിനിമയംനടത്താൻ ഇന്റർനെറ്റ് വഴി നമുക്ക്സാധിക്കുന്നു. ഇന്റർനെറ്റ്ഉപയോഗിക്കുന്നതിലൂടെ നമുക്ക് ദോഷം ഉണ്ടാവുന്നുണ്ട്. അതിലൂടെ സ്വന്തക്കാരുമായുള്ള സൗഹാർദ്ദം നഷ്ടപ്പെടുകയും അന്യക്കാരുമായി സൗഹാർദ്ദം സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു.

**ശുഭ ടീച്ചർ (ശാസ്ത്ര,അധ്യാപിക):**

ആധുനിക കാലത്ത് മനുഷ്യന് ഏറെ സ്വാധീനം ചെലുത്തിയ ഒരു കണ്ടുപിടിത്തമാണ് ഇന്റർനെറ്റ്.ഇന്റർനെറ്റിന്റെ വരവോടെ ആശയ വിനിമയം മാധ്യമങ്ങളുടെ പരമ്പരാഗത കാഴ്ച്ചപ്പാട് മാറി. ലോകത്തിന്റെ ഏത് മുക്കിലും മൂലയിലുമുള്ള ഏത് കാര്യത്തെ പറ്റിയും അറിയാൻ ഇത് കൊണ്ട് കഴിയും. വളരെചുരുങ്ങിയ സമയത്തിൽ വിവര ശേഖരണം നടത്താനും സാധിക്കും. ഇന്ന്എല്ലാ മേഖലയിലും ഇന്റർനെറ്റിന്റെ സേവനം ലഭ്യമാകുന്നുണ്ട്. ഇന്റർനെറ്റിന്റെ ഗുണത്തെപ്പോലെ തന്നെ ഇതിന് ഒരുപാട് ദോഷങ്ങളുമുണ്ട്. അനാവശ്യമായി ഇത് ആളുകൾ ദുരുപയോഗം ചെയ്യുന്നുണ്ട്. ശാരീരികമായും മാനസികമായും ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്.

**ഫസ്ന ജാസ്മി.എ.ടി ( ഡെപ്യൂട്ടി ലീഡർ)**

ഇന്റർനെറ്റ് എന്നത് ആധുനിക കാലഘട്ടത്തിൽ ഒഴിച്ചു കൂടാനാവാത്ത ഒന്നാണ്. ഏറെ ഗുണകരമെങ്കിലും ഒരുപാട് ദോഷ വശങ്ങൾ ഇതിനുണ്ട്. ഒരുനിമിഷം ഇത്തിലച്ചു പോയാൽ ലോകം തന്നെ ഇരുട്ടിലായി പോകും. സംസാരിക്കാൻ പോലും പ്രായമെത്തിയിട്ടില്ലാത്ത കുട്ടികൾ മുതൽ പ്രായമായവർ വരെ ഇന്ന് ഇന്റർനെറ്റിന്റെ ലോകത്താണ്. പ്രാചീന കാലത്തെ ജീവിത രീതിയിൽ നിന്നുംഇന്ന് കാണുന്ന രീതിയിൽ മനുഷ്യ ജീവിതം ആധുനിക വൽക്കരിക്കപ്പെട്ടതിൽ ഇന്റർനെറ്റിന് ഒഴിച്ചു കൂടാനാവാത്ത പങ്കുണ്ട്.

**അബ്ദുൽ കരീം മാസ്റ്റർ (സ്റ്റാഫ് സെക്രട്ടറി)**

മനുഷ്യൻ കണ്ടുപിടിക്കുന്ന എല്ലാം അവന്റെ ഉപകാരത്തിനും ഉപയോഗത്തിനും ഉള്ളതാണ്. കാലത്തിന്റെ വളർച്ചക്ക് അനുസരിച്ച് പുതിയ തരത്തിലുള്ള കണ്ടു-പിടിത്തങ്ങൾ മനുഷ്യൻ നടത്തുന്നു. അതിൽ പെട്ട ഒന്നാണ് ഇന്റർനെറ്റ്. എന്നാൽ ഓരോന്നും കൈകാര്യം ചെയ്യുന്നിടത്താണ് അതിന്റെ വിജയ പരാജയങ്ങൾ ദൃശ്യമാവുന്നത്. ഉപകാരത്തിന് വേണ്ടി കണ്ടുപിടിച്ച കത്തിയും മറ്റ് ആയുധങ്ങളും ഉപദ്രവത്തിനു വേണ്ടി ഉപയോഗിക്കുമ്പോൾ അതിന്റെ യഥാർത്ഥ ലക്ഷ്യം നഷ്ടപ്പെടും. അതു പോലെ തന്നെയാണ് ഇന്റർനെറ്റും . പഠന ഗവേഷണ രംഗത്തും വാർത്താ വിനിമയ മേഖലയിലും ആരോഗ്യ ആതുര സേവന രംഗങ്ങളിലും അടക്കം ധാരാളം ഉപയോഗങ്ങളാണ് ഇതിന്റെ ലക്ഷ്യം.

ആയതിനാൽ ഗുണകരമായ രംഗങ്ങളിൽ മാത്രം ഉപയോഗിച്ച് അനാവശ്യങ്ങളെ ഇല്ലായ്മ ചെയ്യുവാനും തടഞ്ഞു വെക്കുവാനും ശ്രമിച്ച് മുന്നോട്ട് പോകാൻ ശ്രദ്ധിക്കുമ്പോഴാണ് ഇന്റർനെറ്റിന്റെ കണ്ടുപിടിത്തം അർത്ഥവത്താകുന്നത്. അതിന് എല്ലാവർക്കും സാധിക്കട്ടെ......

****************



ആര്യനന്ദ 6A

## മൂക്കില്ലാ രാജ്യത്തെ മുറിമൂക്കൻ രാജാവ്

പണ്ട് പണ്ട് ഒരു രാജാവുണ്ടായിരുന്നു.ഒരു ദിവസം അദ്ദേഹത്തിന്റെ അടുത്ത് ഒരാൾ വന്നു അയാൾ രാജാവിനോട് ചോദിച്ചു:രാജാവേ! എനിക്ക് ഒരു ജോലി വേണം,അപ്പോൾ രാജാവ് പറഞ്ഞു : നീ ഞാൻ പറയുന്ന എന്ത് ജോലിയും ചെയ്യണം ഇല്ലെങ്കിൽ തന്റെ മൂക്ക് ഞാൻ മുറിക്കും.അപ്പോൾ അയാൾ പറഞ്ഞു എനിക്ക് സമ്മതം ഞാൻ ആദ്യം തന്നെ എന്തു ജോലിയാണ് ചെയ്യേണ്ടത് ആദ്യം നീ പോയി നൂറു കെട്ട് വിറക് കൊണ്ടു വരൂ, ശരി, ഞാൻ കൊണ്ടു വരാം : അയാൾ പറഞ്ഞു പിന്നെ അയാൾ വിറക് കൊണ്ടു വരാൻ തുടങ്ങി. അയാൾ ഒരു പത്തു കെട്ട് വിറക് കൊണ്ടുവന്നപ്പോഴേക്കും അയാൾ വളരെ അധികം ക്ഷീണിതനായിരുന്നു. അപ്പോൾ രാജാവിനോട് പറഞ്ഞു രാജാവേ! എനിക്ക് ഈ ജോലി ചെയ്യാൻ വയ്യ അപ്പോൾ രാജാവ് പറഞ്ഞു എങ്കിൽ നിന്റെ മൂക്ക് ഞാൻ മുറിക്കും. ശരി ,രാജാവേ, എന്റെ മൂക്ക് മുറിച്ചോളൂ.....അങ്ങനെ അയാളുടെ മൂക്ക് മുറിച്ചു കളഞ്ഞു അയാൾ വീട്ടിൽ പോയി അപ്പോൾ വീട്ടിൽ സഹോദരനുണ്ടായിരുന്നു. സഹോദരൻ ചോദിച്ചു ഏട്ടന്റെ മൂക്ക് എവിടെ.അത് രാജാവ് മുറിച്ചു.എന്ത് രാജാവിന് അത്ര ധൈര്യമോ....?എങ്കിൽ ഇനി ആ രാജാവിന്റെ മൂക്ക് ഞാനെടുക്കും. ഏട്ടൻ കണ്ടോ........വേണ്ട വേണ്ട, നീ അങ്ങോട്ടു പോകേണ്ട.എന്ത് ?അങ്ങനെ പറഞ്ഞാൽ പറ്റില്ല എനിക്ക് അവിടെ പോവണം.ശരി,
എങ്കിൽ നീ പോയി വരൂ....അയാളുടെ സഹോദരൻ അവിടെഎത്തി.രാജാവിനോട് ചോദിച്ചു എനിക്ക് ഒരു ജോലി തരുമോ ?

"എങ്കിൽ ഞാൻ പറയുന്ന ജോലി നീ ചെയ്യണം.,അതു കൂടാതെ ഞാൻ പറഞ്ഞ ജോലി നീ ചെയ്തില്ലെങ്കിൽ നിന്റെ മൂക്ക് ഞാൻ മുറിക്കും. "-രാജാവ് പറഞ്ഞു.
അപ്പോൾ രാജാവ് പറയുന്ന ജോലി ചെയ്താൽ രാജാവിന്റെമൂ ക്ക് ഞാൻ മുറിക്കും.രാജാവ് സമ്മതിച്ചു.രാജാവ് പറഞ്ഞു എങ്കിൽ നീ പോയി നൂറു കെട്ട വിറക് കൊണ്ടു വരു.
അപ്പോൾ അയാൾ എന്താണ് ചെയ്തതെന്നറിയാമോ?.ഒരു വിറകിൻമേൽ നൂറു കെട്ട കെട്ടിയിട്ടിട്ട് അയാൾ പറഞ്ഞു. ഞാൻ ജോലിചെയ്തു. എന്താണീ കാണിച്ചു വച്ചിരിക്കുന്നത് . ഞാൻ നിന്നോട് നൂറു കെട്ട വിറകുകൊണ്ടുവരാൻ പറഞ്ഞിട്ട് നീ എന്താണ് ചെയ്തത്. അത് ശരി ,രാജാവല്ലേ പറഞ്ഞത്. നൂറു കെട്ട വിറകുകൊണ്ടുവരാൻ. ഇതാ നൂറു കെട്ടുള്ള വിറക്. ശരി നിനക്കീ ജോലി ശരിയാവില്ല.നീ പൊയ്ക്കോളൂ...
എന്ത് ?എനിക്ക് അങ്ങനെ പോകാൻ പറ്റില്ലല്ലോ.രാജാവേ നമ്മൾ പറഞ്ഞത് ഓർമ്മയുണ്ടോ?. ഞാൻ പറഞ്ഞ ജോലി ചെയ്തു. അപ്പോൾ രാജാവിന്റെ മൂക്കാണ് മുറിക്കേണ്ടത്. ശരി നീ എന്റെ മൂക്ക് മുറിച്ചോളൂ.അതെ മുറിച്ചിട്ടേ ഞാൻ പോവുകയുള്ളൂ. ശരി , എങ്കിൽ മുറിക്കൂ... അങ്ങനെ അയാൾ രാജാവിന്റെ മൂക്ക് മുറിച്ചു. അങ്ങനെയാണ് മൂക്കില്ലാ രാജ്യത്തെ മുറിമൂക്കൻ രാജാവ് എന്ന് പേരുവരാൻ കാരണം.

***********

# അങ്ങാടിക്കുരുവികൾ



അദ്നാൻ 9B

അങ്ങാടി ക്കുരുവികൾ
ആരോമൽ പക്ഷികൾ
തൊട്ടും തൊടാതെയും
ചാരത്തു പാറുന്നു.
ചിലുചിലെ പറയുന്നു
ചിഞ്ചിലം ചാടുന്നു
ചുണ്ടിനാൽ കുഞ്ഞി
ചിറകു മിനുക്കുന്നു.
എത്ര നാളിങ്ങനെ
നിങ്ങളുണ്ടാവുമോ
നിന്നെ ഞാനോർക്കുന്നു
ഉള്ളൊന്നുതേങ്ങുന്നു.
സൂക്ഷിച്ച വംശമായി
തീരുന്നതറിയാതെ
ആമോദമാടിയിപ്പോൾ
പാറിക്കളിച്ചോളൂ.

************



# വിശപ്പ്

സൽമാനുൽ ഫാരിസ്

വേരുറച്ച് പോയ ആഴങ്ങളിൽ നിന്ന്,
നരഞ്ഞ് പൊങ്ങുന്ന,
വീർപ്പുമുട്ടലുകൾ ഇന്നുമെനിക്കുണ്ട്.....!
ദാരിദ്ര്യത്തിൽ നിന്നും ജനിച്ചവന് ,
പേരും വിലാസവും മാതാപിതാ പേരും ദരിദ്രൻ.....!
ഇന്നും അവന്റെ കൂട്ടുകാരൻ, വിശപ്പ്.....
അവനെന്നും വിശപ്പിനെ കൂട്ടുക്കാരനാക്കി
അവൻ പരിശ്രമിച്ചു അതിനെ ജയിക്കാൻ
കഴിയുന്നില്ലവന് വീണ്ടും തടയുന്ന വിശപ്പ്
ഏത് വിശ്വവിജയിയും കീഴടങ്ങും.......!
ഈ അതിശക്തമായ വിശപ്പിന് ........
മുന്നിൽ കീഴടങ്ങിയില്ലെങ്കിൽ അവനാണ്,
യഥാർത്ഥ വിജയി....!

**********



Ihsan .P

**Nature.........**

I  am the world's  most marvellous word
I  am the most beautiful thing in the world
I cover the earth  with green carpet
I rule over the whole planet
I am blue, I am word's life
rain drops are my tear
rain bow! my smile
thunder is  my laugh
and breeze my happiness

***********

सफीया बीवि. वि. एम

# हिंदी भाषा का महत्व

विश्व के महत्वपूर्ण भाषाओं में एक है हिंदी। संसार में हिंदी भाषा का स्थान तीसरा है।[1] भारत के उनतीस संस्थाओं में कुल दस स्स्थाओं के लोगों ने हिंदी को अपनी मातृभाषा के रूप में स्वीकृत की है। किसी भी स्वतंत्र राष्ट्र की अपनी एक भाषा होती है जो उसका गौरव होता है।राष्ट्रीय एकता और राष्ट्र के स्थायित्व के लिए राष्ट्रभाषा अनिवार्य रूप से होनी चाहिए जो किसी भी राष्ट्र के लिए महत्वपूर्ण होती है।

*निज भाषा उन्नति अहै, सब उन्नति को मूल।*
*बिनू निज भाषा ज्ञान के, मिटे न हिय को सूल।*[2]

स्वतंत्रता प्राप्ति से पूर्व कांग्रेस ने यह निर्णय लिया था की स्वतंत्रता प्राप्ति के बाद भारत की राजभाषा हिंदी होगी। स्वतंत्र भारत की संविधान सभा ने 14 सितंबर 1949 को ही हिंदी भाषा को भारत संघ की राजभाषा के रूप में मान्यता दे दी। किसी भी भाषा को राष्ट्रभाषा बनाने के लिए उसमें सर्वव्यापकता, प्रचुर साहित्य रचना, बनावट की दृष्टि से सरलता और वैज्ञानिकता, सब प्रकार के भावों को प्रकट करने की सामर्थ्य आदि गुण होने अनिवार्य होते हैं। यह सभी गुण हिंदी भाषा में हैं। आज भी हिंदी देश के कोने–कोने में बोली जाती है । अहिंदी भाषी भी थोड़ी– बहुत और टूटी–फूटी हिंदी बोल और समझ सकता है। उत्तर प्रदेश, बिहार, मध्य प्रदेश, राजस्थान,हरियाणा , हिमाचल प्रदेश और दिल्ली आदि राज्यों की यह राजभाषा है। पंजाब, गुजरात, महाराष्ट्र और अंडमान निकोबार में इसे द्विदीय भाषा का दर्जा दिया गया है । शेष प्रातों में यदि कोई भाषा संपर्क भाषा के रूप में प्रयोग की जा सकती है तो वह हिंदी ही हो सकती है। विश्व के अनेक विश्वविद्यालयों में हिंदी का पठन –पाठन हो रहा है। परंतु आज अपने ही देश में हिंदी को तिरस्कृत होना पड़ रहा है। विदेशी मानसिकता के रोग से पीड़ित कुछ लोग आज भी अंग्रेज़ी के पक्षधर और हिंदी के विरोधी बने हुए हैं।

ऐसे व्यक्तियों की कमी नहीं जो हिंदी को अच्छी तरह बोलना व लिख़ना जानते हैं लेकिन वे अपने मिथ्याभिमान का प्रदर्शन अंग्रेजी बोल कर करते हैं ,फिर चाहे वह सरकारी व्यक्ति हो या आम आदमी ।यध्यपि सरकारी आदेशों में प्रचारित है कि अपना सभी कामकाज हिंदी में कीजिए लेकिन उन्हें यदि कोई पत्र हिंदी में लिखा जाए तो आपको उसका उत्तर अंग्रेजी में मिलेगा। अन्य देशों के प्रधानमंत्री या राष्ट्रपति जहां भी जाते हैं ,अपने ही देश की भाषा बोलते हैं परंतू हमारे राजनेता अन्य देशों को छोड़िए अपने ही देश में अंग्रेजी में बोल कर अपने अहम की तुष्टि करते हैं। संसद में भी प्रश्न अंग्रेजी में पूछा जाता है तो उसका उत्तर अंग्रेजी में मिलता है।

यह विवाद रहित सत्य है की व्यक्ति के व्यक्तित्व का विकास अपनी ही भाषा के पठन–पाठन से होता है, अन्य किसी भाषा से नहीं ।विदेशी भाषा के माध्यम से पढने के कारण बालक अपने विचारों को पूरी तरह व्यक्त नहीं कर पाता । फलतः उसके व्यक्तित्व का पूर्ण रूप से विकास नहीं हो पाता है हम सब का कर्तव्य है कि हम हिंदी को राष्ट्रभाषा के पद पर आसीन करने के लिए हर संभव प्रयास करें। व्यवहार में हिंदी भाषा का प्रयोग हीनता नहीं गौरव का प्रतीक है । हमारे पूर्व प्रधानमंत्री श्री अटलबिहारी वाजपेई पहले भारतीय थे जिन्होंने संयुक्त राष्ट्र संघ में हिंदी में भाषण देकर सबको चौंका दिया था। उनकी इसके लिए जितनी प्रशंसा की जाए कम है । ऐसे लोग जो अपनी संगीर्ण पृथक वादी भावनाओं का प्रदर्शन कर हिंदी का विरोध करते है

1 3
2 भारतेन्दू हरिश्चंद्र







## വിട്ട് പിരിയുമ്പോൾ........

ഷഹ്മ ഷെറിൻ 8B

ഒരാളുടെ ജീവിതത്തിൽ സന്തോഷവും ദു:ഖവും മറക്കാനാവാത്ത രണ്ടു സന്ദർഭങ്ങളാണ് അതു പോലെത്തന്നെ സൗഹൃദവും. അധിക പേരും ഏറ്റവും കൂടുതൽ സന്തോഷിച്ചതും മറക്കാതെ ഓർക്കുന്നതുമാണ് ബാല്യ കാലത്തുള്ള സ്കൂൾ ജീവിതം. അന്നും കുറെ കൂട്ടുകാർ കളിക്കാനും രസിക്കാനും കൂടെയുണ്ടായിരുന്നു. അതു കഴിഞ്ഞ് കൗമാരത്തിലേക്ക് പടികയറുമ്പോൾ ജീവിതത്തിൽ ചെറിയ മാറ്റങ്ങൾ വന്നു തുടങ്ങി.അതിൽ എന്നും ഓർക്കുന്ന ഒന്നായിരുന്നു പ്രണയം. പിന്നീട് മനസ്സിൽ കൂട്ടുകാർക്ക് കൊടുക്കുന്ന സ്ഥാനത്തിനൊപ്പം പ്രണയിക്കുന്ന വ്യക്തിക്ക് കൊടുക്കാൻ തുടങ്ങി. കൂട്ടുകാരോടൊപ്പം ചിലവഴിക്കുന്നതിനേക്കാൾ അധിക നേരവും ചിലവഴിക്കുന്നത് അവനോടൊപ്പമായി.

ആത്മാർത്ഥമായ ആ പ്രണയത്തിനു ശേഷംതമ്മിൽ പിരിഞ്ഞപ്പോൾ അന്നും സങ്കടങ്ങൾപറയാനും ആശ്വസിപ്പിക്കാനും യഥാർത്ഥ കൂട്ടുകാർ ഒപ്പമുണ്ടായിരുന്നു. എന്തു പ്രയാസങ്ങൾ വന്നാലും, പ്രശ്നങ്ങൾ വന്നാലും അതിനെ തരണം ചെയ്യാനും തെറ്റിലേക്കു പോകുമ്പോൾ അത് തടസ്സപ്പെടുത്തി നല്ല പാതയിലേക്ക് കൊണ്ടു വരാനും കളിച്ചു ചിരിച്ച് ആവേശത്തോടെ യാത്ര പോകാനും കൂട്ടുകാർ ഒപ്പമുണ്ടായിരുന്നു. അതിനൊപ്പം പിണക്കങ്ങളും ഇണക്കങ്ങളുംകടന്നു വന്നു .അതിനെയെല്ലാം തരണം ചെയ്ത് സൗഹൃദം മുന്നോട്ടു പോയി.ദേഷ്യം വരുമ്പോൾ സന്തോഷിപ്പിക്കാനും ദുഖംവരുമ്പോൾ സാന്ത്വനം നൽകുവാനും സൗഹൃദം പഠിപ്പിച്ചു. എന്നാൽ കൂട്ടുകാർ തമ്മിൽ വിട്ടു പിരിഞ്ഞാലും സൗഹൃദം വിട്ടു പിരിയുകയില്ല. കുറേ നാൾ കഴിഞ്ഞ് എവിടെ വെച്ചെങ്കിലും കൂട്ടുകാരെ കണ്ടാൽ അവരുടെ മുഖത്തുണ്ടാകുന്ന ചിരിയും മനസ്സിലുണ്ടാകുന്ന സന്തോഷവും പറഞ്ഞറിയിക്കാൻ പ്രയാസമാണ്. ഒറ്റയ്ക്കിരിക്കുമ്പോഴാണ് കൂട്ടുകാരെ വിട്ടുപിരിഞ്ഞതിലുള്ള സങ്കടം മനസ്സിലാകുന്നത്.ഒരിക്കലും നീ നിന്നെ സ്നേഹിച്ച കൂട്ടുകാരെ വേദനിപ്പിക്കരുത്. അവരെ നീ തിരിച്ച് സ്നേഹിക്കണം . ഇല്ലെങ്കിൽ പിന്നീട് വേദനിക്കേണ്ടി വരും.ജീവിതത്തിൽ മറക്കാൻ കഴിയുന്ന ഒന്നാണ് 'പ്രണയം' പക്ഷേ "സൗഹൃദം" അത് ഒരിക്കലും മറക്കാൻ കഴിയില്ല....

************



# പ്രാദേശിക ഭാഷാ നിഘണ്ടു

ഹിസാന .കെ 9A

നമ്മുടെ മാതൃഭാഷ മലയാളമാണെങ്കിലും ഓരോ പ്രദേശത്തും ആ സ്ഥലത്തെ സംസ്കാരം,മതം,ജാതി എന്നീ വിഭാഗങ്ങളുടെ സ്വാധീനം മൂലം ഭാഷാ പ്രയോഗത്തിൽ പലമാറ്റങ്ങളും ഉണ്ടാകാറുണ്ട്.

നമ്മുടെ പ്രദേശത്ത് പഴയതലമുറയിലെ ആളുകൾ ഉപയോഗിച്ചതും ഇപ്പോൾ ഉപയോഗിച്ച കൊണ്ടിരിക്കുന്നതുമായ ചിലവാക്കുകളും അവയുടെ അർത്ഥങ്ങളുമാണ് ഈ പ്രാദേശിക ഭാഷാ നിഘണ്ടുവിൽ ഉൾപ്പെടുത്തിയിരിക്കുന്നത്

**പുള്ളത്തിണ്ട് - വരാന്ത**

**തലക്കിണി - തലയിണ**

**ചിത്താന്തം - ശീലക്കേട്**

**ചീരാപ്പ് - മൂക്കൊലിപ്പ്**

**ചൊർക്ക് - ഭംഗി**

**സുയ്പ്പ് - പ്രയാസം**

**ബടക്കിണി - അടുക്കള**

**മോറ് - മുഖം**

**എറേമ്പുറം - പിന്നാമ്പുറം**

**ചെത്ത് - റോഡ്**

ചില്ല്-2019

ചെമ്പട്ടി - ചരുവം

കൈചിലാകുക - രക്ഷപ്പെടുക

വർത്താനം - വിശേഷം

സബറ - സുപ്ര

മുട്ടായി - മിഠായി

മോന്തി - സന്ധ്യാസമയം

തക്കാരം - സൽക്കാരം

ബുഗ്ഗിച്ച - വീഴ്ച്ച

മോന്തുക - കുടിക്കുക

പൂയര - മണ്ണിര

കൽകുഞ്ഞൻ - പഴുതാര

ചേരാട്ട - തേരട്ട

അപ്പോത്തിന് - അപ്പോഴേക്കും

തൗദാരം,മുണ്ടാട്ടം - സംസാരം

ചൊഗ്ഗിന് – ശരിയായ രീതിയിൽ

പൈപ്പ് – വിഷപ്പ്

***********



സാജു .കെ
ഉപജില്ലാതല പോൾ വാൾട്ട് വിജയി



അൻഷിഫ് .എം
ഉപജില്ലാതല ഷോട്ട് പുട്ട് വിജയി



**ഉപജില്ലാ പ്രവൃത്തിപരിചയ മേളയിൽ മൂന്നാം സ്ഥാനം നേടിയ ടീം അഞ്ചച്ചവടി**



ലുത്ഫ അലി 8A

## എൻ സ്വാതന്ത്ര്യം  അമ്മ മാത്രം.

തീരാത്ത ദുഃഖം മിഴികൾ തുറന്ന
അറിയാതെ ദേഷ്യം പലതും പടച്ച
പിറക്കാത്ത കുഞ്ഞിന് മധുരം പകർന്ന്
അഴകാർന്ന അമ്മ തിരയാതെ പോയി

അറിയാമെനിക്ക് വരുമെന്ന് അമ്മ
പറയാം എനിക്ക് അഭിമാനമെന്ന്
പിറകെയും ഞാനില്ല തിരയുവാനുമില്ല
അറിയാമെനിക്ക് വരുമെന്ന് തിരികെ

ജയമെന്ന വാക്കിലുണ്ടെന്റെയമ്മ
അമ്മയെന്ന വാക്കിൽ മരണമെന്നില്ല
ചിരിയുണ്ടമ്മയുടെ മായുന്ന കണ്ണിലറിയാ
മെനിക്ക് വെറുതെയാവില്ലെൻകാത്തിരിപ്പെന്ന്,

ജീവിതച്ചൂടിന്റെ ഓർത്തിരിപ്പ്
വരുമെന്റെയമ്മ, വന്നുവെൻ അമ്മ
കഴിവിന്റെ നേർത്ത വേരുകൾ വന്നു
അമ്മയാണെന്റെ സ്വതന്ത്ര്യ ഭവനം

***********



ഫാത്തിമ നൂറ എ.പി
എൽ. എസ്. എസ്. വിജയി



ലുത്ത്ഫ അലി എ.കെ, സിൻഷ മോൾ . സി
യു. എസ്. എസ് വിജയികൾ



ജൽവ. പി
ഇംഗ്ലീഷ് പദ്യം ചൊല്ലൽ
ജില്ലാതല വിജയി



റഹീസ .പി.വി

# ചൂണ്ട

സ്വാദുള്ള  തീറ്റക്കുമകമേ ചതിക്കുന്ന-
ലോഹകൊളുത്തുന്നതോരിതെ
ലോകം തിരയാത്ത മീനുണ്ട് പുഴയിൽ
കരുതണം കരയിലും കാതരേ നീ.

കുളിർമയുള്ളിൽ നിറഞ്ഞു പെയ്യുമ്പോൾ
പൂത്തിരി പോലെ പുറമേ ചിരിക്കുന്ന
ഭ്രതങ്ങളുണ്ട് നിനക്കു ചുറ്റും കരുതണം,
പിന്നെ കുടത്തിലടച്ചാലും
നിൻ ചേതമെന്നും നിനക്കു സ്വന്തം.

***********



മുഹമ്മദ് സിനാൻ 9B

## പ്രളയം; വെറുമൊരു ഓളം!

അതത്ര ഭീകരമൊന്നുമല്ലല്ലോ............?
പ്രകൃതിയുടെ മറ്റൊരു മുഖം ഉലകിൽ തെളിഞ്ഞു.
മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഒരു
മഴയിൽ തുടങ്ങി......
മണ്ണിൽ അവസാനിച്ചു.
അത്രമാത്രം! അല്ലെങ്കിലും ഇടക്ക് വന്ന് പ്രതികാരം
കാട്ടിയ പ്രളയം.
ഇന്നും ഒരു ഓളം മാത്രമാണ്.
തിരിച്ചറിവില്ലാത്ത ,പുഞ്ചിരികളില്ലാത്ത......
മരിച്ച മനുഷ്യ മനസ്സുകളിൽ.....

****************

# प्रकृति देवी



षहमा.पी

प्रकृति देवी को संतानें हम ।
उसकी गोद  मे पलते हैं हम ।
उसकी वस्तूएँ खिलौनो हैं ।
हम उन्हें बिगाडते हैं ।

फूलों का खिलना उसकी हँसी ।
उसे देख हमारी भी हँसी ।
हमारे  रोने पर गिरते आँसू।
बारिश – बूँद ही उसके आँसू ।

हमने उसको  बिगाडा है ।
कैसे बनाऐँ बिगाडा तो ?
कानून इघर कहीं नहीं।
सजा इधर कहीं नहीं ।

नयी पीढी की याद नहीं।
याद करने का वक्त नहीं।
समाज सेवा की याद नहीं।
क्या यह तो, मानव प्रेम ?



Muhd. Arshan 9B

# Waiting For Her Son, With Tears

She always thinks about her son Rahul,who went missing years ago. Whenever a vehicle stops in front of her house, she would rush to the portico, thinking that it is her son. Her mind is filled with fresh memories of him. ------

He was only 6 years old when she lost him for the first time. It was from a temple, during a festival season. At that time the young Rahul asked the help of an old woman to find out his parents, giving their names to her. And thus his mother got him back. She realised that he was cleverer than the other boys in his age.

But she lost him again when he was playing in the ground. There was a boy watching him who lives near the ground . He said that he was there only for 3 pm. They searched him every where he should go but they couldn't find him. They informed it to the police and they also searched for him but without any result. At this time another shock came to their family; his father became a tumour patient. They became very tired in every aspects. They offered a handsome reward to those who could find Rahul.

Every one says that he will come back one day and his mother is endlessly waiting for him...hopefully...every day...

*****

## 'ശ്രദ്ധ' മികവിലേക്കൊരു ചുവട്



ഫഹീമ ബീഗം 9C

എനിക്കും ക്ലാസിൽ ഒരിടമുണ്ട് .എന്റെ അറിവും ഇവിടെ പരിഗണിക്കപ്പെടും. എന്ന് ഓരോ കുട്ടിക്കും തോന്നുമ്പോഴാണ് പഠനത്തിൽ പൂർണമായ പങ്കാളിത്തം ഉണ്ടാവുന്നത് അവർ പഠനത്തിന് സന്നദ്ധരാകുന്നത്. അത്തരം ഒരു പഠനാന്ത-രീക്ഷം ഒരുക്കുമ്പോഴാണ്പഠനം കാര്യക്ഷമമാകുന്നതെന്ന് അധ്യാപക സമൂഹവുംതിരിച്ചറിഞ്ഞിട്ടുണ്ട്.

'ശ്രദ്ധ'പദ്ധതിയുടെ ആദ്യഘട്ടം ഒക്ടോബർ 24 ന് തുടങ്ങി രണ്ടാം പാദവാർഷികപരീക്ഷക്ക് മുമ്പായി തീരും വിധമാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ശ്രദ്ധ പദ്ധതി പഠനത്തിൽ പ്രയാസം നേരിടുന്ന കുട്ടികളെ കണ്ടെത്താനും അവരെ മുൻനിരയിൽ എത്തിക്കാൻ സഹായകരമാകുന്ന പഠന പിന്തുണ നൽകാനും ലക്ഷ്യമിടുന്നു. ഞങ്ങളുടെ സ്കൂളായ ഗവ:ഹൈസ്കൂൾ അഞ്ചച്ചവടിയിൽ നിന്ന് LP,UP,HS അടക്കം 120 കുട്ടികൾ ഇതിൽ അംഗങ്ങളാണ്. LP യിൽ നിന്നും 53 കുട്ടികളും UP യിൽ നിന്ന് 38 കുട്ടികളും HS ൽ നിന്ന് 37 കുട്ടികളുമാണ് ഇതിലുള്ളത്.സ്കൂൾ പ്രവൃത്തി സമയത്തിനു ശേഷം ഒരു മണിക്കൂറാണ് ഈ ശ്രദ്ധ ക്ലാസുകൾ എടുക്കുന്നത്. എല്ലാ വിഷയങ്ങളും ഉൾപ്പെടുത്തിയിട്ടുള്ള ഒരു പദ്ധതിയാണിത്.

*******************



# പുതുമകളോടെ ജി.എച്ച്.എസ്. അഞ്ചച്ചവടി

ഹിബഫാത്തിമ.പി.കെ 9 A

മമ്പാട് എം.ഇ.എസ്.കോളജിലെ എൻ.എസ്.എസ്.വിദ്യാർത്ഥികളാണ് ഞങ്ങളുടെ സ്കൂളിലേക്ക് ക്യാമ്പിന് വന്നത്. വളരെ നല്ല മാറ്റങ്ങൾ അവർ ഞങ്ങളുടെ സ്കൂളിൽ സൃഷ്ടിച്ചു. മറ്റു കുട്ടികൾക്ക് മാതൃകയാകേണ്ട പ്രവർത്തിയാണ് അവർ ഞങ്ങളുടെ സ്കൂളിൽ ചെയ്തത്. ചുമരിൽ വിവിധ തരം ചിത്രങ്ങൾ വരച്ചു. മരങ്ങൾക്ക് തടം കെട്ടുകയും, പക്ഷികൾക്ക് വെള്ളം കുടിക്കാനുള്ള സൗകര്യം ഒരുക്കുകയും ചെയ്തു. കുട്ടികളേയും മുതിർന്നവരെയും ആകർഷിക്കുന്ന വിവിധതരം ചിത്രങ്ങൾ അവർ സ്കൂൾ ചുമരുകളിൽ വരച്ചു . അടുത്തുള്ള പുഴയും പരിസരവും ശുചിയാക്കലായിരുന്നു അവരുടെ പ്രധാന ചുമതല. അവർ ഞങ്ങളുടെ സ്കൂളും പരിസരവും ശുചിയാക്കുകയും മനോഹരമാക്കുകയും ചെയ്തു.

**********



Younus. CH

# Interesting facts about English

> 'I am' is the shortest complete sentence in the English language.

> 'Rhythm' is the longest English word without vowel.

> 'E' is the most commonly used letter in the English language .

> 'pronunciation' is the word which is most mispronounced in the English language.

> More English words begin with the letter 'S' than any other letter of the alphabet.

> The United States doesn't have an official language .

> English is the official language of the air .

> The most commonly used noun is 'time'.

> 'Bookkeeper' is the only word in English language with three consecutive Double letters.

> Only two English words in current use end in 'gry' .They are 'angry' and 'hungry' .

********



## മികവോടെ........മലയാളത്തിളക്കം


ഫർഹാന.പി 9 C

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ജില്ലയിലെ പൊതുവിദ്യാലയങ്ങളിൽ മൂന്ന മുതൽ പത്ത് വരെ പഠിക്കുന്ന എല്ലാ കുട്ടികൾക്കും അടിസ്ഥാന ഭാഷാ ശേഷി ഉറപ്പുവരുത്തുന്നതിനും കുട്ടികളുടെ വായനാ ശീലവും സർഗാത്മകയും വർധിപ്പിക്കുന്നതിനും മാസ്റ്റർ പ്ലാനിന്റെ ഭാഗമായി കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനും പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനും വേണ്ടി സമയ ബന്ധിതമായി നടപ്പിലാക്കുന്ന പരിപാടിയാണ് "മലയാളത്തിളക്കം". ഗവ:ഹൈസ്കൂൾ അഞ്ചച്ചവടിയിൽ 22-11-2018 മുതൽ മലയാളത്തിളക്കം പരിപാടി ആരംഭിച്ചു. LP,UP,HS വിഭാഗത്തെ ഒന്നിച്ചിരുത്തി സ്കൂൾ ഹെഡ്മിസ്ട്രസ് പി.ജെ എലിയാമ്മ ഉദ്ഘാടനം ചെയ്തു. ക്ലാസിലെ പ്രവർത്തനങ്ങളിൽ കുട്ടികൾ താൽപര്യത്തോടെ പങ്കെടുക്കുകയും ചാർട്ടുകൾ എഴുതി പ്രദർശിപ്പിക്കുകയും ചെയ്തു. ഇത് കുട്ടികൾക്ക് ഗുണകരമായെന്നതിന് കഴിഞ്ഞ രണ്ടു ടേം പരീക്ഷകളുടേയും മാർക്കു ലിസ്റ്റുകൾ തന്നെയാണ് സാക്ഷ്യ പത്രം.

*********

ഇർഫാന.എം

## നവംബർ 14




## ശിശുദിനം

കുട്ടികളുടെ പ്രിയപ്പെട്ട ചാച്ചാജിയുടെ ജന്മദിനം സമുചിതമായി ആചരിക്കുവാൻ തീരുമാനിച്ചു. കഴിയുന്ന എല്ലാ കുട്ടികളും വെള്ള ഡ്രസ്സിൽ തന്നെ എത്തി.തലേ ദിവസം തയ്യാറാക്കിയിരുന്ന ചാച്ചാജി തൊപ്പിയും ഒരു റോസാപൂവുമണിഞ്ഞ് കുഞ്ഞു ചാച്ചാജി മാർ എത്തിയിരുന്നു.നവംബർ 14 ന് രാവിലെ10:30 ന് പ്രത്യേക ശിശുദിന അസംബ്ലി നടന്നു.ഹെഡ് മാസ്റ്റർ ശ്രീമതി ഏലിയാമ്മ ടീച്ചർ, സീനിയർ അസിസ്റ്റന്റ് ശ്രീ അബ്ദുൽ അസീസ് സർ,സ്റ്റാഫ് സെക്രട്ടറി ശ്രീ അബ്ദുൽ കരീം സർ,എസ്.ആർ.ജി കൺവീനർ ഒ.കെ ശിവ പ്രസാദ് എന്നിവർ അസംബ്ലിയിൽ സംസാരിച്ചു. തുടർന്ന് ശിശുദിന ഗാനം ആലപിച്ചു.പ്ലക്കാർഡുകൾ കൊണ്ട് നിറഞ്ഞ കുഞ്ഞ് ചാച്ചാജിമാർ അണിനിരന്ന അസംബ്ലി വേറിട്ട അനുഭവമായിരുന്നു. ക്ലാസുകളിൽ ക്വിസ് മൽസരവും നടന്നു.

***********





ശിശു ദിനത്തോടനുബന്ധിച്ച് പ്രീ പ്രൈമറി കുട്ടികളുടെ 'ശിശു ദിന അസംബ്ലി'

# പൂമൊട്ട്



ആദൽ ഫവാസ്

ഞെട്ടറ്റു വീഴും മനങ്ങൾ
താങ്ങുവാനാരോ ഉണ്ടെന്ന -
തോന്നൽ വെറുതെയെന്നറിഞ്ഞപ്പോൾ.
കണ്ണിൽ കണ്ണുനീർ പൊടിഞ്ഞില്ല
വീറോടെ വാശിയോടെ എതിരിടാം

പെണ്ണെന്നുമൊരു കാഴ്ച്ച വസ്തുവല്ല,
വിടരാൻ കൊതിക്കും പൂമൊട്ടുകളാണ്
പെണ്ണെന്തെന്നറിഞ്ഞു ആ പൂമൊട്ടിൻ
വിലയെന്തെന്നറിഞ്ഞു നശിപ്പിക്കരുതാ-
പൂമൊട്ടിനെ......

****************



ശമൽ. കെ. പി 9A

## മോഹങ്ങൾ

സ്വപ്നങ്ങൾ സുസ്ഥിര സത്യങ്ങളല്ല,
സത്യങ്ങളോ! നിത്യ സ്വപ്നങ്ങളല്ല,

എന്നിട്ടും സ്വപ്നങ്ങൾ കാണുവാൻ മോഹം
ദു:ഖ സ്വപ്നമാവേണ്ട എന്നാശയക്കാർക്കും

സ്വപ്നങ്ങൾ കാണുന്നവർക്കാണീ! ലോകം
അതുകൊണ്ട് സ്വപ്നങ്ങൾ കാണൂ സുഹൃത്തേ!

ഒന്നുമേ നേടാതിരിക്കില്ല, കാണൂ
സ്വപ്നങ്ങളാനന്ദമാണാത്മ സുഖവും

കഷ്ടമാണെങ്കിലും ഉള്ളിൽ രചസ്വപ്ന-
ങ്ങളില്ലെങ്കിലൊക്കെയും ശൂന്യം ..

*********



ലബീബ .കെ 9 B

# പെൺ മനം

വഴിയോര മായതിനാലാരോ
പിച്ചിചീന്തിയ സൂര്യകാന്തിയെ,
ഇപ്പോൾ പെയ്യും ഈ മഴ
തേന്നൂറും വരികളാണ്
ഞാനും നീയും ചേർന്ന
എൻകഥയിലെ പെൺ മനസ്സാണ്.

അകലെനിന്നും കടന്നുവന്ന
കാറ്റിൻ ശീൽക്കാരം ആരാണ്
കവർന്നു പോയത് ?

വീറോടെ വന്ന രാത്രി മഴ
എവിടെയോ പെയ്തകന്നു
ഒളിച്ചോടി പേടിപ്പിച്ച മഴ
ഇന്നിനി വരാതിരുന്നെങ്കിൽ
ചില്ലു തുള്ളികൾ തരുന്ന
പിശുക്കൻ മഴയാണെനിക്കിഷ്ടം.

കാരണം ഞാനുമാ സൂര്യകാന്തിയും
നിന്നെ പോലെ എന്തിനെ-
യൊക്കെയോ ഭയക്കും
പെൺ മനമാണ്.
*************

# ബി.ആർ.സി വണ്ടൂർ



ആക്കിഫ് സി.ടി.9 C

കേന്ദ്ര സർക്കാരിന്റെ സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ഓഫീസ് സംവിധാനമാണ് ബി.ആർ.സി. കേരള സർക്കാറിന്റെ പൊതു വിദ്യഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സമഗ്ര ശിക്ഷാ കേരളം ആവിഷ്കരിക്കുന്ന വിവിധ പദ്ധതികൾ സ്കൂൾ തലത്തിൽ നടപ്പാക്കുന്നത് വണ്ടൂർ ബി.ആർ.സിയുടെ നേതൃത്വത്തിലാണ്. വണ്ടൂർ സബ്ജില്ലക്ക് കീഴിലെ പ്രീപ്രൈമറി മുതൽ ഹയർ സെക്കണ്ടറി തലം വരെ വരുന്ന എഴുപതോളം ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകൾ ഉൾപ്പെട്ടതാണ് ബി.ആർ.സിയുടെ പ്രവർത്തന മേഖല.

പ്രധാനമായും സ്കൂളുകളുടെ വിദ്യഭ്യാസ പുരോഗതിക്കും അക്കാദമിക മികവിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയിട്ടുള്ള പ്രവർത്തനങ്ങൾക്കാണ് ബി.ആർ.സി നേതൃത്വം നൽകുന്നത്. അധ്യാപക പരിശീലനം, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, ഭിന്നശേഷി വിദ്യാർത്ഥികളെ ലക്ഷ്യം വെച്ചുള്ള സാമൂഹിക ഉൾചേർക്കൽ വിദ്യഭ്യാസം, നൂതനാശയ പ്രവർത്തനങ്ങൾ, പഠനോപകരണ പരിപാടികൾ, എസ്.സി/എസ്.ടി വിദ്യാർത്ഥികളുടെ പഠന പുരോഗതി തുടങ്ങിയ ഇരുപതോളം ഇന്റർവെർഷനുകൾ ഓരോ അക്കാദമിക വർഷവും ബി.ആർ.സിക്ക് കീഴിൽ നടപ്പിലാക്കി വരുന്നു.

***********

ചിങ്ങ്-2019

# ശ്രീ മലയാളം തമ്പുരാൻ ക്ഷേത്രം.

വിശാഖ്.സി

നിലവിലുള്ളക്ഷേത്ര ഐതിഹ്യങ്ങൾ അരിച്ചുപെറുക്കി പരിശോധിച്ചാലും കഴിയാത്ത ഒരു കാര്യമാണ് 'മലയാളം തമ്പുരാൻ' എന്ന നാമധേയം. അതായത് സാധാരണ കാര്യം ദൈവങ്ങളറിയപ്പെടുന്നത് ഓരോ കുടുംബത്തിന്റെയും, തറവാടിന്റേയും പേരിലാണ്. എന്നാൽ ഒരു സംസ്ഥാനത്തിന്റെ മാതൃഭാഷയുടേയും പേരിലറിയ പെടുന്ന ഏക ദൈവമാണ് മലയാളം തമ്പുരാൻ. മാത്രമല്ല കേരളത്തിലും, പുറത്തും അറിയപ്പെടുന്ന 'ചോറ്റാനിക്കര ഭഗവതി'യുൾപ്പെടെ പത്തോളം ക്ഷേത്രങ്ങളുടെ ഐതിഹ്യം പരിശോധിച്ചാൽ ആ ദൈവങ്ങളെല്ലാം തന്നെ ആദ്യം പ്രത്യക്ഷപ്പെട്ടത് ഇന്ന് ദളിതർ, എന്ന പേരിലറിയപ്പെടുന്ന അവശ ജനവിഭാഗങ്ങളുടെ മുമ്പിലാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. എന്നാൽ മേൽ പറഞ്ഞ ചോറ്റാനിക്കര അമ്മ മുതൽ "പറശ്ശിനിക്കടവ് മുത്തപ്പൻ" വരെ ഇന്ന് ദള്ത് വിഭാഗത്തിന് ഒരു വിധ അവകാശങ്ങളും, അധികാരങ്ങളും ഇല്ലാത്ത നിലയിലാണ് പ്രവർത്തിച്ചുവരുന്നതെന്ന് മലയാളിക്ക് നേരിട്ട് ബോധ്യപ്പെടുന്ന കാര്യമാണ്. മേൽ ജാതി വിഭാഗത്തിലുള്ളവർ കൈവശപ്പെടുത്താൻ ശ്രമിച്ചിട്ട് നടക്കാതെ അവശ വിഭാഗത്തിന്റെയടുത്ത് വന്നു ചേരുകയും ഇന്നും അവരുടെ കൈവശത്തിൽ തന്നെ നിലനിൽക്കുകയും ചെയ്യുന്ന എന്നതാണ് മലയാളം തമ്പുരാന്റെ പ്രത്യേകത.

**തമ്പുരാന്റെ ഐതിഹ്യങ്ങൾ**

ശിവന്റെ പുത്രനായ കടിഞ്ചീരി മലയുടെ നെറുകയിലാണ് ഉൽഭവം. അവിടെ വെച്ച് ഉദയവും അസ്തമയവും കണ്ട മലയാളം തമ്പുരാൻ അവിടെനിന്നും പടിഞ്ഞാറുഭാഗത്തേക്കിറങ്ങി. മഞ്ഞപ്പെട്ടി എന്നുപറയുന്ന സ്ഥലത്താണ് ആദ്യം എത്തിയത്.അവിടെവെച്ച് കുന്നാഞ്ചേരി കുറിപ്പ്, തമ്പുരാൻ അവശ്യപെടുന്നത്കൊടുകാം എന്ന് പറഞ്ഞെങ്കിലും, നിങ്ങളുടെ ആതിഥ്യം സ്വീകരിച്ച് അവിടെ ഇരിക്കാൻ തയ്യാറല്ലെന്ന് പറഞ്ഞു പിരിഞ്ഞു. ആ യാത്രയിൽ പിന്നെ കണ്ടത് തായ്യോട്ട് പണിക്കാരാണ്. നേരത്തെ പറഞ്ഞു പോലെ അദ്ദേഹത്തിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ആകുന്ന വിധത്തിൽ സംരക്ഷിക്കാമെന്ന് തയ്യോട്ട് പണിക്കർ പറഞ്ഞെങ്കിലും മലയാളം തമ്പുരാൻ അത് സ്വീകരിച്ചില്ല. വീണ്ടും തമ്പുരാൻ പരിവാര സഹിതം നീങ്ങുന്ന വേളയിൽ പിന്നെ കാണുന്നത് മണിയാണി നായരാണ്. മുകളിൽ പറഞ്ഞ കുന്നാംഞ്ചേരി കുറുപ്പും, തായ്യോട്ട് പണിക്കരും വെച്ച നിർദ്ദേശത്തിന് സമാനമായ നിർദ്ദേശം മണിയാണി നായരും മുന്നോട്ട് വെച്ചെങ്കിലും തമ്പുരാനിഷ്ടപ്പെട്ടില്ല.

ആ യാത്രയിൽ പിന്നെ കണ്ടതും അവസാനത്തേതുമായ മഹാൻ 'പരിയാങ്ങട്ടത്ത്ൻ'എന്ന് ഞങ്ങൾ പറയുന്ന ഹസ്സനാണ്. പരിയംങ്ങാട്ട് ഹസ്സനുമായുള്ള സംഭാഷണത്തിലാണ് മലയാളം തമ്പുരാന്റെ സ്ഥിര വാസത്തിനും,നിത്യ പൂജയ്ക്കും ഇടയായ നടപടി പൂർത്തിയാകുന്നത്. ജാതി മത വ്യത്യാസമില്ലാതെ പൂജാകർമ്മങ്ങൾ ചെയ്യുവാനും സാധിക്കുന്നു. ഇങ്ങനെ ജാതിമത വ്യത്യാസമില്ലാതെ ആരാധന നടത്താനുള്ള ക്ഷേത്രങ്ങളിൽ വിരലിലെണ്ണാവുന്നവയിൽ ഒന്നാണ് ഈ ശ്രീ മലയാളം തമ്പുരാൻ ക്ഷേത്രം.

**********






ന

ആഗസ്റ്റ് 6 ഹിരോഷിമ ദിനാചരണം



## വിജ്ഞാന കൗതുകം

സുചിത്ര ടീച്ചർ

- ടരാന്റുല എന്ന ചിലന്തി ഭക്ഷണം കഴിക്കാതെ രണ്ടര വർഷം ജീവിക്കുമെത്രെ !
- മത്സ്യങ്ങളുടെ ചെവികൾ ശരീരത്തിനുള്ളിലാണെത്രെ സ്ഥിതി ചെയ്യുന്നത് !
- ചിലയിനം കൊറ്റികൾ കണ്ണീർ വാതകം പ്രയോഗിക്കാറുണ്ടത്രെ !
- അമേരിക്കയിൽ കാണപ്പെടുന്ന ഷ്യൂ എന്ന ജീവിക്ക് വെള്ളത്തിന് മുകളിലൂടെ നടക്കാൻ കഴിയുമെത്രെ !
- പല്ലികളുടെ പാദങ്ങൾക്കിടയിലെ അതി സൂക്ഷ്മങ്ങളായ രോമങ്ങൾ ആണ് അവയെചുമരിൽ നടക്കാൻ സഹായിക്കുന്നത്
- ജഗ്വാർ പുലികൾ ചൂണ്ടയിട്ട് മീൻ പിടിക്കാറുണ്ടത്രെ
- പാവകൾ സംസാരിക്കുന്നതായി തോന്നിപ്പിന്ന കലയാണ് വെൻട്രിലോക്വിസം
- പ്രോട്ടോപ്റ്ററസ് എന്ന ഒരിനം മത്സ്യം മണ്ണിനടിയിൽ ആണ് കാണപ്പെടുന്നത്

**********



# القَضَاءُ

استاذ عبد الكريم

قَضَائُكَ مَحْتُومٌ وَعَبْدُكَ طَائِعٌ    لَكَ الْحَمْدُ فِيمَا أَنْتَ مُعْطٍ وَمَانِعُ
إِذَا حلَّ دَاءٌ فِي فِنَاءِ بُيُوتِنَا    فَأنَّاعَبِيدٌ لِلْأَطِبَّاءِ خُضَّعُ
فَأَدْنَيْتُ أَثْقَالَ الْأَمَانِيِّ بُرْهَةً    وَأَكْثَرُ أَحْلَامِ الرِّجَالِ لَضَائِعُ
تكَلَّفْتُ فِي كَفِّ الدُّمُوعِ تَجَمُّلاَ    إِذِ الْعَيْنُ تَابَاهَا تَنْصُبُ وَتَجْمُعُ
خُلِقْتُ رَقِيقَ الْقَلْبِ كَالثَّلْجِ ذَائِبَا    وَكَالْمَاءِ سَيَّالاً عَلَى الْكَرْبِ أَجْزَعُ
فَأَرْسَيْتُ آمَالِي بِشَطِّ الْحَقِيقَةِ    وَكُنْتُ أَرَى طَلْقًا وَلَوْ أَتَصَنَّعُ
وَأَثْقَلَنِي هَمِّي عَلَى هَمِّ أُمِّهِ    كَأَنِّي عَلَى النَّاسِ وَالْهَمُّ أَجْمَعُ
وَلَكِنَّ إِنْسَانًا يُوَسْوِسُ دَاخِلِي    عَوَاطِفُهُ حَتَّى أُطِيعُ وَأَسْمَعُ
شَكَوْتُ إِلَى الْمَوْلَى الْوَسِيعِ جَنَابُهُ    شِكَايَةَ مَقْهُورٍ مِنَ الْكَرْبِ يَفْجَعُ
فَنَفَّسْتُ عَنِّي كَرْبَتِي بَعْدَ هَوْلِهَا    فَصِرْتُ إِلَى مَهْدِ السَّلَامَةِ أَرْجِعُ
أَيَا حَبَّةَ الْقَلْبِ الْحَنُونِ وَمَاءَهُ    كَفَا بِكَ نَجْمًا فِي فُؤَادِي يَلْمَعُ
أَرَى لَكَ آفَاقًا تُنِيرُ سَمَائَهَا    مُسْتَقْبِلاً سَعْدًا مِنَ الْعَيْشِ رَائِعُ
فَسِرْ سِيرَةَ الأَحْلَامِ وَاخْتَرْ طَرِيقَهُمْ    طَرِيقُهُمْ أَهْدَى وَأَتْقَى وَأَنْفَعُ
سَقَاكَ إِلَهُ الْخَلْقِ مِنْ خَيْرِ مَنْهَلٍ    عَلَى كُلِّ بَلْجَاتٍ مِنَ الْعَيْشِ يَسْطَعُ

അബ്ദുൽകരീം.പി.ഒ

# മാലാഖമാർ

തെസ്നി മോൾ

സ്വപ്നം കണ്ടു
കിടന്നതിനിടെ
മാലാഖമാർ വന്ന്
ആകാശത്തേക്ക്
ആനയിച്ചു
മുത്തുകൾ പതിച്ച
കൊട്ടാരത്തിൽ
കൊണ്ടുപോയിരുത്ത
നയന വിസ്മയം തീർത്ത
കിരീടമണിയിച്ചു
കഴുത്തിൽ
തിളങ്ങുന്ന
മാലയിട്ടു
കൊട്ടാരത്തിനരികിലൂടെ
തെളിഞ്ഞ
ചില്ലു പോലെത്ത
നദിയൊഴുക്കി
ഒരു മാലാഖ
വന്നെന്നെ
മെത്തയിലേക്ക് ക്ഷണിച്ചു
കള്ള് തന്ന്
മയക്കിയെടുത്തു
കൊട്ടാരത്തിന്റെ
മുകളിൽവെച്ചു

*********

# തീരം തിരയായി

റിൻഷ കെ.ടി

എങ്ങോമറഞ്ഞു എൻ സ്വപനങ്ങൾ,
എങ്ങോമറഞ്ഞു എൻ സന്തോഷം.
ഞാൻ കൺ തുറക്കവേ
എങ്ങു മറഞ്ഞു വെൻ തീരം.
എൻ കൊച്ചുകുടിലും വഞ്ചിയും മറഞ്ഞുപോയ്
തീരം തിരയായി മറഞ്ഞുപോയ്.
എൻ സ്വപ്നത്തിൻ ചിറകിതൾ ഒടിഞ്ഞുപോയ്
കൊച്ചു തിരയിൽ ഞാൻ ഒഴുകിപ്പോയ്.
കടലമ്മ തൻ ശോഭയിൽ തീരം മറഞ്ഞുപോയ്
നിൻ നിലാവിൽ എത്ര സുന്ദരമാം എൻതീരം.
സൂര്യരശ്മികൾ ഭൂമിയിൽ പതിക്കവെ
എങ്ങോ മായയായ് എൻ തീരം.
കാറ്റ് എൻ തീരത്തെകൊണ്ടു പറന്നുപോയ്.
അന്നേരം കടൽവക്കിൽ തൻ കൺകൾ ചുടുചോലയായി
മക്കൾ തൻ ജീവിതം കരിനിഴലായ് മറഞ്ഞു.
ദു:ഖത്തിൽ കാർമേഘം പറന്നുവന്നു
കാറ്റിൽ ചിറകിൽ കയറി നമ്മൾ പറന്നുയർന്നു.
അലതല്ലിവരുന്ന തിരയേയും നോക്കി
തീരമിതാ ചുടുകണ്ണീർ പൊഴിക്കുന്നു.
ഒട്ടും അല്ലലില്ലാതെ തിര തീരത്തെ വിഴുങ്ങുന്നു
മണൽ തിട്ടകൾ കണ്ണീരിൽ മുങ്ങുന്നു.
ഒരു തെളിവും ബാക്കിയാക്കാതെ
തീരം തീരത്തെ കൊന്നൊടുക്കുന്നു.
മൗനമായി കണ്ണീർവാർക്കുകയല്ലാതെ
മറ്റെന്തിനി ചെയ്യും ഞാൻ.
മിന്നാമിനുങ്ങിൻ പ്രഭപോലും ഇല്ലാതെ
തീരം ഇരുട്ടിൽ ആണ്ടുപോകവേ
എങ്ങുനിന്നോ ഒരു നിലവിളി ഉയരുന്നു.
വിണ്ണിൽ പേമാരി പൊഴിയുന്നു.



# പ്രകൃതി ദുരന്തവും യുവതലമുറയും

അന്ന നസ്രി 10 C

ഇന്ന് നമ്മുടെ പ്രകൃതി ദുരന്തമനുഭവിച്ച് കൊണ്ടിരിക്കുകയാണ്. കുന്നിടിക്കൽ ,മരം മുറിക്കൽ മണൽ വാരൽ ഇവയൊക്കെയാണ് പ്രകൃതി ദുരന്തത്തിന് കാരണം . പുതു തലമുറയ്ക്ക് ഇതിനെ കുറിച്ച് യാതൊരു അറിവുമില്ല. ഈ അടുത്ത് കേരളത്തിൽ നടന്ന ഒരു സംഭവമാണ് കനത്ത മഴ. നഗരങ്ങളിലും കൊച്ചുഗ്രാമങ്ങളിലുമൊക്കെ വെള്ളം ഉയർന്ന് പൊങ്ങി. എന്തു ചെയ്യണമെന്ന് അറിയാതെ ജനങ്ങൾ നിലവിളിച്ചു. അന്യർക്ക് താങ്ങായി ജീവൻ പണയം വെച്ച് ആളുകളെ രക്ഷിച്ചു. ഒരു പാടുപേർ മരണത്തിന് കീഴങ്ങി.ചെറുതും വലുതുമായ കെട്ടിടങ്ങൾ തകർന്നു. കോടികണക്കിന് രൂപ കേരളത്തിന് നഷ്ടം വന്നു. എന്നാലും ആരും തളരാതെ ആ വലിയ പ്രളയത്തെ കേരളം അതിജീവിച്ചു. ഇതുപോലെ ഉള്ളതിനെ അതിജീവിക്കണമെങ്കിൽ ആത്മധൈര്യവും മനഃശാന്തിയും വേണം. യുവ തലമുറയ്ക്ക് നീന്തലറിയില്ല, മേലനങ്ങിയുള്ള ഒരു കാര്യവും അറിയില്ല. അങ്ങനെ ഒന്നും അറിയില്ലെങ്കിൽ ഇതുപോലെയുള്ള ദുരന്തങ്ങളെ അതിജീവിക്കാൻ കഴിയില്ല. യുവതലമുറയിലെ പൗരൻമാർക്ക് ഇതിനെ കുറിച്ച് യാതൊരു ചിന്തയുമില്ല. സ്കൂളിലും മറ്റു സ്ഥാപനങ്ങളിലും വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ് നൽകണം . പ്രകൃതിയെ നശിപ്പിക്കാൻ ശ്രമിക്കുന്നവർക്ക് കഠിനമായ ശിക്ഷ നൽകുകയും വേണം.

***********

# വിദ്യാഭ്യാസ കാര്യങ്ങളിൽ മദ്രസയും സ്കൂളും

മുബഷിർ.വി

സാധാരണ പോലെ ഓത്തുപള്ളിയിലായിരിക്കാം. പക്ഷെ അതിനൊരു രൂപവും ഘടനയും കൈവന്നപ്പോൾ പരിയങ്ങാട് എലിമെന്ററി സ്കൂളിന്റെ സുരക്ഷിത സ്കൂളിന്റേയും മദ്രസ്സയുടേയും ലക്ഷ്യം ഒന്ന് തന്നെയാണെങ്കിലും അവയുടെ മാർഗങ്ങൾ എപ്പോഴും വ്യത്യസ്തമായിരുന്നു. ഒരേ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ ഒന്നിച്ചും സഹകരിച്ചും എന്നാൽ സ്വന്തം സ്വത്വം നിലനിർത്തിയുംതന്നെയാണ് മുന്നോട്ട് പോയതും പോയ്ക്കൊണ്ടിരിക്കുന്നതും. അഞ്ചച്ചവടി മദ്രസ്സാരംഭം സാധാരണ പോലെ ഓത്തുപള്ളിയിലായിരിക്കാം. പക്ഷെ അതിനൊരു രൂപവും ഘടനയും കൈവന്നപ്പോൾ പരിയങ്ങാട് എലിമെന്ററി സ്കൂളിന്റെ സുരക്ഷിത മേൽക്കൂരയ്ക്ക് കീഴിലായിരുന്നു.സ്കൂളധ്യാപകരിൽ ചിലർ മദ്രസ്സാ അധ്യാപകരുമായിരുന്നു. വിദ്യാർഥികളും അങ്ങനെതന്നെ യായിരുന്നു.

മദ്രസ്സക്ക് സ്ഥിരം കെട്ടിടവും സൗകര്യങ്ങളും ഒരുങ്ങുന്ന 1953 വരെയുള്ള കാൽനൂറ്റാണ്ട് കാലം ആങ്ങളയും പെങ്ങളും ഒരേ വീട്ടിലാണെന്ന് പറയാം. ഇന്നും നല്ല സഹോദര ബന്ധം സൂക്ഷിക്കുന്ന ഇവരുടെ സഹകരണമില്ലാതെ ഈ പ്രദേശത്തിനും സ്ഥാപനങ്ങൾക്കും വികസനമുണ്ടായിട്ടില്ല. സ്കൂൾ ജീർണിച്ച കാലത്ത് അഭയം നൽകി സ്വീകരിച്ചത് മദ്രസ്സയായിരുന്നു. വാടക കെട്ടിടത്തിൽ ആയിരുന്ന എൽ.പി.സ്കൂളിനെ യു.പി.സ്കൂളായി അപ്ഗ്രേഡ് ചെയ്തപ്പോൾ ആവശ്യമായ ഭൂമി അഥവാ ഇന്ന് സ്കൂൾ നിൽക്കുന്ന സ്ഥലം നൽകിയത് അഞ്ചച്ചവടി മദ്രസ്സയുടെ സഹോദര സ്നേഹം മാത്രമായിരുന്നു. ഈ ഇടപാടിൽ കെ.ടി.ഹൈദ്രുഹാജിയുടെ വ്യക്തിപരമായ ത്യാഗവും അനുസ്മരിക്കേണ്ടതാണ്. ഭൂമി ഗവർണറുടെ പേരിൽ രജിസ്റ്റർചെയ്ത് കൈമാറിയെങ്കിലും ഉദാരനിരക്കിൽ വില കണക്കാക്കിയിട്ടും വിലകൊടുത്തു തീർത്തത് 2004 ൽ ആണ്. അതായത് കൃത്യം 20 വർഷത്തിനു ശേഷം,.

1984 മുതൽ യു.പി.വിഭാഗം മുഴുവനും പ്രവർത്തിച്ചത് മദ്രസ്സയിലായിരുന്നു. ഇത് ഭാഗികമായാണെങ്കിലും 2000 വരെ തുടർന്നു. ചില പരിഭവങ്ങളോടെയാണെങ്കിലും ഞങ്ങൾ കൂടെ പിറപ്പുകളാണെന്നത് തന്നെയാണ് ഇതിനു കാരണം. ഇപ്പോഴും എല്ലാ അധ്യയന വർഷത്തിലും അഞ്ചച്ചവടി മദ്രസ്സയുടെ കാരുണ്യം ആദ്യ മാസങ്ങളിലെങ്കിലും സ്വീകരിച്ചേ സ്കൂളിന് മുന്നോട്ട് പോകാൻ കഴിയൂ. മദ്രസ്സയും സ്കൂളും അടുത്തടുത്ത് സ്ഥിതി ചെയ്യുന്നതും സഹകരിച്ചു പോകുന്നതും മദ്രസ്സ കമ്മറ്റിയിലെ പ്രത്യുൽപ്പന്നമതികളുടെ വിദ്യഭ്യാസ വീക്ഷണവും നാട്ടുകാരുടെ പൂർണ്ണസഹകരണവും കൊണ്ടുതന്നെയാണ്.

മധ്യ തിരുവിതാംകൂറിൽനിന്ന് വന്ന പല അധ്യാപകരും ശ്ളാഘനീയമായ ഈ സഹോദര്യബന്ധത്തെ അത്ഭുതത്തോടെയാണ് നോക്കിക്കണ്ടത്. സ്കൂളും മദ്രസ്സയും തമ്മിലുള്ള ഈ ബന്ധം ലാഭ നഷ്ടത്തിന്റെ കണ്ണിലൂടെയോ സങ്കുചിത ചിന്തയോടെയോ ഈ നാട്ടുകാരും ഇവിടെ വന്ന അധ്യാപകരും കണ്ടിട്ടില്ല. ഈ നില തുടരുന്നതിന് ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും പ്രസ്താവിക്കട്ടെ.....

***********



आरिया सी पी 6A

# हमारी **प्रकृति**

हमारा जीवन अमूल्य है

वन हमारा प्राण है

पेड हमारा प्राण है

नदी  हमारा प्राण है
हमारा जीवन अमूल्य है

मनुष्य जीवन प्रकृति का
वरदान है

प्रकृति का बचाओ
हमारा जीवन बचाओ
मत करो न काटो पेड-पौधो
बचाओ अपनी नदियाँ

अपनी प्रकृति को बचाओ
हमारा भविष्य सुन्दर बनाओ
भविष्य में हम नव जीवन लाएँ।

******

# 2017-2018 അധ്യായന വർഷത്തിൽ മുഴുവൻ വിഷയങ്ങൾക്കും എപ്ലസ് നേടിയവർ















2018-19 വർഷത്തെ ഉപജില്ല ശാസ്ത്രോത്സവത്തിൽ വിവിധ ഗ്രേഡ് ലഭിച്ചവർ





## വണ്ടൂർ ഉപജില്ല അറബി കലോത്സവം വിജയികൾ



വ്യക്തിഗത ചമ്പ്യൻമാർ - സ്പോർട്സ്



ഗണിത, പ്രവൃത്തി പരിചയ മേളവിജയികൾ



വണ്ടൂർ ഉപജില്ലാ കലോത്സവത്തിൽ എ ഗ്രേഡ് നേടിയ ടീം അഞ്ചച്ചവടി

## ഒക്ടോബർ 16 : ലോക ഭക്ഷ്യദിനത്തോടനുബന്ധിച്ച് സ്കൂളിൽ നടന്ന ഭക്ഷ്യമേളയുടെ വിവിധ ദൃശ്യങ്ങൾ










'**ചില്ല്**'ന്റെ അണിയറയിൽ പ്രവർത്തിച്ചവർ പ്രധാനാദ്ധ്യാപികയോടൊപ്പം

# റിപ്പോർട്ട്

മുഹമ്മദ് അർഷൻ കെ.ടി

(ലിറ്റിൽ കൈറ്റ്സ് ലീഡർ)

2018 ൽ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് എന്ന സംരംഭം വളരെ നല്ല രീതിയിൽ മുന്നോട്ട് പോകുന്നു. ഈ സംരംഭം ഞങ്ങൾക്ക് കമ്പ്യൂട്ടറിനെ കുറിച്ച് വ്യക്തമായ ഒരു ധാരണ നൽകുകയും കമ്പ്യൂട്ടറിലെ പല മേഖലകളെയും പരിചയപ്പെടുത്തിത്തരുകയും ചെയ്തു. ഗ്രാഫിക്സ് & അനിമേഷൻ, മലയാളം കമ്പ്യൂട്ടിങ് & ഇന്റെർനെറ്റ്, സ്ക്രാച്ച്, മൊബൈൽ ആപ്പ്, പ്രോഗ്രാമിങ്, ഇലക്ട്രോണിക്സ്, ഹാർഡ്‌വെയർ, റോബോട്ടിക്സ് എന്നിവയെക്കുറിച്ച് കൂടുതൽ അറിയാൻ സാധിച്ചു.

ഇതിന്റെ ഭാഗമായി പല ക്യാമ്പുകളിലും പങ്കെടുത്തു അതിൽ നിന്നെല്ലാം വ്യത്യസ്തമായൊരു ക്യാമ്പായിരുന്നു ഡി എസ് എൽ ആർ ക്യാമറ ക്യാമ്പ്. ഒരു ഫോട്ടോ ക്യാമറയിൽ എങ്ങനെ വീഡിയോ എടുക്കാം എന്നും എടുത്ത വീഡിയോ എങ്ങനെ എഡിറ്റ് ചെയ്യാം എന്നിങ്ങനെയുള്ള കാര്യങ്ങളെ കുറച്ചുള്ള രണ്ട് ദിവസത്തെ ക്യാമ്പായരുന്നു അത്. ഈക്യാമ്പ് ഞങ്ങൾക്ക് വളരെ ഏറെ ഉപകാരപ്രദമായിരുന്നു .പഠിച്ച കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ചില്ല് എന്ന ഇ-മാഗസിൻ പുറത്തിറക്കുന്നതിന് സഹായിച്ച എലാവർക്കും നന്ദി.



ജൂനിയർ ഫുട്ബോൾ ടീം ,കായികാധ്യാപകൻ ശ്രീ.രജീഷ് മാസ്റ്ററോടൊപ്പം







ഫിദ ഫാത്തിമ LKG  ലാവണ്യ LKG  ലമയ UKG

CAPE അഖിലകേരളാടിസ്ഥാനത്തിൽ നടത്തിയ സൂപ്പർകിഡ് മത്സരത്തിൽ ഫൈവ്സ്റ്റാർ,ത്രിസ്റ്റാർ അവാർഡ് ലഭിച്ച പ്രീപ്രൈമറി വിദ്യാർത്ഥികൾ



സ്റ്റാഫ് ഫോട്ടോ 2018-2019



# പിൻകുറിപ്പ്

പിന്നിട്ട താളുകളിലൂടെ,

വാക്കുകളുടെ അകവും പുറവും കണ്ട്........
തൂലികതുമ്പിലെ നിറങ്ങൾ തുടികൊട്ടുന്നതും........
വിരൽ തുമ്പിൽ പിടയുന്ന ഹൃദയമുദ്രകൾ നിരന്നതും.......
**'ചില്ലി'**ന്റെ തിളക്കത്താൽ വിസ്മയിച്ച്..........
മൂർച്ചയുള്ള ചിന്തകൾ ഉൾക്കൊണ്ട്.........
ഞങ്ങളുടെ
സ്വപ്നസാക്ഷാത്ക്കാരത്തിന്റെ കിരണങ്ങൾക്ക് മിഴിവേകിയവർക്ക്........
ഈ സഞ്ചാരപഥത്തിൽ കൈപിടിച്ച് നടത്തിയവർക്ക്......
സ്നേഹ സമ്പന്നരായ വിദ്യാർത്ഥി ഹൃദയങ്ങൾക്ക്........
പകലിനെ അറിവിന്റെ മഷിക്കൂട്ടുകൾ നിരത്തി **'ചില്ലി'**ന് ചമയം നൽകിയ
എന്റെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്ക്........
ആരെയും, വിസ്മരിക്കുന്നില്ല.........
ഹൃദയത്തോട് ചേർത്ത്.........
നന്ദി..........

സ്റ്റാഫ് എഡിറ്റർ
സഫിയാ ബീവി


ഇത് ഒടുക്കമല്ല, അവസരങ്ങളുടെ തുടക്കമാണ്.......

